# കുമാരനാശാൻ

# വീണപൂവ്

അവതാരിക: പ്രൊഫ: എൻ: കൃഷ്ണപിള്ള



SAHITYA PRAVARTHAKA C.S. LTD. KOTTAYAM

Digitized By Kerala Sahitya Akademi

# വീണപൂവ്

Digitized By Kerala Sahitya Akademi

(Malayalam)
Veena Poovu
Poem

By N. KUMARAN ASAN

First S. P. C. S. Edition April 1976

PRINTED AT INDIA PRESS, KOTTAYAM

Price Rs. 1·50

Publishers:
Sahitya Pravarthaka Co-operative
Society Ltd.,. Kottayam, Kerala State. India

Sales Department:
NATIONAL BOOK STALL
KOTTAYAM - TRIVANDRUM - ERNAKULAM - CANNANORE
TRICHUR - PALGHAT - QUILON - KOZHIKODE - ALLEPPEY

Digitized By Kerala Sahitya Akademi

# വീണപൂവ്

(കവിത)

എൻ. കുമാരൻ ആശാൻ

അവതാരിക

പ്രൊഫ. എൻ. കൃഷ്ണപിള്ള

പ്രസാധകന്മാർ

സാഹിത്യപ്രവർത്തക സഹകരണസംഘം

---

നാഷനൽ ബുക്ക്സ്റ്റാൾ

കോട്ടയം

വില ക. 1·50

Digitized By Kerala Sahitya Akademi

## എൻ. കുമാരൻ ആശാൻെറ കൃതികൾ

| | |
|---|---|
| വീണപൂവ് | (പദ്യം) |
| സൗന്ദര്യലഹരി | ,, |
| ഒരു സിംഹപ്രസവം | ,, |
| നളിനി | ,, |
| ലീല | ,, |
| ബാലരാമായണം | ,, |
| ശ്രീബുദ്ധചരിതം | ,, |
| ഗ്രാമവൃക്ഷത്തിലെ കുയിൽ | ,, |
| പ്രരോദനം | ,, |
| ചിന്താവിഷ്ടയായ സീത | ,, |
| പുഷ്പവാടി | ,, |
| ദുരവസ്ഥ | ,, |
| ചണ്ഡാലഭിക്ഷുകി | ,, |
| കരുണ | ,, |
| മണിമാല | ,, |
| വനമാല | ,, |
| സ്തോത്രകൃതികൾ | ,, |
| പ്രബോധചന്ദ്രോദയം | (നാടകം) |
| വിചിത്രവിജയം | ,, |
| രാജയോഗം | (ഗദ്യം) |
| മൈത്രേയി | ,, |
| ഒരു ദൈവീകമായ പ്രതികാരം | ,, |
| മനശ്ശക്തി | ,, |
| മനപരിവർത്തനരസവാദം | ,, |
| നിരൂപണങ്ങൾ | ,, |
| സമ്പൂർണ്ണകൃതികൾ—I | (പദ്യകൃതികൾ) |
| സമ്പൂർണ്ണകൃതികൾ—II | (പദ്യവും നാടകങ്ങളും) |

S3203 B2095 99/75–76 1–5000 BP 107

Digitized By Kerala Sahitya Akademi

# ആശാൻകവിതയ്ക്കൊരാമുഖം

## പുതിയൊരു പൂക്കാലം

ക്രിസ്തുവർഷം 1907-ാമാണ്ടിന്റെ അന്ത്യപാദത്തിൽ 'വീണപൂവ്' എന്ന മനോഹരഭാവകാവ്യം രചിച്ചതോടെയാണു് കുമാരനാശാൻ തന്റെ സാഹിത്യവ്യവസായത്തിന്റെയും മലയാളകവിതയുടെയും ചരിത്രത്തിൽ നിതാന്തഭാസുരമായ ഒരു നൂതനാധ്യായം സമാരംഭിച്ചതു്. അക്കാലത്തു് മുപ്പത്തിയഞ്ചുവയസ്സ് പ്രായമുണ്ടായിരുന്ന ആശാനെ മഹാകവിപദത്തിനർഹനാക്കുന്ന എല്ലാ കൃതികളും നിർമ്മിക്കപ്പെട്ടതു്, അന്നുതൊട്ടു് 1924 ജനവരിയിൽ അദ്ദേഹം ഒരു ബോട്ടപകടത്തിൽപ്പെട്ടു് ചരമമടഞ്ഞതുവരെയുള്ള പതിനാറു സംവത്സരത്തിനകമാണു്. ഹ്രസ്വമെങ്കിലും അവിസ്മരണീയമായ ഈ കാലഘട്ടത്തിലത്രെ അഭിനവവും ശ്രദ്ധാർഹവുമായ ഒരു കാല്പനികകവിതാപ്രസ്ഥാനം മലയാളത്തിൽ തഴച്ചുവളന്നു പുഷ്ടിച്ചതു്. ഭാരതീയസാഹിത്യങ്ങളിലാകമാനമുണ്ടായ ഒരു ഗംഭീരപരിവർത്തനത്തിന്റെ അംശമായിരുന്നു അതു്. മിക്കവാറും ഒഴുക്കുനിലച്ചു് കെട്ടിക്കിടന്നഴുകിയ ഏതദ്ദേശീയ സാഹിത്യങ്ങൾക്കു വീണ്ടും പരന്നു പാഞ്ഞൊഴുകാൻ ചാലു കീറിക്കൊടുത്ത ഈ മഹാസംഭവത്തിനു കാരണങ്ങൾ പലതുണ്ടെങ്കിലും, ആംഗ്ലേയസാഹിത്യത്തിലെ റൊമാന്റിക്കാവ്യങ്ങളിൽനിന്നു് നമ്മുടെ കവികൾക്കു ലഭിച്ച അത്ഭുതപൂർവ്വമായ അനുഭവസമ്പത്തിനാണു് അവയിൽ പ്രഥമസ്ഥാനം നല്കേണ്ടതു്. പലകൈമറിഞ്ഞു കിട്ടുന്ന കാവ്യവിഷയങ്ങളുടെയും കേവലം യാന്ത്രികമായ ആവർത്തനംനിമിത്തം കാന്തിയും മൂല്യവും നശിച്ച രചനാസങ്കേതങ്ങളുടെയും ചങ്ങലക്കെട്ടുകൾ പൊട്ടിച്ചു് സ്വച്ഛന്ദവിഹാരം ചെയ്യുന്ന കവിഭാവന, ഭാവസാന്ദ്രമായ കവിഹൃദയം ചൊരിയുന്ന സുവർണ്ണപ്രഭാരശ്മികളേറ്റു് ക്ഷുദ്രങ്ങളായ ലോകസത്യങ്ങൾപോലും പുനർജ്ജന്മസിദ്ധിയാലെന്നപോലെ കൈവരിക്കുന്ന ആത്മാവർജ്ജകമായ അഭിരാമത, മറ്റെന്തിലുമുപരി കവിയുടെ ആഭ്യന്തരാനുഭൂതിപ്രകാശനമാണു് പരമമായ കാവ്യധർമ്മമെന്ന അചഞ്ചലവിശ്വാസം ഇവയാണു് പ്രസ്തുത പ്രസ്ഥാനത്തിന്റെ കാതലായ സവിശേഷതകൾ. ഉൾക്കൊള്ളുന്നതെന്തും നവഭാവബന്ധുരമായി, ചൈതന്യനിർഭരമായി, അന്തരാത്മാവിലാഞ്ഞിറങ്ങുംപടി, ആവിഷ്കരിക്കുമ്പോൾ മാത്രമേ കാല്പനികപ്രതിഭ കൃതാർത്ഥമാവുകയുള്ളു. ക്ലാസ്സിസിസത്തിന്റെ വ്യവസ്ഥിതിപാലനനിഷ്കർഷവും റിയലിസത്തിന്റെ പ്രകൃത്യനുകരണക്കമ്പവും ഒരുപോലെ ഉപേക്ഷിച്ചു്, സ്വതന്ത്രസുന്ദരങ്ങളായ സ്വപ്നമണ്ഡലങ്ങൾ ആരചിക്കാൻ വെമ്പുന്നവനാണു

Digitized By Kerala Sahitya Akademi

കാല്പനികകവി. മേല്പറഞ്ഞ പതിനാറുവർഷത്തിനകം ആശാൻ എഴുതിയ വീണപൂവ് (1907), സിംഹപ്രസവം (1909), നളിനി (1911), ലീല (1914), ശ്രീബുദ്ധചരിതം (1903—1924), ബാലരാമായണം (1916), ഗ്രാമവൃക്ഷത്തിലെ കുയിൽ (1918), പ്രരോദനം (1918), ചിന്താവിഷ്ടയായ സീത (1919), ദുരവസ്ഥ (1922), ചണ്ഡാലഭിക്ഷുകി (1923), കരുണ (1923) എന്നീ പ്രമുഖ കൃതികളും മററു ചില ലഘുകവനങ്ങളും മലയാളത്തിൽ ഇത്തരമൊരു കാവ്യപ്രസ്ഥാനത്തിന്റെ ഭദ്രപ്രതിഷ്ഠയ്ക്കു പ്രയോജകീഭവിച്ചു. ഇതേ കാലഘട്ടത്തിൽത്തന്നെയാണ് മഹാകവി വള്ളത്തോളിന്റെ സർഗ്ഗശക്തി പരമോച്ചാവസ്ഥയിൽ പരിലസിച്ചതു്. ഗണപതി, ബധിരവിലാപം, ബന്ധനസ്ഥനായ അനിരുദ്ധൻ, ഒരു കത്തു്, ശിഷ്യനും മകനും, മഗ്ദലനമറിയം എന്നീ കൃതികളും 'സാഹിത്യമഞ്ജരി'കളിൽ സഞ്ചയിച്ചിട്ടുള്ള എൺപതോളം കവിതകളും അദ്ദേഹം എഴുതിയതു് ഇക്കാലത്താണ്. അവ മലയാളത്തിലെ കാല്പനികകാവ്യശാഖയിലെ വിലപ്പെട്ട മുതൽക്കൂട്ടുകളാണുതാനും. ആശ്ചര്യഹർഷാദരങ്ങളാൽ വിടർന്ന നയനങ്ങളോടെ, 'വീണപൂവി'നെ നോക്കിനിന്ന സഹൃദയലോകത്തിന്റെ മുമ്പിൽ, നാളേറെക്കഴിയുംമുമ്പുതന്നെ, കൗമാരത്തിന്റെ മഹാത്ഭുതമെന്നു കൊണ്ടാടേണ്ട വി. സി. ബാലകൃഷ്ണപ്പണിക്കരുടെ 'വിലാപം', 'വിശ്വരൂപം' എന്നീ ഭാവസ്വരമേളകകാവ്യങ്ങളും ഉദയംചെയ്യുകയായി. ഈ ദശയുടെ അന്തിമവർഷങ്ങളിൽ പ്രകാശിതങ്ങളായ ചില ഉള്ളൂർക്കവിതകളിലും കാണാം പുതുവെട്ടത്തിന്റെ മിന്നാട്ടങ്ങളും. എല്ലാംകൊണ്ടും ചേതോമോഹനമായ ഒരു നവവസന്തത്തിന്റെ സുഷമയും സുഗന്ധവും മലയാളകവിതയിൽ നിറഞ്ഞു പരന്ന കാലമായിരുന്നു അതു്. ചെറുതെങ്കിലും മർമ്മസ്പർശിയായ ഒരാമുഖംമുഖേന 'നളിനി'യെ സർവ്വാത്മനാ സ്വാഗതംചെയ്ത ഏ. ആർ. രാജരാജവർമ്മ 1895-ൽ എഴുതിയ 'മലയവിലാസം' എന്ന അർച്ചനാഗീതവും, അന്നത്തെ മലയാളകവിതയിൽ 'വീണപൂവി'ന്റെ അനന്യസാദൃശ്യമെടുത്തുകാട്ടിയ ഒരു മുഖവുരയോടെ ആ കൃതി 'ഭാഷാപോഷിണി'മാസികയിൽ പ്രാധാന്യേന പ്രസിദ്ധീകരിച്ച സി എസ് സുബ്രഹ്മണ്യൻപോററി 1902-ൽ എഴുതിയ 'ഒരു വിലാപം' എന്ന മനോജ്ഞവിലാപകാവ്യവും ഈ മാധവകാലാഗമം മുൻകൂട്ടി വിളിച്ചറിയിച്ചിരുന്നു എന്നുകൂടി നാമിവിടെ ഓർക്കേണ്ടതുണ്ടു്. 'വീണപൂവ്' പുറത്തുവന്ന 1907-ൽ, വില്യം കൂപ്പർ, ടെനിസൺ, തോമസ് ക്യാംബെൽ, പോപ്പ്, ജെ. ആർ. ലവൽ, ചാറൽസ് മാക്കേ, മിസ്സിസ് ഹേമൻസ്, ബെഞ്ചമിൻ ഫ്രാങ്ക്ലിൻ, ഷേക്സ്പീയർ എന്നീ ഇംഗ്ലീഷ്കവികളുടെ ലഘുകൃതികളിൽ ചിലതിന്റെ പരിഭാഷകളടങ്ങിയ 'മാനസോല്ലാസം' എന്ന ഗ്രന്ഥം കെ സി കേശവപിള്ള അവതരിപ്പിച്ചതും സാഹിത്യവിദ്യാർത്ഥികൾക്കു് കൗതുകമുളവാക്കുന്ന വസ്തുതയാണ്. പുരാണകഥോപജീവനം, സംഭവസങ്കലത, ദീർഘവർണ്ണനക്രമം, ആഖ്യാനപ്പരപ്പ് എന്നിവ

Digitized By Kerala Sahitya Akademi

ഒഴിവാക്കിയും, ഒരേയൊരു സംഭവത്തെയോ സന്ദർഭത്തെയോ കഥാപാത്രത്തെയോ മാത്രം കേന്ദ്രമാക്കി ഏറെക്കുറെ വിഷയൈകാഗ്രത ദീക്ഷിച്ചും, സരളസുന്ദരമായ ഭാഷയിൽ കുറച്ചധികം ഖണ്ഡകാവ്യങ്ങൾ കുഞ്ഞിക്കുട്ടൻതമ്പുരാൻ, വെണ്മണിപ്രഭൃതികളായ നമ്പൂതിരി കവികൾ, ഒടുവിൽ കുഞ്ഞികൃഷ്ണമേനോൻ, കണ്ടൂർ നാരായണമേനോൻ തുടങ്ങിയവർ പത്തൊമ്പതാം നൂററാണ്ടിന്റെ ഒടുവിലുള്ള രണ്ടു ദശകങ്ങളിൽ നിർമ്മിച്ചിരുന്നുവെങ്കിലും ഭാവതീവ്രതയും ഭാവനോന്നതിയും ആശയഗൗരവവും അനുഭൂതിമഹത്വവും പൂർവ്വകവിസങ്കേതങ്ങളിൽനിന്നു് ഊരിപ്പോരാൻ വേണ്ട ധീരതയും തന്നേക്കുറഞ്ഞ അവയ്ക്കു് യഥാർത്ഥ കാല്പനികചൈതന്യം നിറഞ്ഞ ഖണ്ഡകാവ്യങ്ങളോടു് തൊലിപ്പുറമെത്ത ചില സാദൃശ്യങ്ങൾ മാത്രമേയുള്ളു.*

## 'വീണപൂവ്' കാണുംവരെ

മുപ്പത്തിയഞ്ചുവയസ്സിനു മുമ്പുള്ള ആശാന്റെ ജീവിതത്തിലെ സുപ്രധാനമായ ചില സംഭവങ്ങളും അനുഭവങ്ങളും ശ്രദ്ധിക്കേണ്ടതുണ്ടു്, അനന്തരകാലത്തു് അദ്ദേഹം എഴുതിയ ഗ്രന്ഥങ്ങളിലെ അടിയൊഴുക്കുകൾ എന്തെല്ലാമെന്നു പിടികിട്ടണമെങ്കിൽ. മനുഷ്യാവകാശങ്ങൾ പലതും വിലക്കപ്പെട്ടിരുന്നതിനാൽ അസ്വാതന്ത്ര്യവും അവമതിയും പൊതുശാപമായിരുന്ന അവർണ്ണജനസമുദായങ്ങളിൽപ്പോലും മിഥ്യാഭിജാത്യത്തിന്റെ പേരിൽ മേൽക്കിട കീഴ്ക്കിടഭേദങ്ങൾ പ്രബലമായി നിലനിന്ന ഒരുകാലത്തു് അത്തരമൊരു സമുദായത്തിലെ താഴേക്കിടയിൽപ്പെട്ട ഒരു കുടുംബത്തിൽ പറയത്തക്ക ധനപുഷ്ടിയൊന്നുമില്ലാത്ത ഒരു ചെറുതരം വർത്തകന്റെ ഒമ്പതു മക്കളിലൊരാളായി 1873 ഏപ്രിൽമാസത്തിൽ ജനനം. സത്യസന്ധതയും ഈശ്വരഭക്തിയും തമിഴ്-മലയാളസാഹിത്യങ്ങളിൽ സാമാന്യജ്ഞാനവും സംഗീതത്തിൽ അത്യാസക്തിയും പൊതുക്കാര്യതല്പരത്വവുമുള്ള പിതാവിന്റെയും സ്നേഹശീലയും ഗുണവതിയുമായ മാതാവിന്റെയും പരിലാളനം, ഏഴുവയസ്സുതൊട്ടു പതിന്നാലുവയസ്സു വരെ കുടിപ്പള്ളിക്കൂടത്തിലും സർക്കാർ പള്ളിക്കൂടത്തിലുമായി പഠിച്ചതിനിടയ്ക്കു് ഒരു നാട്ടുവൈദ്യന്റെ ശിഷ്യനായി സംസ്കൃതത്തിലെ കാവ്യ

---

* കുഞ്ഞിക്കുട്ടൻതമ്പുരാന്റെ കല്യാണമില്ലാവിഗ്രഹം, ഒടി, ഏരുവയിൽ അച്യുതവാരിയർ, കുന്ദലതാങ്കിതം, ഒരു കരാർ, ഉദയസിംഹൻ, പാലുള്ളിചരിതം എന്നിവയും കണ്ടൂരിന്റെ കോമപ്പനും വെണ്മണിയുടെ പൂരപ്രബന്ധവും നടുവത്തിന്റെ വിലാപവും ഒടുവിൽ കുഞ്ഞികൃഷ്ണമേനോന്റെ വിനോദിനി, മദിരാശിക്കോൽക്കര, ഒരു വനസഞ്ചാരം, അപരാധിയായ അന്തർജ്ജനം, ഒരു പതിവ്രതയുടെ കഥ, പട്ടി, പട്ടിക്കഥ, കുംഭകോണയാത്ര എന്നിവയും ഉദാഹരണങ്ങൾ.

Digitized By Kerala Sahitya Akademi

വ്യാകരണങ്ങളിൽ പ്രാഥമികവിദ്യാഭ്യാസം, പതിന്നാലാംവയസ്സിൽ നാലാംക്ലാസ്സ് പാസ്സായി പഠിച്ച സ്കൂളിൽത്തന്നെ കുറെനാൾ അദ്ധ്യാപകവൃത്തി, തുടർന്നു പഠിക്കാനുള്ള കലശലായ മോഹം അമർത്തിക്കൊണ്ട് വീട്ടുപ്രാരബ്ധം കുറഞ്ഞുകിട്ടാനായി ചിറയിൻകീഴിൽ ഒരു വ്യാപാരിയുടെകൂടെ രണ്ടുവർഷം കണക്കെഴുത്തുപണി, അതും ഇട്ടെറിഞ്ഞ് മണമ്പൂർ ഗോവിന്ദനാശാൻ എന്ന സംസ്കൃതപണ്ഡിതൻ നടത്തിവന്ന വിദ്യാലയത്തിൽ ചേർന്ന് ഉപരികാവ്യങ്ങളിലും നാടകങ്ങളിലും അലങ്കാരശാസ്ത്രത്തിലും രണ്ടുകൊല്ലത്തെ പരിശീലനം, പിന്നീട് വക്കത്തെ വേലായുധൻനടയിൽ ശാന്തിക്കാരനും അവിടത്തെ കുടിപ്പള്ളിക്കൂടത്തിൽ ആശാനുമായി കഴിഞ്ഞുകൂടൽ—ഇതാണു പതിനെട്ടുവയസ്സു തികയുംവരെയുള്ള ജീവിതത്തിന്റെ ഒരു നഖചിത്രം. പ്രായപൂർത്തിയാകുംമുമ്പുതന്നെ സംസ്കൃതത്തിൽ നല്ല പാണ്ഡിത്യം നേടുക മാത്രമല്ല, പല ഈശ്വരസ്തോത്രങ്ങളും ഉഷാകല്യാണം എന്നൊരു നാടകവും വള്ളീവിവാഹം അമ്മാനപ്പാട്ടും കവിതാപരീക്ഷകളിൽ സമ്മാനാർഹങ്ങളായി ഭവിച്ച അനേകം കൃതികളും രചിക്കുകയുംചെയ്തു. കെ. എൻ. കുമാരൻ എന്ന പേരിൽ പലപ്പോഴും 'സുജനാനന്ദിനി'യിൽ കവിതകളെഴുതിക്കൊണ്ടിരുന്ന ആ യുവാവ് സാഹിത്യകുതുകികളുടെ ശ്രദ്ധ അന്നേ ആകർഷിച്ചിരുന്നുവത്രേ. വിവിധ സ്തോത്രങ്ങൾ വിരചിച്ച് ക്ഷേത്രസന്നിധിയിൽ ധ്യാനമഗ്നനായിരുന്ന് അവ ആലപിച്ചു നിർവൃതിക്കൊള്ളുകയും ക്ഷേത്രത്തിലെ പൂജകവൃത്തി സ്വയം സ്വീകരിക്കുകയുംചെയ്ത ആശാൻ പൂർണ്ണയൗവനത്തിലെത്തുംമുമ്പുതന്നെ ഒരുറച്ച ഈശ്വരഭക്തനായിരുന്നുവെന്ന് നിസ്സംശയം പറയാം. അസാധാരണമായ ആരോഗ്യത്തികവും ഉത്സാഹവായ്പും ബാല്യകൗമാരസഹജങ്ങളായ കുസൃതികൾക്ക് പ്രേരിപ്പിച്ചിരുന്നുവെങ്കിലും, കാലം ചെല്ലുന്തോറും ആ സിദ്ധികളെ മാനസികോൽക്കർഷം നേടാനുതകുംവിധം ഗ്രന്ഥപാരായണത്തിലേക്കും മനനധ്യാനങ്ങളിലേക്കും തിരിച്ചുവിടാനാണ് കുമാരൻ ഇഷ്ടപ്പെട്ടത്. വീട്ടുകാരോടും സുഹൃത്തുക്കളോടും പരിചിതരായ മററാളുകളോടും ഇടപെട്ടു കഴിയുമ്പോഴും, പരിസരങ്ങളിൽനിന്നകന്ന് സ്വയം സൃഷ്ടമായ ഒരേകാന്തതയിൽ അഭിരമിക്കാൻ അന്തശ്ചേതനയ്ക്കുള്ള പ്രവണതയും കഴിവും—ഒരേകാലത്ത് ബഹിർമുഖവൃത്തിയും അന്തർമുഖവൃത്തിയുമായിക്കഴിയുക സഹജസ്വഭാവമായിട്ടുള്ള കവിപ്രതിഭയുടെയും ദാർശനികപ്രകൃതിയുടെയും ലക്ഷണങ്ങൾ—അന്നുതൊട്ടേ ആശാനിൽ കണ്ടുതുടങ്ങുന്നു. പിൽക്കാലത്ത് ആൾക്കൂട്ടത്തിന്റെ നടുക്കുതന്നെ നിയതിയാൽ എടുത്തെറിയപ്പെട്ട ആശാൻ, ആ ജനമദ്ധ്യത്തിൽ ആയുസ്സിന്റെ ഏറിയകൂറും നിലയുറപ്പിച്ച് ഇടതടവില്ലാതെ പ്രയത്നിച്ചതിനിടയ്ക്കുപോലും, വിരുദ്ധശക്തികൾക്കൊന്നും കടന്നുചെല്ലാനാവാത്ത ഋശ്യമൂകാചലമായി സ്വജീവകേന്ദ്രത്തെ മാററി ചിരകാലമനുഷ്ഠിച്ച കലാതപസ്യയുടെ കളമൊരുക്കൽ അബോധപൂർവ്വം നടത്തിയതാവാം അന്ന്.

Digitized By Kerala Sahitya Akademi

''ഒരു വ്യക്തിയും കവിയുമെന്ന നിലയിൽ താങ്കളുടെ ജീവിതത്തെ അടിമുടി സ്വാധീനപ്പെടുത്തിയ ഏറ്റവും മഹത്തായ സംഭവവും അനുഭവവും ഏതാണെന്നു പറയാമോ?'' മരണത്തിനു് ഏതാനും നിമിഷം മുമ്പു് ഈ ചോദ്യം ആരെങ്കിലും ആശാനോടു ചോദിച്ചിരുന്നുവെങ്കിൽ ഒരേ ഒരു മറുപടിയേ അദ്ദേഹം പറയുമായിരുന്നുള്ളൂ— ''എന്റെ ശ്രീനാരായണദർശനം.'' ആശാന്റെ ഭൗതികവും ആദ്ധ്യാത്മികവുമായ സമസ്തസമുൽക്കർഷത്തിനും നാരായമേകിയതു് ശ്രീനാരായണനായിരുന്നു എന്നു ഗ്രഹിക്കാൻ വളരെയൊന്നും ചിന്തിക്കേണ്ടതില്ല. അനന്യസുലഭമായിരുന്ന ആശാന്റെ പ്രതിഭാശക്തി; അചഞ്ചലമായിരുന്ന ആ ആത്മവിശ്വാസം; അസാമാന്യമായിരുന്ന അദ്ദേഹത്തിൽ അന്തർലീനമായിരുന്ന കർമ്മവൈഭവം. പക്ഷേ, ആ ജന്മസിദ്ധികൾ വന്ധ്യങ്ങളായി കലാശിക്കാതെ, മുളയിൽത്തന്നെ വാടിക്കരിയാതെ, സംഫുല്ലശോഭമായി പൂർണ്ണസാഫല്യത്തിലെത്താനുതകുന്ന യാതൊരു സാഹചര്യവും ആശാനു് ഉണ്ടായിരുന്നില്ല. ബന്ധുബലമോ ധനശേഷിയോ ജാതിമഹത്വമോ സ്വസമുദായത്തിന്റെ പിൻതുണയോ ഉപരിപഠനത്തിനും കവിത്വവികാസത്തിനും പ്രോത്സാഹകമായ അന്തരീക്ഷമോ ഇല്ലാതിരുന്ന ആ യുവാവു് കാലാന്തരത്തിൽ നൈസർഗ്ഗികവാസനമൂലം കുറെ നല്ല കവിതകൾ എഴുതുകയും കുറച്ചധികം ശിഷ്യസമ്പത്തുള്ള ഒരു ഗ്രാമീണാദ്ധ്യാപകനും ഒരുപക്ഷേ, കായിക്കര–പക്കം പ്രദേശങ്ങളിലെ ഭേദപ്പെട്ട ഒരു പൊതുക്കാര്യപ്രവർത്തകനുമായി തന്റെ നാട്ടുകാരുടെ ഇടയിൽ മാത്രം മാന്യത നേടുകയും ചെയ്തു് അന്തരിക്കുമായിരുന്നിരിക്കാം. എന്നാൽ, സംഭവിച്ചതോ? 'പണ്ടുവിട്ട കരമന്നുതൊട്ടു്'' ഇഷ്ടദൈവതത്തിന്റെ 'ചെന്തളിർപ്പദ'ങ്ങളോടനേക്കു കൂപ്പിയിരിക്കാൻ നിയോഗിച്ചിരുന്ന ആ കുമാരനിൽ 1891–ൽ ആകസ്മികമായുണ്ടായ ആദ്യത്തെ ശ്രീനാരായണസമാഗമം ദിവ്യമായ ഒരസ്വാസ്ഥ്യത്തിനു ബീജാധാനം ചെയ്തതോടെ ഒരു നൂറു ബലിപുഷ്പങ്ങൾ ആ ഹൃദയത്തിൽ പൊട്ടിവിരിയുകയായി.

''അണകവിയുന്നഴലാഴിയാഴമെന്നിൽ
പ്രണയമുദിച്ചു കവിഞ്ഞു പാരവശ്യാൽ
അണികരമേകിയണഞ്ഞിടുന്ന നാരാ–
യണഗുരുനായകനെന്റെ ദൈവമല്ലോ.''

പിൽക്കാലത്തു് തന്റെ 'ജീവദേശിക'നെന്നാരാധിക്കുന്ന ആ ദിവ്യപ്രഭാവന്റെ പുണ്യനാമസ്മരണത്തോടുകൂടി ആരംഭിക്കുകയും,

''കലിവലയിൽ കലരാതെ കൈതൊഴുന്നേൻ
കലുഷമകറ്റിയെടുത്തു കാത്തുകൊൾവാൻ
കലമൃദുവാണി മൊഴിഞ്ഞകയ്യുമായെൻ
കലഗുരുവെന്നവരുന്നു കാണുമോ ഞാൻ''

Digitized By Kerala Sahitya Akademi

എന്നു ഹൃദയനിർഭരമായ തീവ്രാഭിലാഷം ഉഴറോടെ ആവിഷ്കരിക്കുകയും ചെയ്തിട്ടുള്ള 'സുബ്രഹ്മണ്യശതകം' എന്ന ആത്മഗീതത്തിന്റെ രചന ഒരു താല്ക്കാലിക മനഃശാന്തി മാത്രമേ ആശാനു നല്കിയുള്ളു. അധികം താമസിയാതെ, കടലിനും കായലിനും നടുക്കു കിടക്കുന്ന പ്രകൃതിരമണീയമായ കായിക്കരയും പരിസരങ്ങളും പ്രിയജനങ്ങളെയും വിട്ട് ഏതെല്ലാമോ പ്രദേശങ്ങളിൽ ഒറ്റയ്ക്കു ചുറ്റിത്തിരിഞ്ഞ്,

> കോലാഹലധ്വനി കലർന്നഴകാർന്നമല-
> കൈലാസമോ കനകനാടകശാലതാനോ
> മേലാംപടം വിളങ്ങുമാകരമോ?

എന്നു തോന്നിപ്പോകുന്ന 'പാതകനാശദേശ'മായ തിരുക്കുറ്റാലം മുതലായ പുണ്യതീർത്ഥങ്ങളും സന്ദർശിച്ചിട്ടും തൃപ്തി കൈവരാതെ, ഗഹനപാവനമായ വനസൗന്ദര്യം കൂടിക്കൊണ്ട് അരുവിപ്പുറത്തു സന്നിധാനം ചെയ്തിരുന്ന യോഗിവര്യനെ ലക്ഷ്യമാക്കി, അയസ്കാന്തത്താൽ ആകൃഷ്ടമായ ഇരുമ്പുകഷണം പോലെ, സാഗരോന്മുഖിയായിപ്പായുന്ന നദീപ്രവാഹം പോലെ, ദിവാകരദർശനം കൊതിച്ചു സർവ്വമുപേക്ഷിച്ചിറങ്ങിത്തിരിച്ച നളിനിയെയും ആനന്ദഭിക്ഷുവിന്റെ പദമുദ്രകൾ പിന്തുടർന്നു പുറപ്പെട്ട മാതംഗിയെയും പില്ക്കാലത്തു സൃഷ്ടിച്ച ആ പതിനെട്ടുകാരൻ നടകൊള്ളുന്നു. ആ കുമാരനിൽ ഒളിഞ്ഞുകിടന്ന മഹത്ത്വലക്ഷണങ്ങൾ ഒറ്റനോട്ടത്തിൽ അറിഞ്ഞുകഴിഞ്ഞിരുന്ന ക്രാന്തദർശിയായ ഗുരു ആ തീർത്ഥാടകനെ സസന്തോഷം സ്വീകരിക്കുന്നു. ആ മഹാത്മാവിന്റെ അന്തേവാസിയായി നിരന്തരസംസർഗ്ഗത്തിലേർപ്പെട്ടും, അദ്ദേഹത്തിന്റെ അനുഗ്രാഹകമായ നിർദ്ദേശോപദേശങ്ങൾ ഉൾക്കൊണ്ടും, അവിടത്തെ ആശ്രമജീവിതശൈലി പരിചയിച്ചും, മൂന്നിൽപ്പരം കൊല്ലം കഴിഞ്ഞതിനിടയ്ക്ക് ആശാന്റെ അന്തസ്സത്വം നേടിയ സംസ്കാരപരിപാകം തെല്ലൊന്നുമായിരിക്കുകയില്ല. യൗവനസഹജവും ഒരുപക്ഷേ, കവിസഹജവുമായ ഭാവചാപല്യങ്ങൾക്കും ഐന്ദ്രിയസുഖാസക്തിക്കും കടിഞ്ഞാണിട്ട് വികാരവിചാരങ്ങളെ സമുന്നതമണ്ഡലത്തിൽ വ്യാപരിപ്പിക്കുവാൻ സർവ്വഥാ പ്രേരകമായിരുന്നു ആ വിശുദ്ധാന്തരീക്ഷം. സംസ്കൃതത്തിലും തമിഴിലുമുള്ള പ്രൗഢങ്ങളായ വേദാന്തശാസ്ത്രഗ്രന്ഥങ്ങളിലും ഭക്തിസാഹിത്യത്തിലും ആശാൻ പരിനിഷ്ഠിതജ്ഞാനം നേടിയതും ആ ശാന്തിനികേതനത്തിൽവച്ചായിരുന്നു. ശ്രീനാരായണനെ ആദ്യമായിക്കണ്ട 1891-ാമാണ്ട് ആശാൻ എഴുതിയ സുബ്രഹ്മണ്യശതകവും പിന്നീട് ഒരു വ്യാഴവട്ടത്തിനകം രചിച്ച ശിവസ്തോത്രമാല, ഭക്തവിലാപം, ശിവസുരഭി, കാമിനീഗർഹണം, വിഭൂതി, പരമപഞ്ചകം, അനുഗ്രഹപരമദശകം, നിജാനന്ദാനുഭൂതി, നിജാനന്ദവിലാസം എന്നീ കൃതികളും അനാവരണം ചെയ്യുന്നത് ഈശ്വരസാക്ഷാത്കാരത്തിനുവേണ്ടി വെമ്പുന്ന ഒരു ഭക്തഹൃദയ

Digitized By Kerala Sahitya Akademi

ത്തെയാണ്. ശിവഭക്തിപഞ്ചകം, കരുണാനിധിസ്തോത്രം, സരസ്വതീപഞ്ചകം തുടങ്ങി ഈ ഇനത്തിൽപ്പെടുന്ന മററനേകം സ്തോത്രങ്ങളും ആശാൻ എഴുതിയിട്ടുണ്ട്. സുഖഭോഗങ്ങളുടെ മായാമയത്വം. അവയിൽനിന്ന് ഇന്ദ്രിയങ്ങളെ പ്രത്യാഹരിക്കാൻ അശക്തമായ മനസ്സിൻെറ ചഞ്ചലത്വം, ഏകാഗ്രവും നിസ്തന്ദ്രവുമായ മനനധ്യാനാദികൾകൊണ്ട് ആ കെട്ടുകൾ പൊട്ടിച്ച് അനന്തശാന്തിധാമം പൂകാൻ കനിവുണ്ടാകണമെ എന്ന പ്രാർത്ഥന, സഗുണോപാസകൻെറയും നിർഗ്ഗുണോപാസകൻെറയും ഈശ്വരനെക്കുറിച്ചുള്ള സങ്കല്പങ്ങൾ, ആത്മതത്ത്വം എന്നീ വിഷയങ്ങൾ പ്രാധാന്യേന പ്രതിപാദിക്കപ്പെടുന്ന ഈ കൃതികളുടെ നിർമ്മാണത്തിന് അനുകൂലമായ അന്തരീക്ഷവും ഉത്തേജകമായ പശ്ചാത്തലവും ഏതായിരുന്നുവെന്നും സർവോപരി പ്രചോദനമരുളിയ മഹാപുരുഷൻ ആരായിരുന്നുവെന്നും സംശയിച്ചിട്ടു കാര്യമില്ലല്ലോ. മഹാസിദ്ധനായ ശ്രീനാരായണൻ സ്വാനുഭൂതിസമ്പന്നമായ ഭാഷയിൽ എഴുതിയിട്ടുള്ള ദാർശനികതത്ത്വപ്രതിപാദകങ്ങളായ ഗ്രന്ഥങ്ങളുടെയും ഭക്തിസുധാസ്യന്ദികളായ സ്തോത്രങ്ങളുടെയും സ്വാധീനശക്തി ഈ കൃതികളിൽ വ്യക്തമായി കാണുന്നെങ്കിൽ അത്ഭുതപ്പെടേണ്ടതില്ല. 1904-ൽ ഗുരുദേവൻെറ ഉപനിഷത്പ്രായമായ ആത്മോപദേശശതകം ആശാൻെറ പണ്ഡിതോചിതമായ ആമുഖത്തോടെയാണ് പ്രകാശിപ്പിച്ചിട്ടുള്ളതെന്ന വസ്തുതയും ഈ സന്ദർഭത്തിൽ സ്മരണാർഹമാണ്.

കുറേക്കൂടി ആഴത്തിൽക്കടന്നു പരിശോധിക്കുന്നപക്ഷം ആശാൻെറ സ്തോത്രകൃതികൾക്ക് ശ്രീനാരായണകൃതികളോടുള്ള ബന്ധം, അവയുൾക്കൊള്ളുന്ന ആശയങ്ങളിലും ചൈതന്യത്തിലും പര്യവസാനിക്കുന്നില്ലെന്നും ഭാഷാശൈലിയിൽപ്പോലും അതു വ്യാപിച്ചുകിടപ്പുണ്ടെന്നും മനസ്സിലാക്കാൻ പ്രയാസമില്ല. വീണപൂവു തൊട്ടുള്ള മുഖ്യകൃതികളിൽ കാണുന്ന ഭാഷാശൈലികളിൽനിന്നു പ്രകടവും നിസ്സന്ദേഹവുമായ വ്യത്യാസമുണ്ട് പ്രസ്തുതസ്തോത്രങ്ങളുടെ ശൈലിക്ക്. ആശാൻ അരുവിപ്പുറത്തു താമസിച്ചകാലത്ത് തമിഴിലെ തത്ത്വശാസ്ത്രഗ്രന്ഥങ്ങളും ഭക്തിസാഹിത്യകൃതികളും അഭ്യസിച്ചുവെന്നു മുമ്പു പറഞ്ഞുവല്ലോ. ആ ഗ്രന്ഥങ്ങളിൽ അന്യൂനമായ അവഗാഹം സിദ്ധിച്ച ശ്രീനാരായണൻെറ സംസർഗ്ഗവും ശിക്ഷണവുമാണ് അക്കാര്യത്തിൽ ആശാനു ലഭിച്ചതെന്നു സ്പഷ്ടമാണ്. വേദാന്തശാസ്ത്രതത്ത്വങ്ങൾ പ്രകാശിപ്പിക്കുന്ന ഗുരുദേവൻെറ കൃതികളിൽ തമിഴ്പദങ്ങൾ സ്വഭാഷാപദങ്ങളെന്നപോലെ ലാഘവത്തോടും സ്വാതന്ത്ര്യത്തോടുംകൂടി ധാരാളം പ്രയോഗിച്ചിട്ടുണ്ട്. ചട്ടമ്പിസ്വാമികളുടെ രചനകളിലുമുണ്ട് ഈ തമിഴ്പദസൗലഭ്യം. ആംഗലവിദ്യാഭ്യാസത്തിനുമുമ്പു കേരളത്തിൽ, വിശേഷിച്ചും ദക്ഷിണകേരളപ്രദേശത്തു നിലവിലിരുന്ന ഗുരുകുലവിദ്യാഭ്യാസപദ്ധതിയിൽ തമിഴ്ഭാഷയും തിരുക്കുറൾ തുടങ്ങിയ ഏതാനും തമിഴ്ഗ്രന്ഥങ്ങളും പാഠ്യവിഷയങ്ങളായിരുന്നു എന്നു കരുതാൻ വേണ്ട തെളിവുണ്ട്. അധ്യാ

Digitized By Kerala Sahitya Akademi

ത്മജ്ഞാനോന്മുഖരായി അവധൂതവൃത്തിയാചരിച്ചു തമിഴ്നാട്ടിലും മററും വളരെക്കാലം കഴിഞ്ഞുകൂടിയ പട്ടമ്പിസ്വാമികളും നാരായണഗുരുവും, സ്വദേശത്തുനിന്നും നേടിയ തമിഴ്ഭാഷാജ്ഞാനത്തെ, ശൈവസമയാചാര്യന്മാരുടെയും അതുപോലുള്ള മഹാജ്ഞാനികളുടെയും ഗ്രന്ഥങ്ങൾ പരിചയിച്ചു സമ്പന്നമാക്കി. അതിനാൽ ആ ഭാഷയുടെ സംസ്കാരവും സ്വാധീനവും അവരെഴുതിയ ശാസ്ത്രങ്ങളിലും ദാർശനികകൃതികളിലും ശരിക്കും പ്രതിഫലിക്കുകയുണ്ടായി. തമിഴിൽ ദാർശനികന്മാരും ഭക്തകവികളും വ്യവഹരിക്കുന്ന അർത്ഥത്തിലാണ് പ്രായേണ തമിഴ്പദങ്ങൾ രണ്ടുപേരും പ്രയോഗിച്ചിട്ടുള്ളത്. തമിഴ്കൃതികൾതന്നെ വായിച്ചു പഠിച്ചും ഗുരുനാഥന്റെ ഗ്രന്ഥങ്ങളിൽ ആമജ്ജനം ചെയ്തും കഴിഞ്ഞുപോന്ന ആശാൻ ഈ കാലഘട്ടത്തിൽ എഴുതിയ കൃതികളിൽ അവയുടെ സ്വാധീനശക്തി സ്വാഭാവികമായും നാം കാണുന്നു. ആശാൻ ധാരാളമായി പ്രയോഗിച്ചിട്ടുള്ള തമിഴ്പദങ്ങളുടെയും തമിഴ്ച്ചുവയുള്ള മലയാളപദങ്ങളുടെയും ഒരു പട്ടിക തയ്യാറാക്കുന്നപക്ഷം നാം അത്ഭുതപ്പെട്ടുപോകും. ചുരുക്കം ചില പദങ്ങളും അവയുടെ സന്ദർഭാനുഗുണമായ അർത്ഥങ്ങളും സ്ഥാലീപുലാകന്യായേന ചുവടെ കൊടുക്കുന്നു: പററ് = സംഗം; അരുൾ = കാരുണ്യം; അടയാളമററ = നിർഗ്ഗുണമായ; അണുകാതെ = പ്രാപിക്കാതെ; ഉരുവററ് = ശരീരം നശിച്ച്; ഉണ്ണുസുഴകൾ = ഇന്ദ്രിയംകൊണ്ട് അനുഭവിക്കുന്ന വിഷയങ്ങൾ; കേണി = നദി; എരി = അഗ്നി; ആണവം = ദുഃഖം; മറുതിപ്പെടുത്തുക = ആശ്വസിപ്പിക്കുക; വിരിവുള്ളിടം = ചിദാകാശം; കൂത്താടുന്നു = നൃത്തംചെയ്യുന്നു; നെറി = സത്യം; തരവും താമസിയാതെ = ഒട്ടും താമസിയാതെ; പുലമ്പുക = യാചിക്കുക; താനററിടത്ത് = അഹംബുദ്ധിയില്ലാത്ത അവസ്ഥയിൽ; പുലർമാമരം = രക്ഷാവൃക്ഷം; ആൾ = തുണയ്ക്കുന്നവൻ; വാറ് = രൂപം; പിറവാള് = ചന്ദ്രക്കല; കുഴന്ത = കുട്ടി; കറാറപിലും = അറിഞ്ഞാലും; വരയാറ് = ഷഡാധാരം; കാൻ = കാററ്; വന്തിട്ടാൽ = വന്നാൽ; കന്നത്തനിത്തെളി = പൂന്തേൻ. ഇതിനുപുറമേ, അരുംകണ്ണ്, കുറഴിഞ്ഞ്, മാളുക, ഉറവ്, തുറവായ്, പിണി, ഇരങ്ങി, നൂൽ, നാടി, അമ്പിക്കുക, പിച്ചയാളൻ, ചുത്തു, നട്ടാവി, ഒലിയുമൊഴിയും, ചേവകി തുടങ്ങി ഇനിയെത്രവേണമെങ്കിലും പകർത്താം. ഉണ്മണി, ഉണ്ണീറി, വിണ്ണാട്ടുകാർ, വണ്ടിനി എന്നിങ്ങനെയുള്ള സന്ധികളും താമ്രചൂഡക്കൊടിയൻ, തിരുനീറണി, പൂവങ്കവില്ലൻ നീലക്കഴുത്തൻ, തുമ്പത്തിരുച്ചിടയൻ, പൊതുവൻ തുടങ്ങിയ വിചിത്രപ്രയോഗങ്ങളും മലയാളത്തിൽ മുമ്പു കണ്ടിട്ടുള്ളത് പ്രാചീനകൃതികളിൽ മാത്രമാണ്. അതുപോലെതന്നെ, തമിഴിലെ ഭക്തിസാഹിത്യത്തിൽ പലപ്പോഴും കാണുന്നതുപോലെ ഉപാസകൻ ഇഷ്ടമൂർത്തിയെ പ്രിയതമവും, ഹൃദ്യതമവും, മധുരതമവുമായ ലൗകികവസ്തുക്കളായി സങ്കല്പിച്ച് നന്നേ അരുമയായി അഭിസംബോധനം ചെയ്യുന്ന രീതി ഈ യുവഭക്തനും കൈക്കൊള്ളുന്നു.

Digitized By Kerala Sahitya Akademi

പയോധരമേ, പങ്കജമേ, പരാഗമേ,
വിയോഗമേ, വേദവിശിഷ്ടയോഗമേ,
നിയോഗമേ, നിഷ്കളനീതിസാരമേ,
ദയോദധേ, വാഴ്ക ദേവദേവ, മേ.

പൊന്നപ്പനേ, പൊതുവനേ, പൊരുളേ, പിരാനേ,
പൊന്നിൽപ്പൊതിഞ്ഞ പവിഴപ്പൊടിയേ, തൊഴുന്നേൻ

എന്നെല്ലാം വസ്തുക്കളെയും കേവലാശയങ്ങളെയും ഇടകലർത്തിയും,

കൽക്കണ്ടമേ, കദളിതൻ പഴമേ, പഴത്തിൻ
മുക്കം മതിർത്ത മധുവേ, മമ തമ്പുരാനേ,
ചൊൽക്കൊണ്ട പാരമറയാം കൊടിമുന്തിരിക്കാ-
മ്പൊക്കെക്കുലച്ച കനിയേ, കനിയേണമെന്നിൽ.

എന്നു മധുരസാധനങ്ങൾ മാത്രം സമാഹരിച്ചും, തന്റെ 'തങ്കക്കട്ട'യായ ദേവനെ സങ്കല്പനംചെയ്തു പ്രണമിക്കുന്ന ഭാഗങ്ങളുണ്ട് ഈ സ്തവമഞ്ജരികളിൽ.

തനിക്കു ശ്രീനാരായണൻ ആരായിരുന്നു, അഥവാ എന്തായിരുന്നു എന്ന് അസന്ദിഗ്ദ്ധമായി, ആത്മാവിന്റെ അടിത്തട്ടിൽനിന്നുയരുന്ന നന്ദിയുടെയും ഭക്തിയുടെയും ദിവ്യാനുഭൂതിയുടെയും ഭാഷയിൽ ആശാൻതന്നെ ലോകത്തോടു പ്രഖ്യാപിച്ചിട്ടുണ്ട്. എന്നെന്നും 'പ്രണമനീയപദാർത്ഥ'മാണ്, പാപത്തിന്റെ 'നാരായവേരുകളറുത്തു' പുനർജനി മുടിക്കാൻ കനിഞ്ഞരുളുന്ന ആ 'ഗുരുനായക'ന്റെ പേര്; 'ഭവാംബുധിക്കു നാവികനും' 'ഭാവ്യഭവ്യഭേദാഗ്രമൂല'വും ആയ ആ ജീവദ്ദേശികനാണു തന്റെ ദൈവം. 'പിച്ചയാളെ'ന്നായ തനിക്കു 'ഈശ്വരൻ കല്പിച്ച കല്പകമലർക്കൊടി'യാണ് ആ 'കൈപ്പുണ്യമുള്ള കരുണാകരൻ' അദ്ദേഹം തന്നിലേല്പിച്ച അദ്ഭുതം എങ്ങനെ മറക്കാനാണ് ഈ ജീവിതത്തിൽ! എന്തായിരുന്നു ആ മഹത്തായ അദ്ഭുതം? കവി പറയട്ടെ

മന്ദാരപ്പൂങ്കൊടിക്കൈമലർ മധുരമെട്ടത്തെന്നെ മാനിച്ചുമാന-
ക്കണ്ട പാദയം വേക്കുംപടിയുടൽ പുണരും കൗശലത്തിൽ കലർത്തി
മന്ദാഭോവാനുകമ്പം മമ മുകളിൽ മുകർന്നാദ്യമദ്വൈതസമ്പൽ
സന്ദാനംചെയ്ത സാരാമൃതലഹരിമൊഴിക്കേതു ഞാനാദരിപ്പൂ!

'ആ ബോധാചാര്യന്റെ ചെങ്കഴൽച്ചെങ്കമലമതിനടിക്കാണു നിസ്തൃണലോകം' എന്ന് ആ നിർഭരാദരനായ ശിഷ്യൻ അന്യത്ര പ്രകടിപ്പിക്കുന്നുമുണ്ട്.

'അദ്വൈതസമ്പൽസന്ദാന'ത്തിനു മാത്രമാണോ ആശാൻ തന്റെ ഗുരുനാഥനോടു കടപ്പെട്ടിട്ടുള്ളതു്? ക്രിസ്തുവർഷം 1895 മുതൽ 1898 വരെ ബാംഗളൂരിലും 1898 മുതൽ 1900 വരെ കൽക്കത്തയിലും താമസിച്ച് സംസ്കൃതത്തിൽ സമുന്നതപഠനം നടത്തുന്നതിനും, അന്നത്തെ കാലദേശാവസ്ഥകളും ആശാന്റെ സാഹചര്യങ്ങളുംവച്ചു നോക്കുമ്പോൾ അസുലഭഭാഗ്യമായിക്കരുതേണ്ട വിശാലലോകപരിച

Digitized By Kerala Sahitya Akademi

യം നേടുന്നതിനും, സാമൂഹികവും ആദ്ധ്യാത്മികവും സാഹിത്യപരവുമായ ഒരു നവോത്ഥാനത്തിന്റെ മുദ്രകൾ ഭാരതത്തിലെ മററു പ്രദേശങ്ങളിലെക്കാളും കാലേക്കൂട്ടി പതിഞ്ഞുകഴിഞ്ഞിരുന്ന വംഗനാട്ടിന്റെ ഉൾത്തുടിപ്പുകൾ ചാരത്തു ചെന്നു ചെവിയോർത്തു കേൾക്കുന്നതിനും, തനിക്ക് അന്നുവരെ അജ്ഞാതമായിരുന്ന വിശ്വഭാഷയായ ഇംഗ്ലീഷ് നിഷ്കർഷിച്ചുപഠിച്ച് ആധുനികാശയങ്ങൾ ഉൾക്കൊണ്ട് അതിലെ അനശ്വരകാവ്യങ്ങളിൽ അഭിരമിക്കുന്നതിനും ആശാന് എങ്ങനെ സാധിച്ചു എന്ന ചോദ്യത്തിന് ലഘുവായ ഒരുത്തരമേയുള്ളു ശ്രീനാരായണന്റെ ആജ്ഞാപുഷ്പം ചൂടിയ ഡോക്ടർ പല്പു, ആചാര്യാഭിമതം നിറവേററുന്നതിനുവേണ്ടിയാണ് തന്റെ കൈയിൽ ഏല്പിക്കപ്പെട്ട കുമാരനു വിദേശങ്ങളിൽ ഉപരിവിദ്യാഭ്യാസ സൗകര്യങ്ങൾ ഏർപ്പെടുത്തിക്കൊടുത്തതു്. അന്യദേശത്തുനിന്ന് ആയതമായ അറിവോടെ അഭിനവമായ അനുഭവസമ്പത്തോടെ, തിരിച്ചെത്തിയ ആശാൻ മുന്നേപ്പോലെതന്നെ ഗാർഹികചക്രത്തിൽ കുടുങ്ങാതെ അരുവിപ്പുറത്തു് സ്വാമിയുടെ അന്തേവാസിയായി ക്ഷേത്രകാര്യങ്ങൾ അന്വേഷിച്ചും കുട്ടികളെ സംസ്കൃതം പഠിപ്പിച്ചും കഴിഞ്ഞുകൂടുമ്പോൾ സ്ഥാപിതമായ 'ശ്രീനാരായണധർമ്മപരിപാലനയോഗ'ത്തിന്റെ കാര്യദർശിസ്ഥാനം ആദ്യമേതന്നെ അദ്ദേഹത്തിനു ലഭിച്ചതും, സ്വസമുദായാംഗങ്ങളിൽ ചിലരുടെ ഒളിഞ്ഞും തെളിഞ്ഞുമുള്ള എതിർപ്പുകളെ അതിജീവിച്ച് തുടരെ പതിനാറുകൊല്ലം ആ സ്ഥാനം അലങ്കരിച്ചതും, അങ്ങനെ സാമൂഹികവും രാഷ്ട്രീയവുമായ രംഗങ്ങളിൽ രാജ്യവ്യാപ്തമായ പ്രശസ്തിയാർജ്ജിച്ചതുമെല്ലാം ശ്രീനാരായണൻ ചൊരിഞ്ഞ സ്നേഹവാത്സല്യവിശ്വാസങ്ങൾകൊണ്ടാണെന്ന്, ആശാന്റെ അസാധാരണമായ ആത്മവത്തയെ തികച്ചും ബഹുമാനിച്ചുകൊണ്ടുതന്നെ, ആർക്കും സമ്മതിക്കാതെ വയ്യ.

''താഴത്തുന്നു കരേറിവന്നു തപസാ സിദ്ധിച്ചൊരിപ്പൗരുഷം
പാഴിൽക്കൈവെടിയൊല്ല, പാപമതിലേ പോകൊല്ല-
യെന്നുള്ളമേ''

എന്നും

''കുട്ടിക്കുരംഗനയനാന്തമിഴച്ചു കണ്ണു-
റിട്ടൊന്നുനോക്കി ഹൃദയത്തെയിഴച്ചു ശംഭോ!
വട്ടം ചുഴററി വിഷയഭ്രമണത്തിലിട്ടു
നട്ടംതിരിപ്പവളെ നോക്കി നടത്തൊലാ നീ''

എന്നും 1901-ൽ കാമിനീഗർഹണം നടത്തി, ഭോഗവൈരാഗ്യത്തിൽ മനസ്സുറച്ചുകിട്ടാൻ പ്രാർത്ഥിക്കുന്ന ആശാൻ, സർവ്വസംഗപരിത്യാഗിയായ ഒരു മഹാപുരുഷന്റെ ഏററവും അടുത്ത ശിഷ്യനായി കാൽനൂററാണ്ടിൽപ്പരം കാലം ബ്രഹ്മചര്യാനിഷ്ഠനായി കഴിഞ്ഞിട്ട്, നാല്പത്തിയഞ്ചാമത്തെ വയസ്സിൽ വിവാഹിതനാകാൻ നിശ്ചയിച്ചുറച്ചു്.

Digitized By Kerala Sahitya Akademi

ത്വാചഞ്ചലതാദിതരൈശ്ച ഹേതുഭിർ-
ഗുരോ, പരിഷ്യാമി ശിവം ഗൃഹവ്രതം

എന്നും, മുൻകൂട്ടി അറിയിക്കാതെ ചെയ്ത നിശ്ചയത്തിന് ശിഷ്യവാത്സല്യംകൊണ്ട് അനുമതി നൽകണമേ എന്നും, അപ്രാർത്ഥിതമായി തന്നെ സർവ്വാഭീഷ്ടങ്ങളുമരുളിയനുഗ്രഹിച്ച ഗുരുവിന്റെ തൃച്ചേവടികളിൽ, ഭക്തിനമ്രമായ ശിരസ്സോടെ, ബദ്ധാഞ്ജലിയായി, ജീവിതത്തിലാദ്യമായി നടത്തിയ ആത്മനിവേദനരൂപമായ അഭ്യർത്ഥനയ്ക്ക്, കാരുണ്യമയമായ മൗനത്തിലൂടെ പ്രതികരണംചെയ്യുകയും അനന്തരജീവിതത്തിലും മുമ്പെന്നപോലെ ഗുരുശിഷ്യബന്ധം പുലർത്താൻ അനുവദിക്കുകയുംചെയ്ത ആ നിർമ്മലസ്നേഹവായ്പിനെക്കൂടി നാം ഇവിടെ സ്മരിക്കുക. ഈ മുഴുത്ത സത്യങ്ങൾ കാണാതിരിക്കത്തക്ക മൗഢ്യമോ അവഗണിക്കാൻപോരുന്ന കൃതഘ്നതയോ ആശാനെപ്പോലെ ഗംഭീരസത്ത്വനും ഹൃദയസമ്പന്നനുമായ ഒരു വ്യക്തിക്കുണ്ടാകുന്നതെങ്ങനെ? മുമ്പുന്നയിച്ച സാങ്കല്പികമായ ചോദ്യത്തിന് ആശാനിൽനിന്ന് ഉടനടി നിസ്സംശയം കിട്ടുമായിരുന്ന മറുപടി എന്തായിരിക്കുമെന്ന അഭ്യൂഹം, മേൽക്കാണിച്ച വസ്തുതകളുടെ അടിസ്ഥാനത്തിൽ സർവ്വതോഭദ്രമാണെന്നു പറയേണ്ടതില്ലല്ലോ.

ബംഗാളിലും കൽക്കത്തയിലുമുള്ള സംസ്കൃതകോളേജുകളിൽ യഥാക്രമം ന്യായവിശാരദ, തർക്കതീർത്ഥ എന്നീ പരീക്ഷകൾക്കിരിക്കാൻവേണ്ടി പഠിച്ചുകൊണ്ടിരുന്ന ആശാന് രണ്ടിടത്തും പടർന്നുപിടിച്ച പ്ലേഗുബാധനിമിത്തം പരീക്ഷയ്ക്കുമുമ്പ് സ്ഥലംവിടേണ്ടിവന്നത് വിധിദുർവ്വിനോദമായേ കരുതേണ്ടൂ. ശങ്കരാചാര്യകൃതമായ 'സൗന്ദര്യലഹരി'യുടെ പരിഭാഷയും കൃഷ്ണമിശ്രന്റെ 'പ്രബോധചന്ദ്രോദയം' നാടകത്തിന്റെ വിവർത്തനവും സംസ്കൃതനാടകത്തിന്റെ ചട്ടക്കൂട്ടിലാണെങ്കിലും സ്വതന്ത്രമായ പാത്രസങ്കല്പശേഷിയും ഭാവശില്പഭംഗിയും പുലർത്തി ചെറിയ വിചിത്രവിജയവുമൊഴിച്ചാൽ എടുത്തുപറയത്തക്ക യാതൊരു കൃതിയും ആശാൻ ഈ അഞ്ചു വർഷത്തിനകം എഴുതിയതായി അറിവില്ല. എന്നാൽ ഇക്കാലമത്രയും ബഹുമുഖമായ വളർച്ചനേടിക്കൊണ്ടിരിക്കുകയായിരുന്നു, ആശാന്റെ വ്യക്തിത്വത്തിന്. സംസ്കൃതത്തിലെ ന്യായവേദാന്താദി ശാസ്ത്രങ്ങളിൽ അഗാധമായ പാണ്ഡിത്യം നേടുന്നതിനും ബംഗാളിൽ ഡോക്ടർ പല്പുവിന്റെ വിദ്യാവിലസിതമായ ഗൃഹാന്തരീക്ഷത്തിൽവച്ചാരംഭിച്ച ഇംഗ്ലീഷുപഠനത്തെ, നിരന്തരവും അക്ഷീണവുമായ പ്രയത്നംകൊണ്ടു പരിപോഷിപ്പിച്ച് ആ ഭാഷ മേൽക്കുമേൽ സ്വാധീനമാക്കുന്നതിനും കഴിഞ്ഞ ഈ കാലഘട്ടത്തിൽ, ദിവസംപ്രതി ഇരുപതു മണിക്കൂർവീതം അദ്ദേഹം ഗ്രന്ഥങ്ങളുടെ ലോകത്തിൽത്തന്നെ മുഴുകിയിരുന്നു. മലയാളം, സംസ്കൃതം, തമിഴ് എന്നീ ഭാഷകളിലെ കൃതികൾ പരിശീലിച്ചുപോന്ന ആ വിജ്ഞാനബുഭുക്ഷുവിന്റെ ദൃഷ്ടികൾക്ക് അന്നുവരെ അപ്രാപ്യമായിരുന്ന ആധുനികപാശ്ചാത്യചിന്താധാരകൾ കാട്ടിക്കൊടുത്ത

Digitized By Kerala Sahitya Akademi

ജനാലയായിരുന്ന ഇംഗ്ലീഷ്. ആ ജനാലയിൽക്കൂടി, കാല്പനികപ്രസ്ഥാനത്തിന്റെ നട്ടെല്ലുകളായ ഷെല്ലി, കീറ്റ്സ്, ബ്രൗണിംഗ് തുടങ്ങിയ മഹാപ്രതിഭന്മാരുടെ ഭാവകല്ലോലിതങ്ങളും ഭാവനാഭരിതങ്ങളും ഹൃദയോന്മാദനക്ഷമങ്ങളുമായ കാവ്യങ്ങൾ കണ്ടെത്തിയപ്പോൾ സിദ്ധിച്ച അദ്ഭുതകരമായ അനുഭൂതിയിൽനിന്ന് ഒരു നൂതന കാവ്യസങ്കല്പം സുവിശദമായിട്ടല്ലെങ്കിലും ആശാന്റെ ബോധമണ്ഡലത്തിൽ ഉദയംചെയ്തിരിക്കണം. ആ സങ്കല്പത്തെ ലാളിച്ചു വളർത്തിയും, ദേശീയ സാഹിത്യസംസ്കാരത്തിന്റെ കാതലായ ഭാഗങ്ങളോടു് അതിനെ എങ്ങനെ, എത്രമാത്രം അനുരഞ്ജിപ്പിക്കാമെന്നു പരിചിന്തിച്ചും, പ്രയോഗരീതികൾ ആസൂത്രണം ചെയ്തും, ഒരു വ്യാഴവട്ടക്കാലം അനുഷ്ഠിച്ച ആഭ്യന്തരപ്രക്രിയയുടെ പരിണതഫലമായിട്ടാണ് മലയാളകവിതയിൽ അദൃഷ്ടപൂർവ്വമായ ഒരദ്ഭുതതേജസ്സോടെ 'വീണപൂവ്' ആവിർഭവിച്ചതു്. സാഹിത്യത്തെ സംബന്ധിച്ച് ഒരു നവപ്രബോധം ആശാന്റെ മനസ്സിൽ മുളപൊട്ടി വളരാൻ അനുകൂലമായ പശ്ചാത്തലം കൽക്കത്തയിലെപ്പോലെ ഇന്ത്യയിൽ മറ്റെങ്ങും അന്നുണ്ടായിരുന്നില്ല. ബങ്കിമചന്ദ്രൻ, ദ്വിജേന്ദ്രലാൽറോയ്, മൈക്കേൽ മധുസൂദനദത്ത് എന്നീ പ്രതിഭാശാലികൾ മുഖേന കഥാനാടകകാവ്യശാഖകളിൽ കാല്പനികപ്രസ്ഥാനത്തിന്റെ പുതുചൈതന്യം ബംഗാളിൽ പ്രസരിച്ചുകഴിഞ്ഞിരുന്നു. വംഗഭാഷ വശമില്ലാതിരുന്നുവെങ്കിലും തന്റെ ചുറ്റും സംഭവിച്ചുകൊണ്ടിരുന്ന സാഹിത്യപരിവർത്തനത്തിന്റെ പരിമളം ആശാനും കുറച്ചൊക്കെ മണത്തറിഞ്ഞിരുന്നുവെന്നുവേണം കരുതാൻ. ബ്രഹ്മസമാജസ്ഥാപകനായ രാജാറാം മോഹൻറായിയുടെ പ്രബുദ്ധനേതൃത്വം കാലേതന്നെ സിദ്ധിച്ച്, പരമഹംസനായ ശ്രീരാമകൃഷ്ണന്റെ പരിപാവനസാന്നിധ്യത്താലും പ്രവർത്തനങ്ങളാലും അനുഗൃഹീതമായി, ആ യോഗമൂർത്തിയിൽനിന്നു് ജ്ഞാനതേജസ്സുൾക്കൊണ്ട യുവാവായ വിവേകാനന്ദന്റെ പ്രബോധനങ്ങളാൽ പ്രഭാവിതമായി, ഒരു ആധ്യാത്മികനവോത്ഥാനത്തിൽക്കൂടി ബംഗാൾ കടന്നുപൊയ്ക്കൊണ്ടിരിക്കുമ്പോഴാണ് മഹായോഗിശിഷ്യനും അധ്യാത്മദർശനോന്മുഖനുമായ ആശാൻ അവിടെച്ചെന്നു രണ്ടുവർഷം കഴിച്ചുകൂട്ടുന്നതു് ആ അന്തരീക്ഷത്തിന്റെ പ്രഭാവം തീർച്ചയായും ആശാന്റെ അന്തരംഗത്തിൽ അഴിയാത്ത മുദ്രകൾ അർപ്പിച്ചിരിക്കണം. സ്വദേശത്തു തിരിച്ചെത്തിയശേഷം, 'രാജയോഗം' പരിഭാഷപ്പെടുത്തുവാൻ അദ്ദേഹം നിശ്ചയിച്ചതു് പ്രധാനമായും വിവേകാനന്ദന്റെ സത്യമഹത്ത്വത്തോടും ജീവിതദർശനത്തോടും തോന്നിയ ഉള്ളഴിഞ്ഞ ബഹുമാനാദരങ്ങൾകൊണ്ടായിരിക്കണമല്ലോ. അതുപോലെതന്നെ, ആശാൻ ബംഗാളിലുണ്ടായിരുന്നകാലത്തു്, സമൂഹപരിഷ്കരണലക്ഷ്യം മുൻനിർത്തി പ്രവർത്തിച്ചുപോന്ന ആദിബ്രഹ്മസമാജത്തിന്റെ കാര്യദർശിയും ആ സ്ഥാപനത്തിന്റെ ആഭിമുഖ്യത്തിൽ നടത്തിവന്ന പത്രത്തിന്റെ നായകനുമായി, വംഗകവിതാരംഗത്തു്

Digitized By Kerala Sahitya Akademi

ഒരു പുതിയ ശബ്ദവും വെളിച്ചവും ശോഭയും പരത്തി വിഖ്യാതി സമ്പാദിച്ചുകഴിഞ്ഞിരുന്ന രവീന്ദ്രനാഥടാഗോർ ഒരു മാതൃകയെന്ന നിലയിൽ ആശാനെ പ്രചോദിപ്പിക്കുകയും ആകർഷിക്കുകയും ചെയ്തിരിക്കാൻ വഴിയുണ്ട്. നാട്ടിൽ തിരിച്ചെത്തി ഏറെനാൾ കഴിയുംമുമ്പ്, അവശജനസമുദായത്തിൽപ്പെട്ട അനേകലക്ഷം 'ഇരുകാലിമാടു'കളുടെ യഥാർത്ഥമനുഷ്യത്വം വീണ്ടെടുക്കുന്നതിനും അവരുടെ മൗലികാവകാശങ്ങൾ സംരക്ഷിക്കുന്നതിനുമായി ശ്രീനാരായണന്റെ രക്ഷാധികാരത്തിൽ സമാരംഭിച്ച എസ്. എൻ. ഡി. പി. യോഗത്തിന്റെ കാര്യദർശിത്വവും അതിന്റെ മുഖപത്രമായ 'വിവേകോദയ'ത്തിന്റെ ആധിപത്യവും വഹിച്ച കുമാരകവി ഓർമ്മിപ്പിക്കുന്നത് ആ 'ദിവ്യകോകില'ത്തെത്തന്നെയല്ലേ? അങ്ങനെയായാലും, ആശാൻ അന്തരിക്കുന്നതിന് ഒരു വർഷം മുമ്പ് കേരളം സന്ദർശിച്ച വംഗമഹാകവിയുടെ പാദങ്ങളിൽ അദ്ദേഹം സമർപ്പിച്ച കാവ്യോപഹാരം ആത്മാവു നിറഞ്ഞുവഴിയുന്ന ഉദാത്തമായ അലിനന്ദപ്രവാഹത്തിന്റെ പ്രണാളികയാണെന്ന് നിർവിശങ്കം പറയാം.

ഹൈന്ദവതത്ത്വശാസ്ത്രങ്ങൾ ആഴത്തിൽ കടന്നു പഠിച്ചതോടൊപ്പം ബൗദ്ധദർശനരഹസ്യങ്ങൾ ഗ്രഹിച്ചതും വിദേശത്തുവച്ചാകാനാണിടയുള്ളത്. വൈദികമതം അനാചാരജടിലമായി അധഃപതിച്ച അവസരത്തിൽ അതിനെ വെല്ലുവിളിച്ച് രംഗപ്രവേശം ചെയ്ത ശ്രീബുദ്ധന്റെ സർവ്വഭൂതാശ്ലേഷിയും ഭേദചിന്താവിരുദ്ധവും സ്നേഹരസപരിപൂതവുമായ ഹൃദയത്താൽ ആകൃഷ്ടനായി ആ യുഗപുരുഷന്റെ ക്രാന്തദർശിതയെയും ജീവിതസന്ദേശത്തെയും, ഹൈന്ദവസമുദായത്തിലെ ഉച്ചനീചഭേദങ്ങൾ കണ്ടു പൊറുതിമുട്ടിയ ആശാൻ ആരാധിച്ചുതുടങ്ങിയതും ഇക്കാലത്താണെന്നു തോന്നുന്നു. ബുദ്ധമതത്തിലെ ധർമ്മമോക്ഷവിമർശങ്ങളുടെ സാമഞ്ജസ്യം നിരാക്ഷേപമാണെന്ന വിശ്വാസവും അദ്ദേഹത്തിനുണ്ടായിരുന്നതായി കാണുന്നു. പിൽക്കാലത്ത്, 'ലൈറ്റ് ഓഫ് ഏഷ്യ' എന്ന വിശ്രുതമായ ബുദ്ധചരിതകാവ്യത്തെ മതിമോഹനവും രോമഹർഷദവുമായവിധത്തിൽ പലവർഷം നീണ്ടുനിന്ന ആത്മസമർപ്പണബുദ്ധിയോടുകൂടി 'തുഞ്ചലാളിതയായ കൈരളി'യിൽ പുനരാഖ്യാനം ചെയ്തതും, ബുദ്ധന്റെ പതിതകാരുണികത്വം വ്യക്തമാക്കുന്ന രണ്ട് ഇതിവൃത്തങ്ങളെ അധികരിച്ച് 'ചണ്ഡാലഭിക്ഷുകി'യും 'കരുണ'യും രചിച്ചതും, അന്നാരംഭിച്ച വീരാരാധനയുടെ തെളിവുകളും ഫലങ്ങളുമാണ്. ഹിന്ദുമതത്തിനു പകരം ബുദ്ധമതത്തെ പ്രചരിപ്പിക്കാനും പ്രതിഷ്ഠിക്കാനുമല്ല, ഹിന്ദുമതത്തിൽ ഇഴുകിപ്പിടിച്ചിരുന്ന കറയും പിശിട്ടും കഴുകിക്കളഞ്ഞു ശുദ്ധീകരിക്കാനുതകുന്ന ഒരു മഹച്ചരിതത്തെ വർണ്ണിച്ചു പാടി ഹൈന്ദവസമുദായപരിഷ്കരണം നിർവ്വഹിക്കാനാണ് ആശാൻ ഈ കൃതികൾമുഖേന ഉദ്യമിച്ചത്. ഒരു സംഘടിതമതമെന്ന നിലയിൽ ബുദ്ധമതം ഹിന്ദുമതത്തേക്കാൾ

Digitized By Kerala Sahitya Akademi

വരണീയമാണെന്നും ഹിന്ദുമതാനുയായികളുടെ ദുരവസ്ഥ പരിഹരിക്കാൻ പറ്റിയ മാർഗ്ഗം ബുദ്ധമതസ്വീകരണമാണെന്നുമുള്ള അഭിപ്രായത്തെ ഒരു അന്ത്യകാലകൃതിയായ 'മതപരിവർത്തനരസവാദ'ത്തിൽ ആശാൻ സയുക്തികം ഖണ്ഡിച്ചു നിലംപരിശാക്കിയിട്ടുണ്ട്. അമ്പലത്തിനു കല്ലു ചുമന്നു ശീലിച്ച ആളുകളെക്കൊണ്ട് വിഹാരങ്ങൾക്കു കല്ലു ചുമപ്പിക്കുന്നതിൽ അവിവേകവും മൗഢ്യവുമല്ലാതെ അദ്ദേഹം മറ്റൊന്നും കാണുന്നില്ല.

ഇരുപതാംനൂറ്റാണ്ടു പിറന്ന വർഷത്തിലാണ് ആശാൻ സ്വദേശത്തു തിരിച്ചെത്തിയത്; അഞ്ചുവർഷം മുമ്പു പുറപ്പെട്ടതെവിടെനിന്നോ ആ യോഗിവാടത്തിൽത്തന്നെയാണു മടങ്ങിവന്നതും. പുറപ്പെട്ടകാലത്തു ജീവിതത്തോടുണ്ടായിരുന്ന അടിസ്ഥാനപരമായ സമീപനത്തിനു യാതൊരു മാറ്റവും പുതിയ അനുഭവങ്ങൾ ഉളവാക്കിയിരുന്നില്ല. ഭക്തിജ്ഞാനവൈരാഗ്യങ്ങൾ മുമ്പത്തെതിലും വർദ്ധിച്ചിരുന്നു എന്നുപോലും പറയാം. 1901-ൽ രചിച്ച ശിവസ്തോത്രമാലയും പ്രവാസകാലത്തോ അതുകഴിഞ്ഞധികം ചെല്ലുംമുമ്പോ എഴുതിയ 'ലോകം', 'കളകണ്ഠഗീതം' എന്നീക്കവിതകളും ശാങ്കരശതകാദിസ്തോത്രങ്ങളുമെല്ലാം ഈ വസ്തുത വിളംബരംചെയ്യുന്നു. ചപലമായ അവസ്ഥാജാലങ്ങളെയും അതിനെ കാക്കുന്ന ബഹുവിപത്തുകളെയും ക്രൂരമായി നടമാടുന്ന മൃത്യുവിനെയുമാണ് കവി പ്രപഞ്ചമൊട്ടുക്കു ദർശിക്കുന്നത്. 'കണ്ണേറുകൊണ്ടു കലുഷക്കടലിൽ കമഴ്ത്തുന്ന' കാമിനികളെയും അതുപോലുള്ള സ്വാദ്യങ്ങളായ എല്ലാ വിഷയങ്ങളെയും ഗർഹണംചെയ്ത് ''പരമപദപദാംഭോജരേണുപ്രസാദ''മൊന്നേ മൃത്യുഞ്ജയമായുള്ളു എന്നു ചേർത്തും പേർത്തും തറപ്പിച്ചു പറയുകയാണ് എല്ലാ കൃതികളിലും.

''ത്വൽപ്പാദചിന്തനകൾ ദേവ, യിനിക്കു യോഗ-
ശില്പങ്ങളായ് വരിക, നിൻചരിതാമൃതങ്ങൾ
കല്പങ്ങളായ് വരിക, യെൻകരണേന്ദ്രിയങ്ങൾ
പുഷ്പങ്ങളായ് വരിക നിൻപദപൂജചെയ്വാൻ.

ഇദ്ദേഹമിന്ദ്രിയവുമർത്ഥവുമാകമാക-
മുദ്ദാമമാമറിവെഴുന്നറിവും ചെടിഞ്ഞു
അദ്വൈതമായൊഴുകുമൻപതിലാഴ്ന്നൊഴിഞ്ഞെൻ
ചിദ്ദേവതേ, ചിരമിരിപ്പതുമെന്നഹോ! ഞാൻ.

ഭക്തിയും ജ്ഞാനവും കൂടിക്കുഴഞ്ഞുള്ള അനുഭൂതിയുടെ ഇത്തരം ആവിഷ്കാരങ്ങൾ സുലഭങ്ങളാണ് അവയിൽ. "ബ്രഹ്മസത്യം ജഗന്മിഥ്യ" എന്ന വേദാന്തിയുടെ മൗലികമായ നിലപാടുതന്നെയാണ് എല്ലായിടത്തും കാണുക. എന്തിന്?—പാശ്ചാത്യദേശത്തെ മികച്ച കാല്പനികകവികളിൽ കണ്ട ചേതോഹരമായ ഭാവശ്രീപ്പൊലിമയെയും അനുഭൂതിസാന്ദ്രതയെയും ഏകാഗ്രധ്യാനംമൂലം ആവാഹിച്ചവ

Digitized By Kerala Sahitya Akademi

ങ്ങി അവയുംക്കൊള്ളിച്ചു രചിച്ച 'വീണപൂവ്' എന്ന നൂതന കാവ്യശില്പത്തിൽപ്പോലും 'അവനിവാഴ്‌വു കിനാവാ'ണെന്നും അതിനെപ്പററി ക്ലേശിക്കുന്നതു് 'ആത്മപരിപീഡനവും അജ്ഞതയോഗ്യ'വുമാണെന്നും ഔപനിഷദോക്തികൾ മാത്രമേ ശാന്തിയരുളുകയുള്ളൂ എന്നതുകൊണ്ടു് ആശാഭരം ശ്രുതിയിലർപ്പിക്കണമെന്നുമുള്ള ചിന്തകളാണു് അകപ്പൊരുളും അടിയൊഴുക്കും. എന്നാൽ സ്വദേശവാസം പുനരാരംഭിച്ചതിനും 'വീണപൂവ്' രചിച്ചതിനുമിടയ്ക്കുള്ള കാലഘട്ടത്തിൽ ആംഗ്ലേയകവിതകളുമായി മുൻകൂട്ടിയുദിച്ച പ്രണയബന്ധം തുടർന്നു പുലർത്തിപ്പോന്നിരിക്കണം. ആ വേഴ്ചയുടെ പ്രകടമായ തെളിവുകളെന്നോണം 'അഹിംസ', 'നമ്മുടെ മൂടുപടം', 'ജീവിതവും മരണവും' എന്നീ പേരുകളിൽ ചില ആംഗലകവിതകൾ ഇക്കാലത്തു് ആശാൻ പരിഭാഷപ്പെടുത്തുകയും ചെയ്തിട്ടുണ്ടു്.

'അന്യജീവനുതകി സ്വജീവിതം ധന്യമാക്കുക' എന്ന ആദർശത്തിന്റെ പ്രായോഗികരൂപമായ നിഷ്കാമസാമൂഹികസേവനത്തിനു് 1903-ൽ നിയുക്തനായ സന്ദർഭം ആശാന്റെ ജീവിതത്തിലെ സുപ്രധാനമായ ഒരു വഴിത്തിരിവു കുറിക്കുന്നു. താൻ നടന്നുവന്ന നിവൃത്തിമാർഗ്ഗത്തിൽക്കൂടിത്തന്നെ ഒരുപക്ഷേ, എന്നന്നേക്കും സഞ്ചരിക്കാനിടയുണ്ടായിരുന്ന 'ചിന്നസ്വാമി' സാഹചര്യങ്ങളുടെ പ്രേരണയും ഗുരുനിയോഗവുമനുസരിച്ചു്, വെട്ടിത്തിരിഞ്ഞു് പരാർത്ഥമായ പ്രവൃത്തിമാർഗ്ഗത്തിൽ പ്രവേശിക്കുകയാണുണ്ടായതു്. ആ വഴിക്കു്, ഇടറാതെയും പതറാതെയും പതിനേഴോളം വർഷം സഞ്ചരിച്ചതുതന്നെ അസാമാന്യമായ ഒരു ശക്തിപരീക്ഷണമാണു് ഏതു കർത്തനെ സംബന്ധിച്ചും. എണ്ണത്തിൽ അധികമുണ്ടെങ്കിലും തികച്ചും അസംഘടിതമായി വർത്തിക്കുന്ന ഒരവശജനസമുദായത്തെ സംഘടിപ്പിച്ചു പ്രബലമാക്കുകയും അതിനുള്ളിലും പുറത്തും വളർച്ചയ്ക്കും ഉന്നതിക്കും തടസ്സമായി നില്ക്കുന്ന പ്രതികൂലശക്തികളെ ഫലപ്രദമായി നേരിടുന്നതിനു വേണ്ട ഉപായങ്ങൾ തെളിഞ്ഞ വിവേകത്തോടും യാഥാർത്ഥ്യബോധത്തോടും കാലാവലോകനകുശലതയോടുംകൂടി പ്രയോഗിച്ചു ഫലിപ്പിക്കുകയുമാണു് ഈ നീണ്ടകാലമത്രയും വിധിക്കപ്പെട്ട കർത്തവ്യമെങ്കിൽ, അസാധാരണ മേധാശാലികൾക്കുപോലും അതെത്ര കഠിനമായ വെല്ലുവിളിയായിരിക്കും! ജനമദ്ധ്യത്തിലിറങ്ങിച്ചെന്നു ചെയ്യേണ്ട സംഘടനാപ്രവർത്തനങ്ങൾ പ്രസംഗങ്ങളിലും സംഭാഷണങ്ങളിലും പത്രപംക്തികളിലുംകൂടിയുള്ള ഉദ്ബോധനങ്ങൾ, സർക്കാരിനോടുള്ള അവകാശവാദങ്ങളും നിവേദനങ്ങളും, തുടരെ എഴുത്തുകുത്തുകൾ, കൃത്യമായി കണക്കു സൂക്ഷിക്കൽ എന്നിങ്ങനെ അത്യന്തം ശ്രമകരമായ പ്രവൃത്തികൾ മിക്കവാറും ഒറ്റയ്ക്കുതന്നെ നിർവ്വഹിച്ചുകൊണ്ടുപോകാൻ കഴിഞ്ഞ ആശാന്റെ നിശ്ചയദാർഢ്യവും കർമ്മകുശലതയും ഊർജ്ജസ്വലതയും ആരെയും അദ്ഭുതപ്പെടുത്തും. ഈ പ്രയത്നപരമ്പരയ്ക്കിടയ്ക്കാണു തന്റെ ജന്മസിദ്ധമായ സാക്ഷാൽ മേൽവിലാസം ഏതെന്നു ശരിക്കും

Digitized By Kerala Sahitya Akademi

അറിഞ്ഞിരുന്ന ആ കവി സർഗ്ഗതപസ്യയ്ക്കു വേണ്ട ധ്യാനശക്തിയും ഓജസ്സും സമയവും കണ്ടെത്തിയതു്. ആ മുഹൂർത്തങ്ങളിലൊക്കെ കലാദേവത കുടികൊള്ളുന്ന ഗർഭഗൃഹത്തിൽ ധ്യാനശീലനായി സ്ഥിതിചെയ്യുന്ന ആ സാധകൻ, തന്നിലെ സാമൂഹ്യപ്രവർത്തകനെ പുറത്താക്കി വാതിൽ ബന്ധിക്കാൻ സശ്രദ്ധം നിഷ്കർഷിച്ചിട്ടുണ്ടു്. പുറത്തു നിർത്തപ്പെട്ടയാൾ ആ നിഷ്കർഷം കൂട്ടാക്കാതെ വാതിൽ തള്ളിത്തുറന്നു് അകത്തുകയറി ധ്യാനഭംഗം വരുത്തിയിട്ടുള്ള അവസരങ്ങൾ നന്നേ കുറയും. സുദീർഘകാലം ഒരു തികഞ്ഞ സാമൂഹികപ്രവർത്തകനായിരുന്നുവെങ്കിലും ആ രംഗത്തു തനിക്കുള്ള ആശയങ്ങളും ക്രിയാപരിപാടികളും പ്രചരിപ്പിക്കുന്ന ഒരുപകരണമായോ ദൂതനായോ ആശാൻ മനഃപൂർവ്വം രചിച്ചിട്ടുള്ള കവിതകളുടെ എണ്ണം, മൊത്തം കൃതികളുടെ തുച്ഛമായ ഒരു ശതമാനം മാത്രമാകുന്നതിനു് ഇതാണു കാരണം. ഉത്തമകലാസൃഷ്ടികളെന്ന നിലയിൽ വിലയിരുത്തുമ്പോൾ അവ ഇതരകൃതികളുടെ പുറകിലേ നിൽക്കുകയുള്ളു എന്നു് ആശാനിലെ അഭിജ്ഞനായ കലാകാരൻ വിശ്വസിച്ചിരുന്നില്ലേയെന്നു തോന്നും, 'ഇപ്പാഴ്പാട്ടാമെളിയവിജ്ഞാപനം' എന്ന ദുരവസ്ഥയെക്കുറിച്ചു സ്വയം അഭിപ്രായപ്പെടുന്നതു കാണുമ്പോൾ.

ഔദ്യോഗികപദവിയും തന്മൂലം ഉന്നതസ്ഥാനങ്ങളിൽ ചെലുത്താൻ കഴിഞ്ഞ വമ്പിച്ച സ്വാധീനശക്തിയും വ്യക്തിപരമായ കാര്യലാഭങ്ങൾക്കായി ഉപയോഗിക്കുവാൻ ആശാന്റെ അചഞ്ചലമായ ധർമ്മനിഷ്ഠ ഒരിക്കലും അനുവദിച്ചിരുന്നില്ല. ഗൂഢതന്ത്രങ്ങളും കപടമാർഗ്ഗങ്ങളുംകൊണ്ടു് സാമൂഹികലക്ഷ്യങ്ങൾ നേടിയെടുക്കുന്ന രീതിയും അദ്ദേഹം ഇഷ്ടപ്പെട്ടില്ല. ഇത്തരമൊരു പ്രകൃതക്കാരൻ അജാതശത്രുവാകുക അത്ര സ്വാഭാവികമല്ലല്ലോ. വലിയ കുലീനത്വമോ, 'മാന്യത'യ്ക്കു വേണ്ട ചുറ്റുപാടുകളോ ഇല്ലാത്ത ഒരുവൻ സമുദായാചാര്യനായ സ്വാമിയുടെ സ്നേഹവാത്സല്യപ്രചുരിമ പിടിച്ചുപറ്റി അദ്ദേഹത്തിന്റെ വലംകൈ ആയിത്തീർന്നതും, യോഗം കാര്യദർശിയെന്ന നിലയ്ക്കു് അയാളുടെ പ്രശസ്തിയും സ്വാധീനബലവും നാൾക്കുനാൾ വർദ്ധിച്ചതും, യോഗഭരണത്തിൽ അന്യരുടെ അനാശാസ്യമായ കൈകടത്തലുകൾക്കു വഴങ്ങാൻ അയാൾ കൂട്ടാക്കാത്തതുമെല്ലാം കണ്ടു് അസൂയാകലുഷരായിഭവിച്ച ഈഴവസമുദായാംഗങ്ങളിൽ ചിലർതന്നെ ആശാനെ തേജോവധം ചെയ്യാൻ പലവിധത്തിൽ ശ്രമിക്കുകയുണ്ടായി. ചിരകാലബ്രഹ്മചര്യത്തിനുശേഷം 1917-ൽ പൊടുന്നനവേ ആശാൻ വിവാഹിതനാവുകയും കൂടിച്ചെയ്തപ്പോൾ ഇക്കൂട്ടരുടെ സ്വഭാവഹത്യാകൗതുകം വിജൃംഭിതമായി. സമുദായത്തിന്റെ മുന്നിൽ നേതാവിനെ ഇടിച്ചുതാഴ്ത്തിക്കാണിക്കുവാനുള്ള മാർഗ്ഗങ്ങൾ അവർ ആരായുകയായി. സ്വാർത്ഥസിദ്ധ്യർത്ഥം അണിഞ്ഞിരിക്കുന്ന കപ്പായമാണു് ആശാന്റെ സ്വാമിഭക്തിയെന്നും ബ്രഹ്മചര്യാഭിനയത്തിനടിയിൽ ഒളിഞ്ഞിരിക്കുന്നതു് അസാന്മാർഗ്ഗികനടപടികളാണെന്നും യോഗസംബന്ധമായ

Digitized By Kerala Sahitya Akademi

പദവി തൻകാര്യത്തിനുവേണ്ടി ദുർവ്വിനിയോഗം ചെയ്യുകയാണെന്നും പ്രചരിപ്പിക്കാനായിരുന്നു അവർ കാപ്പുകെട്ടിയതു്. ജിതേന്ദ്രിയനും കൃശബുദ്ധിയുമായ മുനിയെപ്പോലെ വേണം, ദുഷ്ടമൃഗങ്ങളും നിറഞ്ഞ മഹാവനംപോലെ ദുർഗ്ഗമമായ പൊതുക്കാര്യരംഗത്തു കൃത്യനിഷ്ഠയോടെ പ്രവർത്തിക്കുന്നവർ സഞ്ചരിക്കേണ്ടതെന്നു് അറിഞ്ഞിരുന്ന ആശാൻ, സത്യസന്ധവും ധർമ്മനിരതവുമായ അന്തഃകരണത്തെ കൃത്യമാർഗ്ഗത്തിൽ വിഷമിപ്പിക്കുന്ന ദുശ്ശക്തികളെക്കൊണ്ടു പൊറുതിമുട്ടിയപ്പോഴും എഴുതിയ 'ഗ്രാമവൃക്ഷത്തിലെ കുയിലും',

' ജീവിതരംഗത്തിലതിമാനമൊടു ഞാനെൻ
ദേവി തുണനിൽക്കിൽ വിജയിപ്പനതിനാലേ
പൂവിൽ മണവും മണിവിളക്കിലൊളിയുംപോൽ
നീ വിലസുകെൻെറ, മനതാരിൽ മറയാതെ.''

എന്നു തൻെറ ആത്മവിശുദ്ധിയോടുതന്നെ മന്ത്രിക്കുന്ന 'നിഷ്പടതയോടു്'' എന്ന ലഘുകൃതിയും, '[illegible]' രത്നംപോലെ പുറത്തുമാത്രം തിളക്കമുള്ള തിന്മയുടെമേൽ നന്മയ്ക്കുള്ള അന്തിമവിജയത്തെ ഉപശ്ലോകനംചെയ്യുന്ന 'ഗുണനിഷ്ഠ' എന്ന ചെറുകാവ്യവും ഈ അപവാദപ്രസ്ഥാനത്തിൻെറ അടിസ്ഥാനത്തിൽ വേണം പരിശോധിക്കേണ്ടതു്. 1919-ൽ സെക്രട്ടറിസ്ഥാനത്തുനിന്നും വിരമിച്ച ആ കർമ്മഭടൻ, 'കാലം കുറഞ്ഞ ദിനമെങ്കിലും ഏറെനല്ല ദീർഘമായ ഗൃഹസ്ഥാശ്രമജീവിതം നയിക്കുകയും താരതമ്യേന പ്രശാന്തവും നറുതേൻ നിറഞ്ഞുതുളുമ്പി, സുഗന്ധപരിവാഹിയായി, വികാസപൂർണ്ണിമയെത്തിയ സ്വപ്രതിഭയുടെ സ്വച്ഛന്ദവ്യാപാരത്തിനു് അനുരൂപമായ ആ അന്തരീക്ഷത്തെ പരമാവധി ഫലവത്താക്കാൻ ഉത്സാഹിക്കുകയുംചെയ്യുന്നതിനിടയിൽപ്പോലും ആയുശ്ശേഷമായ അഞ്ചുവർഷം സമുദായാഭിവൃദ്ധിയിൽ ശ്രദ്ധപതിപ്പിക്കാൻ മറന്നുപോയില്ല.

## അന്തസ്സംഘർഷത്തിൻെറ കവിത

ആശാൻെറ ജീവിതത്തിലെ പ്രധാനപ്പെട്ട ചില സംഭവങ്ങളുടെയും അനുഭവങ്ങളുടെയും ഒരു ലഘുമാത്രവിവരണമാണു മുകളിൽ കുറിച്ചതു്. ശ്രീനാരായണഗുരുസ്വാമികളും ആശാനും തമ്മിൽ മുപ്പതിൽപ്പരം വർഷം പുലർത്തിവന്ന പ്രഗാഢമായ ഗുരുശിഷ്യബന്ധം ആശാൻെറ ജീവിതത്തിലും കവിതയിലും ഉളവാക്കിയ പ്രതികരണങ്ങളെക്കുറിച്ചു് സാമാന്യം ദീർഘമായിത്തന്നെ പ്രതിപാദിക്കുകയും ചെയ്തു. കഠിനമായ തപശ്ചര്യയിലൂടെ ഇന്ദ്രിയനിഗ്രഹംചെയ്തു് മോഹനമായ ഭുവനസംഗം ഉപേക്ഷിച്ച ഒരു യതീന്ദ്രൻെറ നിയന്ത്രണത്തിനു വിധേയനായി ബ്രഹ്മചര്യാദി നിയമങ്ങളും പരിപാലിച്ചും, ബുദ്ധിയെ ആത്മജ്ഞാനനിരതമാക്കി വ്യാപരിപ്പിച്ചും, ഭോഗലോലുപമായ ലോകത്തിൻെറ നശ്വരതയെക്കുറിച്ചു ബോധ്യപ്പെട്ടും,

Digitized By Kerala Sahitya Akademi

ജീവിച്ചിരുന്ന ആശാൻ കുറെ ഭക്തിഗീതങ്ങളും അദ്ധ്യാത്മതത്ത്വപ്രതിപാദകങ്ങളായ കൃതികളും എഴുതിയതു തികച്ചും സ്വാഭാവികമാണെന്നും സൂചിപ്പിച്ചുകഴിഞ്ഞു. എന്നാൽ 'വീണപൂവു' തൊട്ടു 'കരുണ'വരെയുള്ള ആശാന്റെ കാവ്യങ്ങളിൽ ഭക്തിയും വിരക്തിയുമല്ല സ്നേഹമാഹാത്മ്യമാണ് അന്തർധാരയായി അനുഭവപ്പെടുന്നതു്. 'വീണപൂവി'ന്റെ ദയനീയാവസ്ഥ കവി വർണ്ണിക്കുമ്പോൾ പ്രേമഭംഗം ഭവിച്ച ഒരു യുവതിയുടെ ദുരന്തമാണ് അനുവാചകന്റെ ഹൃദയത്തിൽ ഊറിക്കൂടി വന്നലയ്ക്കുന്നതു്. 'ഒരു സ്നേഹം' എന്നുകൂടി പേരുള്ള 'നളിനി'യിലെ നായിക പരിപാവനസ്നേഹത്തിനുവേണ്ടി ആത്മാർപ്പണംചെയ്തു മരണത്തെപ്പോലും മധുരീകരിച്ചവളാണ്. ലൗകികഭോഗങ്ങൾക്കു വിലകല്പിക്കാത്ത യുവയോഗിയാണു നായകനെങ്കിലും അയാൾക്കു നളിനിയുടെ അനർഘസ്നേഹത്തെ മാനിക്കാതിരിക്കാൻ സാദ്ധ്യമല്ല. 'കലിതഗുണദീപിക'യായ ആ 'സുകുമാരചേതന'യുടെ 'ധ്യാനയോഗ്യചരിതം' സ്മരിച്ച യോഗിമാനസം പരിപവിത്രവും അവൾ സിദ്ധിപ്രാപിച്ച അദ്ദേഹത്തിന്റെ ശരീരം 'മഹിതതീർത്ഥഭൂമി'യുമായിത്തീരുന്നു. 'ലീല'യിലേക്കു കടക്കുമ്പോൾ കാര്യപരിഗ്രഹേച്ഛാസ്വാതന്ത്ര്യം നിരോധിക്കപ്പെട്ടിട്ടും അനിരുദ്ധഗതിയോടെ കാമുകോന്മുഖമായി പ്രവഹിക്കുന്ന നായികാപ്രേമമാണു കാണുന്നതു്. ഹീനജാതിയിൽപ്പെട്ട ഒരു ചണ്ഡാലയുവതിക്കു് ഒരു യുവഭിക്ഷുവിലുണ്ടായ ഹൃദയാസക്തിയും അഭിനിവേശത്തിന്റെ വിശിഷ്ടപരിണാമങ്ങളും ചിത്രീകരിക്കുന്നു 'ചണ്ഡാലഭിക്ഷുകി'. ദുർഗ്ഗതിവശാൽ തമ്മിൽ സന്ധിച്ച സ്നേഹാനുകമ്പകൾ പരസ്പരം പകന്ന ഒരു ബ്രാഹ്മണകന്യകയും പുലയയുവാവും സമുദായത്തിന്റെ അറിവും സമ്മതവും കൂടാതെ ഭാര്യാഭർത്താക്കന്മാരാകുന്ന രംഗമാണ് 'ദുരവസ്ഥ'യിലുള്ളതു്. കുലത്തൊഴിലായ വേശ്യാവൃത്തിയിൽ വ്യാപരിക്കുന്ന ഒരുവളുടെ ഹൃദയത്തിൽ അകൃത്രിമപ്രണയത്തിന്റെ ഉറവൂറുന്നതും പ്രേമഭാജനമായ ബുദ്ധശിഷ്യൻ കരുണാർദ്രമനസ്സനായി ആ പാംസുലയെ പാപവിമുക്തയാക്കുന്നതും 'കരുണ'യിൽ പ്രതിപാദിക്കുന്നു. സുപരീക്ഷിതമായ രാഗത്തെ അവഗണിച്ചു്, പൂർണ്ണഗർഭിണിയായിരിക്കെ, ഭർത്താവു് വനമദ്ധ്യത്തിൽ വലിച്ചെറിഞ്ഞിട്ടും അടിയുറച്ച പ്രണയത്തിനു തെല്ലുപോലും കുറവുവരാത്ത സ്നേഹോദിതമായ സ്വാതന്ത്ര്യം പ്രയോഗിച്ചു് അദ്ദേഹത്തെ വിമർശിക്കയാണ് 'ചിന്താവിഷ്ടയായ സീത'. കേരളത്തിനും കൈരളിക്കും അഭിമാനപാത്രമായി പ്രശോഭിച്ചിരുന്ന എ. ആർ. രാജരാജവർമ്മയുടെ ദേഹവിയോഗത്തിൽ സ്നേഹബഹുമാനനിർഭരമായ കവിഹൃദയം വിലപിക്കുന്നതു 'പ്രരോദന'ത്തിലൂടെ കേൾക്കാം. ഇങ്ങനെ സ്നേഹത്തിന്റെ രൂപഭേദങ്ങളെയാണ് തന്റെ കാവ്യങ്ങളിലെങ്ങും മുനിശിഷ്യനായ കവി വാഴ്ത്തുന്നതു്. ''ലോകാനുരാഗമിയലാത്തവരേ, നരന്റെയാകാരമാർന്നിവിടെ നിങ്ങൾ ജനിച്ചിടായ്‌വിൻ'' എന്നും ''സ്നേഹത്തെക്കരുതിസ്സ്വയം കഴി

Digitized By Kerala Sahitya Akademi

കിൽ നൂറാവൃത്തി ചത്തീടാവിൻ'' എന്നും വ്യക്തമായും ശക്തമായും ആശാൻ പ്രശംസിക്കുന്ന ലോകരക്തിയും ഭോഗത്യാഗാധിഷ്ഠിതമായ സന്ന്യാസസമ്പ്രദായത്തിൽ അദ്ദേഹത്തിനു ലഭിച്ച ശിക്ഷണവും തമ്മിൽ തീർച്ചയായും പൊരുത്തക്കേടുണ്ട്. ജന്മസിദ്ധമായ കവിപ്രതിഭകൊണ്ട് അനുഗൃഹീതനായ ആ കലാകാരന്റെ വൈകാരികമണ്ഡലം സ്വാഭാവികമായും 'തമഃപ്രകാശശബളശ്രീയൊത്ത മധ്യോർവിയിൽ' അനുരക്തമായിരുന്നു. സഹൃദയനെ നിമിഷംതോറും രസോന്മേഷിയാക്കുന്നത് ആ 'ചലഭോഗഭ്രൂ'വാണെന്നും ഭൂലോകജീവിതംതന്നെയാണ് കവിക്ക് എക്കാലവും രസകാമധേനുവായിട്ടുള്ളതെന്നും ഏതുത്തമകലാകാരനേയുംപോലെ ആശാൻ വിശ്വസിച്ചു. അതേ അവസരത്തിൽ ഈ വിശ്വാസത്തോട് ഇണങ്ങിച്ചേരാനാവാത്തവിധം വേദാന്തജ്ഞാനസമ്പന്നമായ ചിന്താമണ്ഡലവും ലോകഭോഗാനുഭൂതികളിൽ നിസ്സംഗത്വം ദീക്ഷിക്കാൻ പ്രേരിപ്പിക്കുന്ന സാഹചര്യങ്ങളുമാണ് ആശാനുണ്ടായിരുന്നത്. ഇങ്ങനെ ഒരു വശത്ത് കവിസഹജമായ മനോവാസനകളും വൈകാരികബന്ധങ്ങളും; മറുവശത്ത് ബുദ്ധിഗോചരവും ജീവിതചര്യോദ്ഭിന്നവുമായ അനുഭവങ്ങളും—തുല്യബലങ്ങളായ ഈ ആന്തരശക്തികളുടെ പരസ്പരസംഘർഷം അറിഞ്ഞും അറിയാതേയും ആശാന്റെ അന്തരംഗത്തിൽ നെടുനാൾ നടന്നുകൊണ്ടിരുന്നു. അദ്ദേഹത്തിന്റെ കവിതകൾക്ക് ആഴവും ഊക്കവും ശക്തിയും ഗാംഭീര്യവുമരുളിയത് ഈ അന്തഃസംഘർഷമാണെന്നു തോന്നുന്നു. 1903-ൽ എസ്. എൻ. ഡി. പി. യോഗത്തിന്റെ സ്ഥാപനത്തെത്തുടർന്ന് ആശാൻ വളരെക്കാലത്തേക്ക് അന്യാത്ഥമെങ്കിലും ലൗകികങ്ങളായ വിഷയങ്ങളിൽ വ്യാപൃതനാകുന്നതും, ഉത്തമനായ ഒരു കവിയായിരിക്കണമെങ്കിൽ ജീവിതത്തിന്റെ എല്ലാ വശങ്ങളും അനുഭവപ്പെട്ടിരിക്കണമെന്നും തന്റെ കവിത്വശക്തിയെ പൂർവ്വാധികം വികസ്വരവും ജീവിതത്തെ പരിപൂർണ്ണവുമാക്കുന്നതിന് അന്നുവരെ താൻ അറിഞ്ഞിട്ടില്ലാത്ത ഗൃഹസ്ഥാശ്രമാനുഭൂതികൾക്കു കഴിവുണ്ടെന്നും തീരുമാനിച്ചുകൊണ്ട് സാധാരണ ലോകരീതിയിൽനിന്നു ഭിന്നമായി 45-ാമത്തെ വയസ്സിൽ ദാമ്പത്യബന്ധത്തിൽ പ്രവേശിക്കുന്നതും, ഈ സംഘർഷത്തിന്റെ ബാഹ്യചിഹ്നങ്ങളാണ്. മേൽപ്പറഞ്ഞ രണ്ടു ശക്തികളിൽ ഒന്നാമത്തേതിന്റെ മുന്നേറ്റമാണ് ഈ സംഭവങ്ങൾ സൂചിപ്പിക്കുന്നത്. ആശാന്റെ കാവ്യങ്ങളുടെ ഉറവിടവും സൗന്ദര്യഹേതുവും പ്രഥമശക്തിയാണ്; പക്ഷേ, ദ്വിതീയശക്തിയുടെ സമ്പർക്കം നിസ്സാരമായിരുന്നു എന്നു പറഞ്ഞുകൂടാ. ആശാൻ വർണ്ണിക്കുന്ന മാനുഷഭാവങ്ങളെ വിമലീകരിച്ച് ഉദാത്തമായ ഒരു മേഖലയിലേക്ക് ഉയർത്തുന്നത് ആ ശക്തിയാണ്. വെണ്മണിയും മറ്റു പല മലയാളകവികളും പച്ചക്കാമത്തിന്റെ പര്യായമായി തരംതാഴ്ത്തിയ സ്ത്രീപുരുഷബന്ധത്തെ പവിത്രമായ ആത്മൈക്യമായി ആശാൻ നിർവചിക്കുന്നതും, നശ്വരജീവിത

Digitized By Kerala Sahitya Akademi

ത്തെ ജീവിതവ്യമാക്കുന്നതു മനുഷ്യന്റെ സ്നേഹശക്തിയാണെന്നും അതിനെ എത്രമാത്രം വികസ്വരവും വിശുദ്ധവുമാക്കുന്നുവോ അത്രയ്ക്കു മനുഷ്യൻ ധന്യനായിത്തീരുന്നുവെന്നും അദ്ദേഹം പ്രഖ്യാപിക്കുന്നതും, സ്ത്രീപുരുഷന്മാരുടെ ഉഭയാഭിലാഷം എന്ന അർത്ഥംമാത്രം സ്നേഹത്തിനു കല്പിക്കാതെ അതിനെ മനുഷ്യവർഗ്ഗത്തെ ആകമാനം ഉൾക്കൊള്ളാൻ കഴിയുന്ന സർവോന്നതഭാവമാക്കി അവതരിപ്പിക്കുന്നതും പ്രസ്തുത ശക്തിയുടെ പ്രേരണകൊണ്ടാണു് (പാശ്ചാത്യരായ പല കാല്പനികകാവ്യരചയിതാക്കളെയും സ്നേഹസങ്കല്പം ആശാനു് മാർഗ്ഗദർശനം ചെയ്തിട്ടുണ്ടെന്ന വസ്തുത വിസ്മരിക്കാൻ പാടില്ല.) കേവലം ഇന്ദ്രിയാനന്ദജനകങ്ങളായ വസ്തുക്കളെ വിസ്തരിച്ചു വർണ്ണിക്കാൻ അദ്ദേഹം ഇഷ്ടപ്പെടാഞ്ഞതും ഇക്കാരണത്താലായിരിക്കണം. വസ്തുവർണ്ണനത്തിലും ഭാവാവിഷ്കരണത്തിലും കാവ്യശില്പസാമഗ്രികളുടെ പ്രയോഗത്തിലും ആശാൻ പ്രകടിപ്പിക്കുന്ന മനോനിയന്ത്രണത്തിന്റെ കാരണവും ഇതുതന്നെ ആയിക്കൂടെന്നില്ല.

മേൽപ്പറഞ്ഞ ആഭ്യന്തരസംഘർഷം ആശാന്റെ അവസാനകാലം വരെ മിക്കവാറും അപരിഹൃതമായി അവശേഷിച്ചു എന്നു വേണം വിചാരിക്കാൻ. ആശാൻകവിതകളിൽനിന്നു് കവിയുടെ ജീവിതതത്ത്വദർശനത്തിന്റെ സ്വരൂപം ഗ്രഹിക്കാനൊരുങ്ങുമ്പോൾ ചില നിരപ്പുകേടുകളും, വൈരുദ്ധ്യങ്ങൾതന്നെയും, നാം കണ്ടെത്തുന്നതു് ഈ പരിഹാരരഹിതമായ വികാരസംഘട്ടനംനിമിത്തമാണു്. വേദാന്തവിശ്വാസിയായിരിക്കെത്തന്നെ സ്നേഹഗായകനാവുക, പ്രപഞ്ചത്തിന്റെ നിസ്സാരതയിലും നിയതിയുടെ ഉച്ഛൃംഖലഗതിയിലും പ്രത്യയമർപ്പിച്ചുകൊണ്ടു് 'സ്നേഹമാണഖിലസാരമൂഴിയിൽ' എന്നു് ഉദ്ഘോഷിക്കുക എന്നിങ്ങനെ വേണ്ടത്ര പൊരുത്തപ്പെടാനാവാത്ത രണ്ടു വീക്ഷണകോടികൾ ആശാന്റെ കൃതികളിൽ പ്രത്യക്ഷപ്പെടുന്നുണ്ടു്. "ഭിന്നനാമങ്ങളും ഭിന്നരൂപങ്ങളുംകൊണ്ടു നാം വ്യവഹരിക്കുന്ന പ്രാപഞ്ചികവസ്തുക്കളെല്ലാം മായാവിലാസജന്യങ്ങളാണു"; എപ്പോഴും മാറിക്കൊണ്ടിരിക്കുന്ന അവയെച്ചൊല്ലി സുഖിക്കുകയും ദുഃഖിക്കുകയും ചെയ്യുന്നതു് അവിദ്യാമൂലമാകുന്നു; മരണംപോലും ഒരു മാററമെന്നേ കരുതേണ്ടതുള്ളൂ; മരണത്തോടുകൂടി ജീവിതം അവസാനിക്കുന്നില്ല; കർമ്മഗതി അനുസരിച്ചു ദേഹികൾ വീണ്ടും ശരീരം കൈക്കൊള്ളുന്നു; പ്രപഞ്ചത്തിലെ വസ്തുജാതവും അവയെ ആസ്പദമാക്കിയുള്ള സുഖദുഃഖങ്ങളും ക്ഷണികങ്ങളും ചഞ്ചലങ്ങളുമായിരിക്കെ അവയിൽ മുങ്ങുകയല്ല, അവയിൽനിന്നു മുക്തിനേടുകയാണു് ജ്ഞാനിയായ മനുഷ്യൻ ചെയ്യുന്നതു്; അയാൾക്കു് അനുഷ്ഠേയമായിട്ടുള്ളതു് ലോകഭോഗങ്ങൾ ത്യജിച്ചു് സനാതനവും സകലജഗദാധാരവും സർവ്വാന്തര്യാമിയുമായ പരബ്രഹ്മംതന്നെയാണു താനെന്നറിഞ്ഞു് പരാൽപരമായ ആനന്ദമടയുകയാണു്. ഏതാണ്ടു് ഈ മട്ടിൽ പോകുന്ന വേദാന്തചിന്തകൾ പ്രതിഫലിപ്പിച്ചിട്ടുള്ള എത്രയോ ഭാഗങ്ങൾ ആശാന്റെ കൃതികളിലുണ്ടു്. ഇതാ നോക്കുക:

Digitized By Kerala Sahitya Akademi

1. ശ്രീ ഭൂവിലസ്ഥിര അസംശയം.

2. ഒന്നിന്നുമില്ല നില, യുന്നതമായ കുന്നു-
മെന്നല്ലയാഴിയുമൊരിക്കൽ നശിക്കുമോർത്താൽ.

3 ഉൽപന്നമായതു നശിക്കുമണുക്കൾ നില്ക്കു-
മുൽപന്നനാമുടൽ വെടിഞ്ഞൊരു ദേഹി വീണ്ടും;
ഉൽപത്തി കർമ്മഗതിപോലെ വരും ജഗത്തിൽ
കല്പിച്ചിടുന്നിവിടെയിങ്ങനെയാഗമങ്ങൾ.

4. കണ്ണേ, മടങ്ങുക, കരിഞ്ഞുമലിഞ്ഞുമാശു
മണ്ണാകുമീ മലരു വിസ്മൃതമാകുമിപ്പോൾ;
എണ്ണീടുകാർക്കുമിതുതാൻ ഗതി, സാദ്ധ്യമെന്തു
കണ്ണീരിനാൽ, അവനിവാഴ്‌വു കിനാവു കഷ്ടം!

(വീണപൂവ്)

5. ചിത്തമാം വലിയ വൈരികീഴമ-
ർന്നതിൽ തീർന്ന യമിതന്നെ ഭാഗ്യവാൻ.

6. ജന്തുവിന്നു തുടരുന്ന വാസനാ-
ബന്ധമിങ്ങുടലു വിട്ടുപോകിലും.

7. ഹാ! ശുഭേ, നിജഗതാഗതങ്ങൾ ത-
ന്നീശനിശ്ചയമറിഞ്ഞിടാ നരൻ. (നളിനി)

8. അഹഹ! സങ്കടമോർത്താൽ മനുഷ്യജീവിതത്തെക്കാൾ
മഹിയിൽ ദയനീയമായ് മറ്റെന്തൊന്നുള്ളൂ!
പുഷ്പാശമേ വഹിക്കുമിപ്പളുങ്കുപാത്രം വിരലാൽ
മുട്ടിയാൽ മതി, തവിടുപൊടിയാമല്ലോ. (കരുണ)

9. നിജകർമ്മനീതരാ-
യേതുമാർഗ്ഗമിയലാ ശരീരികൾ? (നളിനി)

10. ഗുണപരിണാമപരീക്ഷകൻ വിധി.

11. പരിണാമി മനുഷ്യജീവിതം
സ്ഥിരമാം സ്നേഹമനശ്വരമൂഴിയിൽ.

12. സ്ഥിരമാത്മനിബന്ധനം സുഖം
പരതന്ത്രം സുഖമൊക്കെ ദുഃഖമാം.

13. കരുതുവതിഹ ചെയ്യുവയ്യ, ചെയ്യാൻ
വരുതി ലഭിച്ചതിൽ നിന്നിടാ വിചാരം,
പരമഹിതമറിഞ്ഞുകൂട, യായു-
സ്ഥിരതയുമില്ല,തിനിന്ദ്യമീ നരത്വം!

14. അവിദിതപരിണാമമൊക്കെയോർക്കിൽ
ശിവശിവ! സർവ്വമനർത്ഥമീ ജഗത്തിൽ.

Digitized By Kerala Sahitya Akademi

15. ആരും തോഴീ, യുലകിൽ മറയുന്നില്ല
മാംസം വെടിഞ്ഞാൽ,
തീരുന്നില്ലീപ്രണയജടിലം ദേഹിതൻ ദേഹബന്ധം,
പോരും ഖേദം; പ്രിയസഖി, ചിരം വാഴ്ക
വാഴ്കാതെ; വീണ്ടും
ചേരും നാം കേൾ, വിരതഗതിയായില്ല സംസാരചക്രം.
(ലീല)

16. ഹാ! സുഖങ്ങൾ വെറും ജാലം, ആരറിവൂ നിയതിതൻ
ത്രാസു പൊങ്ങുന്നതും താനേ താണുപോവതും.
(കരുണ)

17. ആകാശങ്ങളെയംബുരാശികളൊടും ക്ഷോണിക്കുമാകാശമാ-
യിക്കാണുന്ന സഹസ്രരശ്മിയെയുമിരുട്ടാക്കും
പ്രമോദസാരമായ്
ശോകാശങ്കയെഴാത്ത ശുദ്ധസുഖവും ദുഃഖീകരിക്കുന്നതാ-
മേകാന്താദ്വയശാന്തിഭൂവിനു നമസ്കാരം നമസ്കാരമേ!
(പ്രരോദനം)

ഇനി നമുക്ക് ആശാന്റെ സ്നേഹസങ്കല്പങ്ങളിലേക്കു തിരിയുക. ഈശ്വരൻ സ്നേഹരൂപനും പ്രാപഞ്ചികവസ്തുക്കളെല്ലാം ആ ശക്തിയിൽനിന്നു പൊട്ടിപ്പുറപ്പെട്ട സഹോദരങ്ങളുമാണെന്ന് അദ്ദേഹം കരുതുന്നു. സ്നേഹശൃംഖലകൊണ്ടു പരസ്പരബദ്ധങ്ങളായ ജീവികളുടെ ആവശ്യവും കർത്തവ്യവും സ്നേഹം പുലർത്തുക എന്നതാണ്. അതുതന്നെയാണ് ജീവിതത്തിന്റെ മഹത്വവും. സ്നേഹം സ്വാർത്ഥത്യാഗത്തിലും പരാർത്ഥകർമ്മങ്ങളിലും അധിഷ്ഠിതമായിരിക്കുന്നു. ഈ ത്യാഗം വ്യക്തിയുടെ സുഖത്തെ കുറയ്ക്കുകയല്ല, കൂട്ടുകയാണു ചെയ്യുന്നത്. സ്നേഹം ആത്മസുഖത്തിന്റെ പര്യായമാണ്. മനുഷ്യർതമ്മിലുള്ള എല്ലാം ബന്ധങ്ങളിലും—കാമുകീകാമുകപ്രണയംതൊട്ടു വിശ്വപ്രേമംവരെ—വ്യാപിച്ചിരിക്കുന്നു സ്നേഹം. സ്നേഹം നിരസിക്കുകയും നിരസിക്കപ്പെടുകയും ചെയ്യുന്നപക്ഷം ജീവിതം നിരർത്ഥമായിത്തീരുന്നു. മനുഷ്യന്റെ സ്നേഹശക്തി സമ്പൂർണ്ണമായി വികസിക്കുകയും പരിപാവനമാവുകയും ചെയ്യുമ്പോൾ അവൻ ഈശ്വരപദം പ്രാപിക്കുന്നു. ഭൂലോകജീവിതത്തിന്റെ ചേതോഹാരിതയും ചൈതന്യവും സ്നേഹത്തെ ആശ്രയിച്ചിരിക്കുന്നു. അനീതിക്കും അക്രമത്തിനുമെതിരായുള്ള ദ്വേഷമായും സ്നേഹം രൂപാന്തരപ്പെട്ടെന്നു വരും. പരിശുദ്ധസ്നേഹം പ്രതികൂലസാഹചര്യങ്ങളെ അതിജീവിക്കുന്നു. ആ ശ്രമത്തിൽ സംഭവിക്കുന്ന പരാജയംപോലും ധന്യവും പൂജ്യവുമാണ്. ആശാന്റെ കവിതകളിൽനിന്ന് ചില പ്രസക്തഭാഗങ്ങൾ ചൂണ്ടിക്കാണിച്ച് ഈ ആശയങ്ങൾ സമർത്ഥിക്കാവുന്നതാണ്.

1. സ്നേഹത്തിൽനിന്നുദിക്കുന്നു ലോകം
സ്നേഹത്താൽ വൃദ്ധി തേടുന്നു.

Digitized By Kerala Sahitya Akademi

സ്നേഹംതാൻ ശക്തി ജഗത്തിൽ സ്വയം
സ്നേഹംതാനാനന്ദമാർക്കും.
സ്നേഹംതാൻ ജീവിതം ശ്രീമൻ, സ്നേഹ-
വ്യാഹതിതന്നെ മരണം.
സ്നേഹം നരകത്തിൻ ദ്വീപിൽ സ്വർഗ്ഗ-
ഗേഹം പണിയും പടുത്വം. (ചണ്ഡാലഭിക്ഷുകി)

2. വ്യതിയാനത്താൽ വരും വിപ്ലവം നീക്കി ലോക-
സ്ഥിതി പാലിക്കേണ്ടതാം സ്നേഹഗാനങ്ങളല്ലോ.
(ദിവ്യകോകിലം)

3. അണുജീവിയിലും സഹോദര-
പ്രണയം തൽകൃപയാലെ തോന്നണം.

4. അഘമൊക്കെയകന്നുദിക്കണം
സുഖമിങ്ങെന്റെ വിരോധികൾക്കുമേ.

5. സ്നേഹമാം കുളിർപൂനിലാവു പരന്നു സർവ്വവുമേകമായ്
മോഹമാമിരുൾ നീങ്ങി നിന്റെ മഹത്ത്വമുള്ളിൽ
വിളങ്ങണേ!
(സങ്കീർത്തനം)

6. സ്നേഹം ജഗത്തിതിനു ജീവിതമാം നിനയ്ക്കിൽ
മോഹാന്ധജീവിതമതിന്നഹോ വിളക്കാം;
ആഹന്ത! ലോകമിഹ ഞാനെഴുതീടിലേകം
സ്നേഹത്തിനാത്മസുഖമെന്നൊരു സംജ്ഞകൂടി.

7. ലോകാന്തരാഗമിയലാത്തവരേ, നരന്റെ-
യാകാരമാർന്നിവിടെ നിങ്ങൾ ജനിച്ചിടായ്‌വിൻ;
ഏകാന്തനിർമ്മമരേ, വെറുതേ വനത്തി-
ന്നേകാന്തമാം ഗുഹ വെടിഞ്ഞു വെളിപ്പെടായ്‌വിൻ.
(ഒരു വനയാത്ര)

8. നമസ്കാരമുപഗുപ്താ, വരിക, ഭവാൻ നിർവാണ-
നിമഗ്നനാകാതെ വീണ്ടും ലോകസേവയ്ക്കായ്
പതിതകാരുണികരാം ബോധിസത്ത്വന്മാരെ
ക്ഷിതിദേവിക്കിന്നു വേണമധികം പേരെ. (കരുണ)

9. അന്യജീവനുതകി സ്വജീവിതം
ധന്യമാക്കുമമലേ, വിവേകികൾ.

10. പാവനാംഗി, പരിശുദ്ധസൗഹൃദം
നീ വഹിപ്പതതിലോഭനീയമാം.

11. സ്നേഹമാണഖിലസാരമൂഴിയിൽ
സ്നേഹസാരമിഹ സത്യമേകമാം. (നളിനി)

Digitized By Kerala Sahitya Akademi

12. ......ദൃഢരാഗബന്ധമേ,
പരമയതിൽനിന്നു ജീവിതം
കരയണച്ചീക്കമദൃശ്യബന്ധു നീ.

13. വിലയെഴുമനുരാഗമത്തലാൽ
തുലയുവതല്ല, മറിച്ചു മേല്ലുമൽ
വിലസിടമടിയേററ വെള്ളിപോ-
ലുലയതിലുതിയ പൊന്നുപോലെയും.

14. വിഹിതാവിഹിതങ്ങളോർത്തയേ
മഹിതം സ്നേഹമഹോ മറക്കൊലാ;
ഇഹ ധർമ്മരഹസ്യമന്തരാ
നിഹിതം നിത്യവിഭിന്നമാം നയം.

15. സ്ഥിരചേതനകൾക്കഹോ പര-
സ്പരമേലും സമവായവൈഭവം
പറനിങ്ങറികില്ല പണ്ഡിതർ,
കരുതായ്വായതു മോഹമെന്നു നീ. (ലീല)

16. ഹാ! മർത്ത്യൻ സ്വഭാവമന്നിടുകിലും ഭൃസ്നേഹി;
നിർഹേതുക-
പ്രേമംതന്നെ ജയിപ്പു; ലോകമതുതാനാനന്ദദുഃഖാത്മകം.

17. സ്നേഹാരാധകനെത്തലോടിയമൃതം നൽകുന്നു നീ,
പിന്നെ നി-
ർമ്മോഹാസംഗമഖണ്ഡവിശ്രമസുഖം നേടുന്നു
താനേയവൻ.
(പ്രരോദനം)

18. സഹജാമലരാഗമേ, മനോ-
ഗ്രഹയേലും സ്പൃഹത്തമാണു നീ
മഹനീയമതാണു മാറിലു-
ന്നഹമാത്മാവണിയുന്ന ഭൂഷണം.

19. പുരുഷന്നു പുരുഷാർത്ഥഹേതു നീ
തരുണിക്കു തരുണീഗുണങ്ങളാം നീ
നിരുപിക്കുകിൽ നീ ചമപ്പു ഹാ!
മരുഭൂ മോഹനപുഷ്പവാടിയായ്.
(ചിന്താവിഷ്ടയായ സീത)

ആശാൻെറ കാല്പനികകാവ്യങ്ങളെല്ലാം സ്നേഹഭാവാസ്പദങ്ങളാ യ ജീവിതവ്യാഖ്യാനങ്ങളാണെന്നു മുമ്പു സൂചിപ്പിച്ചിട്ടുള്ളതുമായി മുകളിൽ ഉദ്ധരിച്ച ഭാഗങ്ങൾകൂടി അന്വയിക്കുമ്പോൾ അദ്ദേഹം ലോക വിരക്തിഗാതമായ കവിയല്ലെന്നു നിതരാം ബോധ്യമാകും. എന്നാൽ 'നരജീവിതമായ വേദന'യെന്നും 'അവനിവാഴ്‌വു കിനാവ്' വെന്നും 'അതിനിന്ദ്യമീ നരത്വ'മെന്നുമൊക്കെ ആശാൻ വിലപി

Digitized By Kerala Sahitya Akademi

ക്കുന്നതിനു പുറമേ, 'ആരോമലാം ഗുണഗണങ്ങളിണങ്ങി ദോഷമോരാതുപദ്രവവുമൊന്നിനു ചെയ്തിടാതെ പാരം പരാർത്ഥമിഹ വാണ' പൂവ്' ആരും 'ഹൃത്തടമഴിഞ്ഞുകരഞ്ഞു പോക'മാറു വാടിവീണു കരിയുന്നതും, തന്റെ അന്തർദ്ധാനംമൂലം ലോകത്തെ ദയനീയമാക്കുന്ന വിധത്തിൽ മനസ്വിനിയും സ്നേഹശാലിനിയുമായ നളിനിയുടെ പ്രണയപ്രാർത്ഥന നിരാകൃതമായി ആ ഉത്തമജീവിതം പെട്ടെന്നവേ പൊലിയുന്നതും, തീവ്രപ്രേമബദ്ധരായ ലീലാമദനന്മാർ ദാരുണാനുഭവങ്ങൾക്കു വിധേയരായി ശുദ്ധശൂന്യമായിക്കഴിഞ്ഞ ജീവിതത്തിൽനിന്നും രേവാനദിയുടെ കയത്തിൽ മുങ്ങിമറയുന്നതും വർണ്ണിക്കുമ്പോൾ തികഞ്ഞ വിഷാദാത്മകനും ജഗന്മിഥ്യാവാദിയുമാണ് അദ്ദേഹമെന്നു നാം വിശ്വസിച്ചുപോകും. ഈ വിപരീതവീക്ഷണകോടികളുടെ അന്യോന്യസമ്മർദ്ദം, അവയെ ആവുന്നത്ര ഇണക്കിച്ചേർക്കാനു നടത്തിയ പ്രയത്നം എന്നിവമൂലം ആശാൻ അനുഭവിച്ച 'ദിവ്യമായ അസ്വാസ്ഥ്യം' ആണ് അദ്ദേഹത്തിന്റെ കൃതികളിൽ നിറഞ്ഞിരിക്കുന്നത്. ആ അസ്വാസ്ഥ്യമാണ് ആശാൻകവിതകൾ അനുവാചകനിലേക്കു പകരുന്നതും. നശിച്ചടിഞ്ഞ പൂവ് ഈ ലോകത്തിൽനിന്നു മാഞ്ഞ് സുമേരുവിലെ കല്പവൃക്ഷത്തിന്റെ കൊമ്പിൽ സംഫുല്ലശോഭയോടെ വിടർന്ന് സുരയുവതികൾക്കു ഭൂഷണമായി ദേവതരുണന്മാരെ ആനന്ദിപ്പിച്ചു സമധികസത്കൃതം നേടുകയോ ദേവർഷിമാരുടെ ബലിപുഷ്പമായി ഭവിച്ചു സ്വർല്ലോകത്തിനപ്പുറത്തുള്ള തമസഃപരമാം പദത്തിൽ പ്രവേശിക്കുകയോ ചെയ്യുക്കാമെന്ന് കവി സ്വപ്നംകാണുന്നു. നളിനി ശരീരമുപേക്ഷിച്ച അവസരത്തിൽ അന്യദുർല്ലഭവും അലോകസംഭവവുമായ കേവലസുഖം സമാസ്വദിച്ചു പരമമഹസ്സിൽ ലയിക്കുന്നു; അവളുടെ ജീവത്യാഗം വിഗതരാഗമായ യോഗിചിത്തത്തെ ഉലയ്ക്കുന്നു; ദിവാകരന്റെ നിസ്സീമമായ സ്നേഹബഹുമാനാദരങ്ങൾക്ക് അവൾ പാത്രീഭവിക്കുന്നു; ആ സതീരത്നത്തിന്റെ ഹൃദയപരിപാകവും സത്ത്വശുദ്ധിയും ത്യാഗസമ്പത്തും അദ്ദേഹത്തെ കൂടുതൽ വിശുദ്ധനും വിജ്ഞാനിയുമാക്കിത്തീർക്കുന്നു; ജീവിതത്തിൽ നേടാൻ കഴിയാത്തതെല്ലാം മരണംകൊണ്ടു നേടി നളിനി മൃത്യുവിനെ തോൽപ്പിക്കുന്നു. രേവാനദീഹ്രദത്തിൽ വീണുമറഞ്ഞ ലീലാമദനന്മാർ മാംസം വെടിഞ്ഞിട്ടും പ്രണയജടിലമായ ദേഹിയുടെ ദേഹബന്ധം അവസാനിക്കാതെ ''സിക്താംഗരാഗിവസനർ യുവസ്ത്രീപുംസചിഹ്നം പരം ഭാസിക്കും പരിവേഷമാർന്ന വദനശ്രീപൂണ്ട രണ്ടാളുകളാ''യി വീണ്ടും ഉയിർത്തെഴുന്നേല്ക്കുന്നു. ലോകജീവിതത്തിന്റെ നശ്വരതയെയും ദുഃഖസത്യങ്ങളെയും അംഗീകരിച്ചുകൊണ്ടുതന്നെ, അവയെ ഉല്ലംഘിച്ച വിജയം വരിക്കുന്ന പരമപുരുഷാർത്ഥമായ സ്നേഹത്തിന്റെ പ്രഭാവത്തെ പ്രകീർത്തിച്ചിട്ടുള്ള ഈ ഭാഗങ്ങളിൽ വ്യഞ്ജിക്കുന്നത് തന്റെ ആത്മാവിൽ പരസ്പരം ഏറ്റുമുട്ടിക്കൊണ്ടിരുന്ന ശക്തികളെ സംയോജിപ്പിക്കാൻ കവി നടത്തുന്ന ശ്രമംതന്നെയല്ലേ?

Digitized By Kerala Sahitya Akademi

## ''ഹാ! മർത്യൻ സുരഭാവമാർന്നിടുകിലും ഭൂസ്നേഹി''— കവി വിശേഷിച്ചും

പ്രധാനപ്പെട്ട എല്ലാ കൃതികളിലും ഈ ആദ്ധ്യാത്മികപ്രമേയം ഒളിഞ്ഞും തെളിഞ്ഞും കാണുന്നുണ്ടെങ്കിലും ആശാന്റെ അന്തരാത്മാവിൽ നടന്ന സംഘട്ടനം സമഗ്രവും വിശദവുമായി പ്രകാശിക്കുന്നതു് 'നളിനി'യിലാണു്. ജ്ഞാനശിക്ഷണസാഹചര്യാദികളുടെ പ്രേരണയാൽ ബ്രഹ്മചര്യം ശീലിച്ചു് യോഗപദ്ധതിയിൽ പ്രവേശിച്ചുകഴിഞ്ഞ ആശാൻതന്നെയാണു് ആ കാവ്യത്തിലെ 'യുവയോഗി'യെന്നു വിചാരിക്കുന്നതിൽ തെറ്റില്ല. പ്രതിനവരസമായ ലോകജീവിതത്തിൽ ജന്മനാ പ്രവണനായ കവിയുടെ രാഗസ്ഥിരങ്ങളും പ്രബലങ്ങളുമായ വാസനാബന്ധങ്ങൾക്കു പ്രതിനിധീഭവിക്കുന്ന നായികയായ നളിനി. പ്രസ്തുത വാസനകളുടെ സഹജമായ ആകർഷകത്വം പിന്തുടർന്നു ചെന്നു് സന്യാസോന്മുഖമായ പ്രയാണത്തിൽനിന്നു് ലൗകികത്വത്തിലേക്കു് ആശാനെ പിടിച്ചുവലിച്ചിരിക്കണം. ബലിഷ്ഠമായ ആ ആകർഷണത്തിന്റെ ഫലമായി ആശാനുണ്ടായ ആത്മാനുഭൂതികളുടെ കലാസുഭഗമായ ആവിഷ്കാരമാണു് 'നളിനി' എന്നു കരുതാവുന്നതാണു്. ലോകജീവിതത്തിന്റെ പ്രലോഭനങ്ങളിൽനിന്നു കുതറിമാറി പഴയപോലെ യോഗചര്യാനിഷ്ഠനായെന്നാണു ഗ്രന്ഥത്തിൽ കാണുന്നതെങ്കിലും, പില്ക്കാലത്തെ ജീവിതത്തിലും കവിതകളിലും ആശാൻ അധികമധികം ലോകജീവിതാസക്തി പ്രദർശിപ്പിക്കുകയാണു ചെയ്യുന്നതു്. 'നളിനി'യിൽത്തന്നെയും യോഗത്തെക്കാൾ സ്നേഹത്തിനാണു് മുൻതൂക്കമുള്ളതു്. 'നളിനി' അഥവാ 'ഒരു സ്നേഹം' എന്ന ഗ്രന്ഥനാമംതൊട്ടു കാണാം ഈ പ്രാധാന്യകല്പന. അശ്രുനേശ്വരങ്ങളായ ലൗകികബന്ധങ്ങളിൽ വിരക്തി തോന്നി, അന്നുവരെ പ്രിയങ്കരങ്ങളായിരുന്ന എല്ലാമുപേക്ഷിച്ചു്, ഋഷിവാസസംശുദ്ധമായ ഹൈമവതഭൂവിൽ ചിരതപസ്സുചെയ്തു്, ശീതാതപാദികൾ മാത്രമല്ല, ചിത്തമാം വലിയ വൈരിയെപ്പോലും കീഴടക്കുകയും പരമാത്മജ്ഞാനം നേടുകയും ചെയ്ത 'ഉൽഫുല്ലബാലരവിപോലെ കാന്തിമാൻ' ആണു് കാവ്യാരംഭത്തിൽ നാം പരിചയിക്കുന്ന നായകൻ. സിദ്ധികളുടെ അധിത്യകയിൽനിന്നു് ആ യതി താഴോട്ടു നോക്കുമ്പോൾ കാണുന്ന 'ഉഷസ്സന്ധ്യപോലെ പാവനാംഗി'യായ യുവതിയാണെങ്കിൽ, 'തന്റെ ഏകധനവും ജീവനും ഭോഗവും മോക്ഷവും ഈശ്വരനുമായ ദിവാകരന്റെ വേർപാടിനെത്തുടർന്നുണ്ടായ പിതൃകൃതമായ വിവാഹനിശ്ചയം സഹിക്കാനാവാത്ത വിഫലമായ ആത്മഹത്യാശ്രമം നടത്തിയതിനുശേഷം ആ ശൈശവസഹചരനായ പ്രാണനായകനെ ഒരു നോക്കു കാണുക ജീവിതൈകവ്രതമായിക്കരുതി ചിരകാലതപസ്സനുഷ്ഠിക്കുന്ന നളിനിയാണു്. നായകന്റെ തപസ്സു് ഈശ്വരസാക്ഷാൽക്കാരത്തിനായിരുന്നുവെങ്കിൽ ഈശ്വരനായ നായകനെ സാ

Digitized By Kerala Sahitya Akademi

ക്ഷാൽക്കരിക്കാനായിരുന്നു നായികയുടെ തപസ്സ്. ശ്രദ്ധയും ചിത്തശുദ്ധിയും ഏകാഗ്രമനസ്സതയും രണ്ടുപക്ഷമൊപ്പവും. ധ്യാനവസ്തുവിനു ബാഹ്യമായ സമസ്തവിഷയങ്ങളിലും അനാസക്തരായിരുന്നു രണ്ടുപേരും. ഇപ്രകാരമുള്ള നായികാനായകന്മാരുടെ അന്ത്യസമാഗമരംഗത്തിലാണു കവി നമ്മെ പ്രവേശിപ്പിക്കുന്നതു്. നളിനിയുടെ ഭാവാർദ്രമായ പൂർവ്വകഥാഖ്യാനങ്ങളും ചിരകാലസ്ഥിരമായ സ്നേഹവൃത്താന്തവും ഹൃദയം ദ്രവിപ്പിക്കുന്ന ആത്മനിവേദനങ്ങളും അപ്പപ്പോൾ കരുണാത്ഭുതമയാരസങ്ങൾ ഉളവാക്കിയതല്ലാതെ ദിവാകരനെ അവളുടെ ഇഷ്ടാനുവർത്തിയാക്കുന്നില്ല. നളിനിയുടെ നിയമചര്യയെ അഭിനന്ദിച്ചും, രണ്ടുപേരുമൊരു വൃത്തിയാന്നതിൽ സന്തോഷിച്ചും, സ്നേഹചോദിതമായ സാഹസം അജ്ഞാനഫലമാണെന്നു ചൂണ്ടിക്കാണിച്ചും, ശാന്തി ആശംസിച്ചും. നളിനിയുടെ അഭ്യർത്ഥനയെ നിസ്സംശയം നിരാകരിച്ചും, രംഗം വിടാനൊരുങ്ങുന്ന ദിവാകരന്റെ കാല്ക്കൽവീണു കണ്ണീരൊഴുക്കി, ശിഷ്യാപദം നല്കി അനുഗ്രഹിക്കാൻ നളിനി യാചിക്കുമ്പോൾ ആ നിർമ്മലപ്രേമത്തിനധീനനായി ദിവ്യയോഗസുഖപ്രാപ്തിക്കുതകുന്ന ശാശ്വതമായ മഹാതത്വം അദ്ദേഹം അവൾക്കുപദേശിക്കുന്നു. കിടന്നേ കിടപ്പിൽനിന്നു ദീപ്തദീപശിഖപോലെണീറ്റു്, ആ ഉപദേശം സ്വീകരിച്ചിട്ടു്, കൂലങ്കഷമായ ഭാവതരംഗങ്ങൾ തള്ളിമറിയുന്ന ഹൃദയവുമായി, നളിനി ദിവാകരശരീരത്തിലേക്കു ചായുന്നു. ധന്യമായ കരണസത്വയുഗങ്ങൾ അന്യോന്യലീനമായി അറിവററു നില്ക്കുന്ന ആ മുഹൂർത്തത്തിൽ നളിനി ലോകോത്തരമോ അലൗകികമോ ആയ പരമാനന്ദം അനുഭവിക്കുന്നു. 'ഓം' എന്ന ശ്രുതിനിർഗ്ഗുഢമായ വൈഖരി ശാന്തമായ ആ മുഖത്തുനിന്നു നിർഗ്ഗമിച്ചതോടൊപ്പം ആ സ്നേഹസ്വരൂപിണിയിൽ കുടികൊണ്ടിരുന്ന ആത്മതേജസ്സു് കൂടുവിട്ടുയർന്നു പരമമഹസ്സിനെ തഴുകുന്നു. ആ നിമിഷംവരെ അക്ഷോഭ്യനായി, നളിനിയുടെ കണ്ണുനീർ വീണു നനഞ്ഞ നെഞ്ചിൽ പുളകമണിയാതെ, അതിലോഭനീയവും പരിശുദ്ധവുമെങ്കിലും അപാത്രത്തിലർപ്പിക്കപ്പെട്ട അവളുടെ സ്നേഹം അവിദ്യാജന്യമായ സാഹസമെന്നു നിന്ദിച്ചു നിന്ന ദിവാകരനു് അസാധാരണവും അത്ഭുതകരവുമായ വിധത്തിൽ സംഭവിച്ച ആ ജീവത്യാഗം അശ്രുതപൂർവ്വമായ ഒരു വിശിഷ്ടാനുഭവമാണുണ്ടാക്കുന്നതു്. ആ യുവയോഗിയുടെ ക്രാന്തദർശനക്ഷമമായ അന്തശ്ചക്ഷുസ്സിനു് അന്നുവരെ കാണാൻ കഴിയാതെപോയ യഥാർത്ഥനളിനിയെ അപ്പോൾ ആദ്യമായി അദ്ദേഹം കാണുകയാണു്. താൻ ഭജിക്കുന്ന ഈശ്വരന്റെ മുമ്പിൽ നിർഭയം, നിസ്സന്ദേഹം, ഞെട്ടറ്റുന്ന മലരിനും തൃണാഞ്ചലം വിടുന്ന ഹിമബിന്ദുവിനുമുള്ള ആയാസംപോലുമില്ലാതെ, ചുണ്ടിൽ പുഞ്ചിരിയും, കണ്ണുകളിൽ ആനന്ദബാഷ്പവുമായി ജീവനെ ബലിയർപ്പിക്കാൻ ആയതമായ അറിവോ ആദ്ധ്യാത്മികസിദ്ധികളോ നേടിയിട്ടില്ലാത്ത ഒരു യുവതിക്കു കഴിയുക, സംസാരബന്ധങ്ങളെ ഉളവാക്കി വളമിട്ടു

Digitized By Kerala Sahitya Akademi

വിളയിക്കുന്ന സ്നേഹത്തിലൂടെ മനുഷ്യൻ യോഗിമാർ ആരായുന്ന മുക്തി പ്രാപിക്കുക—വിസ്മയാദരമിളിതമായ ഒരു നൂതനജീവിതാവബോധംതന്നെയാണു് അപ്പോൾ ദിവാകരനുണ്ടായതു്. അഹഹം ഞെട്ടിപ്പോകുന്നു; ആ ഹൃദയം അലിയുന്നു; മനസ്സംയമത്തിന്റെ കെട്ടഴിയുന്നു. അപ്പോൾമുതൽ ദിവാകരന്റെ സ്വരം കരുണയുടെയും ദയയുടെയും ഉപദേശത്തിന്റെയുമല്ല; അത്ഭുതാദരബഹുമാനനിർഭരമായ നളിനീപ്രശംസയിൽ മുഴങ്ങുകയാണദ്ദേഹം. സ്വയം ഒരുയർന്നതലത്തിൽ നിന്നുകൊണ്ടു താഴോട്ടു നോക്കിയാണു മുമ്പു ദിവാകരൻ നളിനിയോടു സംസാരിച്ചതു്; ഇപ്പോഴാകട്ടെ നളിനിയെ തുല്യനിലയിലോ ഒരുപക്ഷേ, തന്നെക്കാൾ ഉയർന്നനിലയിലോ ആണു് ആ മനുഷ്യൻ കാണുന്നതു്. ആ യുവതിയുടെ ഇളംപ്രായവും ഹൃദയപരിപാകവും തമ്മിലുള്ള അന്തരം യതിയെ അത്ഭുതാധീനനാക്കുന്നു. ജന്തുഭീകരകാരണം ഘോരമായ യമനെ നാണിപ്പിച്ച സാധ്വിയുടെ പ്രാഭവം അദ്ദേഹത്തിന്റെ ആദരം ആർജ്ജിക്കുന്നു. നളിനിയെപ്പോലെ പരിശുദ്ധമാനസയും മധുരരൂപിണിയുമായി ഈ വിശാലലോകത്തിൽ മറ്റാരുണ്ടു് എന്നു് അദ്ദേഹം സ്വയം ചോദിച്ചുപോകുന്നു. തന്റെ വിരക്തചിത്തത്തെപ്പോലും ഉലച്ചുകളയാൻ കെല്പുണ്ടായ ആ ഉത്തമയെ അഭിനന്ദിക്കുന്നു. ചിരസമാഗമം നല്കിയ ഭാഗ്യത്തെ വാഴ്ത്തുന്ന അദ്ദേഹം നളിനിയുടെ സ്നേഹാർദ്രമായ മധുരവാണികൾ നിലച്ചുപോയതിൽ ദുഃഖിതനായി, അവ മേലാൽ സിദ്ധസന്തതികളുടെ ശ്രദ്ധാപൂർവ്വമായ ആസ്വാദനത്തിനു വിഷയമാകുമെന്നു് ആശ്വസിക്കുന്നു. നളിനിയുടെ അഭാവംമൂലം ദയനീയമായ ഭൂമി കേണു മുറവിളിക്കുന്നതായും കർമ്മസാക്ഷിയായ സൂര്യൻ ദുഃഖഭാരത്താൽ നിശ്ചലനായതായും കാലചക്രഗതി തന്നെ നിലച്ചുപോയതായും ദിവാകരനു തോന്നുകയാണു്. നളിനിക്കു തുല്യമായ ഒരു ഉപദേശഭാജനത്തെ 'മന്നിൽ വിദ്യ വെളിവായനാൾ മുതൽ ഒരു ഗുരുവിനും ലഭിച്ചിട്ടില്ലെന്നു പ്രഖ്യാപിക്കുന്നതോടൊപ്പം ജ്ഞാനിനിയായ അവളുടെ നിത്യസ്മരണാർഹമായ ജീവിതത്തെക്കുറിച്ചോർത്തു് തന്റെ മനസ്സ് പരിപാവനമായി ഭവിച്ചു എന്നും അവൾ മുക്തയായ സ്വശരീരം തീർത്ഥഭൂമിയായിക്കഴിഞ്ഞു എന്നും അദ്ദേഹം ഉദീരണം ചെയ്യുന്നു. കുറച്ചു മുമ്പുവരെ നളിനിയുടെ 'പ്രണയചാപല'ത്തെ അപലപിച്ച വൈരാഗ്യനിഷ്ഠനായ ആ ചിരതപസ്വി പ്രേമഭാരപരതന്ത്രനായി ഒരു പുതിയ പുരുഷാർത്ഥത്തെക്കുറിച്ചു പ്രഥമതഃ പ്രബുദ്ധനായിത്തീരുന്നു. ഈ മനോഹരമായ നാടകീയപരിവർത്തനം വ്യഞ്ജിപ്പിക്കുന്നതു് ആശാന്റെ ആന്തരികജീവിതത്തിലെ സുപ്രധാനമായ ഒരു പ്രതിസന്ധിഘട്ടത്തെ ആയിരിക്കാനിടയുണ്ടു്. കാവ്യം ഉപസംഹരിക്കുന്ന ഭാഗത്തുള്ള ചില പരാമർശങ്ങൾകൂടി നിഷ്കർഷിച്ചു പരിശോധിക്കുമ്പോൾ ഈ ഊഹത്തിനു പ്രാബല്യം സിദ്ധിക്കുന്നു. ''ആകുലതയിയലില്ല യോഗി ഞാൻ'' എന്നും ''ആർന്നു പിന്നെയും ആ മഹാൻ നിജയമം''

Digitized By Kerala Sahitya Akademi

എന്നുമുള്ള സൂചനകളിൽനിന്ന് ദിവാകരന്റെ ഉലഞ്ഞ ഉറംത്തടം സമനില പ്രാപിച്ചെന്നും മുന്നേപ്പോലെ യോഗനിഷ്ഠമായെന്നുമാണ് നാം മനസ്സിലാക്കേണ്ടതെങ്കിലും, നളിനിയുടെ ജഡം വരയോഗിയോഗ്യമായ രീതിയിൽ ദിവാകരൻ സംസ്കരിക്കുന്നതും ആ അവസരത്തിൽ നിവാപവിധിപോലെ കണ്ണുനീർ തൂവുന്നതും നളിനീചിന്തയാൽ ആ യതിയുടെ ഹൃദയവും ജീവിതവും പൂർവ്വാധികം ശുദ്ധമാകുന്നതും അന്നുവരെ വിജനമായ ഹിമവൽപശ്ചാത്തിൽ ഏകാഗ്രൈക നിരതനായിക്കഴിഞ്ഞ തന്ന അനാസക്തൻ പിന്നീട് ''ലോകക്ഷേമോത്സുകനായി ഭ്രമിക്ക ഭാഗ്യമരുളി'' ക്കൊണ്ടു ജീവിക്കുന്നതും കവി കാണിച്ചുതരുമ്പോൾ നളിനീസ്നേഹത്തിന്റെ പ്രേരണാശക്തി ദിവാകരന്റെ ജീവിതാന്ത്യത്തോളം നീണ്ടുനിന്നു എന്നാണ് നമുക്ക വിശ്വസിക്കാൻ തോന്നുന്നത്. 'ഉഗ്രവ്രതനായ മുനി'യോടൊത്ത് ആശ്രമവാസിയായി കഴിഞ്ഞുകൂടിയിരുന്ന ആശാൻ ഭ്രാതൃസ്നേഹബദ്ധനായിട്ടും സങ്കുചിതവും ഭോഗതൃഷ്ണാസംവർദ്ധകവുമായ കുടുംബവലയത്തിൽ സ്നേഹത്തെ തളച്ചിടാതെ, അതിനെ സ്വാർത്ഥത്യാഗപൂർവ്വമായ സാമൂഹികസേവനരംഗത്തിലേക്ക വികസിപ്പിച്ചുകൊണ്ട് ഒരു പുതിയ ജീവിതം നയിക്കാനൊരുങ്ങിയ കാലഘട്ടത്തെ ബോധപൂർവ്വമായോ അബോധപൂർവ്വമായോ അദ്ദേഹം സ്മരിച്ചതിന്റെ ഫലമായിരിക്കണം 'നളിനി'യുടെ ആവിർഭാവം. ആത്മകഥയുമായി ഇത്രമാത്രം ഗാഢബന്ധമുള്ള മറ്റൊരു കാവ്യം ആശാൻ രചിച്ചിട്ടില്ല; ഇത്രകണ്ടു നാടകീയമായ വേറൊരു ഗംഭീരമുഹൂർത്തം അദ്ദേഹം കലയിലൂടെ കൈകാര്യംചെയ്തിട്ടില്ല. കവിയുടെ ബോധമണ്ഡലത്തിലെ പ്രകൃഷ്ടാനുഭവങ്ങളും അബോധതലത്തിലെ സംസ്കാരങ്ങളും ഇത്രത്തോളം സങ്കലിതമായും സുനിയന്ത്രിതമായും അദ്ദേഹത്തിന്റെ ഇതരകാവ്യങ്ങളിൽ സമ്മേളിച്ചിട്ടില്ല. ഈ സവിശേഷതകൊണ്ടുതന്നെയാവാം മറ്റു കൃതികൾക്ക പകരാൻ കഴിയാത്ത ഒരനുഭൂതിവിശേഷം 'നളിനി' നമുക്ക പ്രദാനംചെയ്യുന്നത്.

''സ്വാതന്ത്ര്യംതന്നെയമൃതം,
സ്വാതന്ത്ര്യംതന്നെ ജീവിതം''

ആശാനെന്ന മനുഷ്യന്റെയും കവിയുടെയും ജീവിതത്തെ സൂത്രരൂപത്തിൽ സംക്ഷേപിക്കാൻ ആവശ്യപ്പെടുന്നപക്ഷം 'പാരതന്ത്ര്യത്തിൽനിന്നു സ്വാതന്ത്ര്യത്തിലേക്കുള്ള ധീരപ്രയാണം' എന്നായിരിക്കും ഞാൻ കുറിക്കുക. കൃത്രിമങ്ങളായ ചില ചട്ടക്കൂടുകളിൽ തളച്ചപ്പെട്ടിരുന്നതുകൊണ്ട് വളർച്ച നിലച്ചിരുന്ന മലയാളകവിതയെ തടങ്കലിൽനിന്നു മോചിപ്പിച്ച നിറവും ചോരയും നിറവും തുടിപ്പുമുള്ള ജീവിതത്തിനു നേരെ ഉയർത്തിപ്പിടിക്കുകയായിരുന്നു സ്വാത-

Digitized By Kerala Sahitya Akademi

ന്ത്ര്യോപാസകനായിരുന്ന ആ കവിയുടെ ജന്മകൃത്യം. നിലവിലിരുന്നതും പ്രബലമായ യാഥാസ്ഥിതികപക്ഷത്തിന്റെ അംഗീകാരത്തിനും ബഹുമതികൾക്കും പാത്രീഭവിച്ചതുമായ നിയമാവലികൾ അദ്ദേഹം കൂട്ടാക്കിയില്ല. ദൃഢപാദനായി അടിവച്ചടിവച്ചു മുന്നോട്ടു കയറിയ ആ കരുത്തന്റെ മുഖത്തു നോക്കി അന്തസ്സാരമില്ലാത്ത ധിക്കാരിയെന്ന് അധിക്ഷേപിക്കാൻ സാഹിത്യത്തിലെ തലയാളന്മാർതന്നെയും ധൈര്യപ്പെട്ടില്ല. നവാഗതൻ കടന്നുവന്ന് ആരുടെ സമ്മതവുംനോക്കാതെ ഒരു കസേര വലിച്ചിട്ടിരുന്നുകളയുമെന്നു മുൻകൂട്ടിക്കാണാൻ കണ്ണുള്ളവർ നേരത്തേതന്നെ കസേരയെടുത്തിട്ടു പിടിച്ചിരുത്താൻപോലും തയ്യാറായി. എഴുത്തച്ഛനുശേഷം നമ്മുടെ ഭാഷാസാഹിത്യത്തിനുണ്ടായ ഏറ്റവും മഹാനായ നേതാവെന്നു നിസ്സംശയം പ്രഖ്യാപിക്കാവുന്ന ഏ. ആർ. രാജരാജവർമ്മ 'നളിനി' കർത്താവിനെ സഹർഷം സ്വാഗതംചെയ്യുതോടെ, ആശാൻ സാഹിത്യത്തിലെ പ്രമാണികൾക്കുപോലും ശ്രദ്ധേയനായ കവിയായി. സഹൃദയലോകമാകട്ടെ, രസശുഷ്കങ്ങളായ വിഭവങ്ങൾ വിഴുങ്ങി ചെടിച്ചിരിക്കെ, നാവിലിററുവീണ പുതുനറുംതേൻ ആർത്തിയോടെ നുണഞ്ഞിറക്കാൻ ഇഷ്ടപ്പെടുകയുംചെയ്തു. കാവ്യനിർമ്മാണത്തെക്കാൾ എത്രയോ മടങ്ങു സ്വാതന്ത്ര്യതൃഷ്ണാപ്രേരിതമായിരുന്നു ആശാന്റെ സമുദായസേവനം. ഗതാനുഗതികത്വംകൊണ്ടു മുരടിച്ച സാഹിത്യരംഗത്ത് ഒരു കവിയെന്ന നിലയിൽ അനുഭവപ്പെട്ട അസ്വാതന്ത്ര്യവുമായി തട്ടിച്ചുനോക്കുമ്പോൾ ആയിരമിരട്ടി ദുസ്സഹവും മൃതിയെക്കാൾ ഭയങ്കരവുമായ പാരതന്ത്ര്യം ആശാനെന്ന അഭിമാനിയായ മനുഷ്യന് ലൗകികജീവിതത്തിൽ അനുഭവിക്കേണ്ടിവന്നതാണ് ഈ വ്യത്യാസത്തിനു കാരണം. സ്നേഹരാഹിത്യവും ഭേദഭാവനയും സാഹോദര്യബോധത്തിന്റെ അഭാവവും ജീവിതത്തെ അസുന്ദരവും നരകതുല്യവുമാക്കുന്നതെങ്ങനെയെന്നു മനനഭാവനാദികൾകൊണ്ടു മാത്രം ഗ്രഹിച്ച്, പതിതന്മാരോടു സഹതപിക്കുകയും അവർക്കുവേണ്ടി താൻ നില്ക്കുന്ന ഉന്നതതലത്തിൽനിന്നു താഴോട്ടിറങ്ങിവന്നു പ്രവർത്തിക്കുകയും ചെയ്യു ഒരു സമുദായസേവകനല്ലായിരുന്നു ആശാൻ. സമസൃഷ്ടങ്ങളെ ഭ്രൂണദശയിൽവച്ചുതന്നെ കൊല്ലുന്ന ഹിംസാമൂർത്തിയായ ജാതിരക്ഷസ്സിന്റെ ചവിട്ടടിയിൽപ്പെട്ടു തീവ്രവേദന തിന്നുന്ന ഒരു മനുഷ്യൻ, പല നൂറ്റാണ്ടുകളായി ബാഹുവീര്യങ്ങളും ബുദ്ധിപ്രഭകളും സ്നേഹവൈലിക്കുറവുകളും വിഫലങ്ങളായി മൂകജീവിതം നയിക്കുന്ന സഹജാതന്മാരുടെ മാനവീയസ്വാതന്ത്ര്യം നേടിയെടുക്കാനായി സർവ്വസ്വാർപ്പണം ചെയ്തു പരിശ്രമിച്ച കഥയാണ് ആശാന്റെ സമുഹസേവനചരിത്രം. തുല്യദുഃഖിതരായ സ്വജനങ്ങളെ സംഘടിപ്പിച്ച് അവരിൽ ഉറങ്ങിക്കിടക്കുന്ന മംഗലമഹാശക്തിയെ ഉണർത്തുകയും അപ്രകാരം പ്രായോഗികമായ ബോധം സവർണ്ണവർഗ്ഗത്തിനും അധികാരസ്ഥാനങ്ങൾക്കും ഉളവാക്കുകയുമായിരുന്നു ആശാനും അനുയായികളും സ്വീകരിച്ച വ്യവസ്ഥാപിതസമര

Digitized By Kerala Sahitya Akademi

തന്ത്രങ്ങൾ. സാമൂഹികപ്രവർത്തനങ്ങളിൽ അധികമധികം ആമഗ്നനായതോടുകൂടി തൻെറ കൈവശമുള്ള മറെറതൊരു സമ്പത്തിനെക്കാളും പ്രിയപ്പെട്ടതും വിലപ്പെട്ടതുമായ കവികർമ്മശക്തിയെപ്പോലും സ്വാതന്ത്ര്യപ്രാപ്തിക്കുള്ള ഉപകരണമായി ചിലപ്പോഴെങ്കിലും ആശാൻ പ്രയോഗിക്കാതിരുന്നില്ല. പ്രചോദിപ്പിക്കാൻ, ആവേശംകൊള്ളിക്കാൻ, പ്രതിഷേധിക്കാൻ, അഭ്യർത്ഥിക്കാൻ, താക്കീതു നല്കാൻ, ഉപദേശിക്കാൻ, ഉദ്ബോധിപ്പിക്കാൻ—ഇങ്ങനെ പലതിനും സന്നദ്ധമായി ആശാൻകവിത. ദീർഘകാലത്തെ സുദീർഘമായ സേവനത്തിനിടയിൽ ഓരോ അവസരത്തിലുമുണ്ടായ വിവിധാനുഭവങ്ങൾ ആശാൻെറ മനോമണ്ഡലത്തിൽ ജനിപ്പിച്ച വികാരങ്ങൾ കണ്ടറിയാൻ ഈ കൃതികൾ പ്രയോജനപ്പെടുന്നു. അദ്ദേഹം അത്യന്തം നിരാശനാകുന്നു; ചിലപ്പോൾ വല്ലാതെ വിഷാദിക്കുന്നു; ചില സന്ദർഭങ്ങളിൽ അദ്ദേഹത്തിൻെറ ഹൃദയത്തിൽ ധർമ്മരോഷം ആളിക്കത്തുന്നു; മററു ചില ഘട്ടങ്ങളിൽ വിജൃംഭിതവീര്യത്തോടെ കർമ്മക്ഷേത്രത്തിലേക്കു കുതിച്ചുപായാൻ മുന്നോട്ടായുന്നു; ചില നിമിഷങ്ങളിൽ സ്നേഹമൂർത്തിയും ലോകബാന്ധവനുമായ ഈശ്വരൻെറ ഘോരമായ കൃപയ്ക്കുവേണ്ടി പ്രാർത്ഥിക്കുന്നു.

> ''എന്തിന്നു ഭാരതധരേ, കരയുന്നു പാര-
> തന്ത്ര്യം നിനക്കു വിധികല്പിതമാണു തായേ!
> ചിന്തിക്ക ജാതിമദിരാന്ധരടിച്ചു തമ്മി-
> ലന്തപ്പെടും തനയരെന്തിനയേ, സ്വരാജ്യം!''

എന്ന ഭാഗത്തു് നീരന്ധ്രനൈരാശ്യത്തിൻെറ പരിദീനശബ്ദമാണുയരുന്നതെങ്കിൽ,

> ഉന്നരിനുന്നരിനുള്ളിലാത്മശക്തി-
> പ്രണയമെഴും സഹജാതരേ തരിപ്പിൻ;
> രണപടഹമടിച്ചു ജാതിരക്ഷ-
> സ്സുണവൈരിടങ്ങളിലൊക്കെയെത്തി നേപ്പിൻ.
> (സിംഹനാദം)

> അററുകത്തെഴുന്നൊരന്ധകാരവും വിഭോ വേറൻ
> പറഞ്ഞുകിന്നസ്സിൽനിന്നു മൂടൽമഞ്ഞുതാനുമേ
> വിറച്ചുണഞ്ഞു വെയ്‌ലുകൊണ്ടിടട്ടെ വൃദ്ധഭ്രണ്ട-
> ത്തുറച്ച തൻ ഞരമ്പിലെങ്ങുമുഷ്ണരക്തമോട്ടവാൻ.
>
> തീമിത്തൊരീർഷ്യയാൽത്തടഞ്ഞിടട്ടെ വൻഗജങ്ങളോ
> തിമിംഗലങ്ങളോ വേൽ പഥത്തെ അല്പദൃഷ്ടികൾ
> അമർത്തലോറു മസ്തകം ഞെരിഞ്ഞവററ ചോരയാൽ
> സമഗ്രമന്തിവർണ്ണമാക്കിടട്ടെ കന്നമാഴിയും. (പരിവർത്തനം)

Digitized By Kerala Sahitya Akademi

മുറിവേല്പിക്കിലും ധൂർത്തർ
പത്രം ചുട്ടുകരിക്കിലും
മുഷ്ടിക്കു കീഴടങ്ങാതെ
മരപ്പോളം തടുക്കുവിൻ. (ഉദ്ബോധനം)

തുടങ്ങിയ പംക്തികളിൽ സുദൃഢമായ ശുഭപ്രതീക്ഷയുടെയും ഓളം വെട്ടുന്ന ഓജസ്സിന്റെയും ഉജ്ജ്വലമായ കർമ്മോത്സാഹത്തിന്റെയും ഗംഭീരധ്വനിയാണു മുഴങ്ങുന്നതു്. ക്രൂരമായ ഏകാന്തമായ വ്യവസ്ഥയാൽ അന്ധകാരത്തിന്റെ ആഴത്തിൽ ബന്ധനസ്ഥരായിക്കേഴുന്ന നിരപരാധരുടെ പ്രതിനിധിയായ കവി ജഗദീശ്വരസാക്ഷം സങ്കടമുണർത്തിച്ചുകൊണ്ടു് ഉറച്ച ആത്മവിശ്വാസത്തോടെ ഇങ്ങനെ അർത്ഥിക്കുന്നു:

ഓരുന്നു ഞങ്ങൾ പിതാവേ, നിൻകൺമുന
ദൂരത്തും തെന്നുഴ പാറുമെന്നും
ക്രൂരതരന്മാടെ നേരെയുതന്നെ
ഘോരമിടിത്തീയായ് മാറുമെന്നും.

പട്ടററ നിൻ കരവാളിൻ ചലൽപ്രഭ
തട്ടുമാറാക ഞങ്ങൾക്കു കണ്ണിൽ;
വെട്ടിമുറിക്കുക കാൽച്ചങ്ങല വിഭോ
പൊട്ടിച്ചെറികയീക്കൈവിലങ്ങും. (സ്വാതന്ത്ര്യഗാഥ)

ഇങ്ങനെ ആശാന്റെ കർമ്മപരിപാടികൾക്കു മുഴുവനും ഉറവിടമായ ഒരേ ഒരു വികാരത്തിന്റെ, അദമ്യമായ സ്വാതന്ത്ര്യമോഹത്തിന്റെ, ഭിന്നരീതികളിലുള്ള സ്ഫുരണങ്ങൾ ആത്മാവിഷ്കാരപ്രധാനങ്ങളായ അഞ്ചെട്ടു ചെറുകൃതികളിൽ കാണുന്നു. ഈ ലഘുരചനകൾകൊണ്ടു സംതൃപ്തനാവാതെയാണു് സ്വാതന്ത്ര്യത്തിന്റെ സമ്പൂർണ്ണനിഷേധവും സ്നേഹത്തിന്റെ നിശ്ശേഷനാശവുമെന്നു് ആശാൻ വിശ്വസിച്ചിരുന്ന 'ജാതി'വ്യവസ്ഥയെ പ്രമേയമാക്കി രണ്ടു കഥാകാവ്യങ്ങൾ—'ചണ്ഡാലഭിക്ഷുകി'യും 'ദുരവസ്ഥ'യും—രചിച്ചതു്. ബുദ്ധമതസംബന്ധമായ ഒരു കഥയെ ഉപജീവിച്ചെഴുതിയ ആദ്യത്തെ കൃതിയിൽ കവി ശാലീനനായി പുറകിൽ നില്ക്കുന്നതേയുള്ളു; സർവ്വാദരണീയനായ ബുദ്ധഭഗവാന്റെ അരുളപ്പാടുകളിൽക്കൂടിയാണു 'ജാതി'വിഡംബനവും സ്നേഹമഹിമാഘോഷണവും അതിൽ നിർവ്വഹിച്ചിരിക്കുന്നതു്. 'ദുരവസ്ഥ'യിലാകട്ടെ അദ്ദേഹം ജാത്യാചാരവിലംഘനത്തിനു മുതിരുന്ന നായികാനായകന്മാരെ സോദ്ദേശ്യം സ്വയം സൃഷ്ടിക്കുകയും യാഥാസ്ഥിതികരെ ഞെട്ടിക്കുന്നവിധം കഥാസമാപ്തി സാധിക്കുകയും പലപ്പോഴും മറനീക്കി പുറത്തുവന്നു് ഉത്കടമായ അനാചാരവിമർശം നേരിട്ടു നടത്തുകയും ചെയ്യുന്നു. 'ദുരവസ്ഥ'യിലെ കഥാവിരാമഘട്ടം കഴിഞ്ഞതിനുശേഷം കവി നേരിട്ടു കടന്നുവന്നു് ജാതിസംരക്ഷകരായ വൈദികന്മാരെ താക്കീതുചെയ്യുന്ന വാക്യങ്ങൾ എണ്ണമററ തവണ ആവർത്തിച്ചു പ്രസ്താവിക്കപ്പെട്ടിട്ടു

Digitized By Kerala Sahitya Akademi

ള്ളവയാണല്ലോ. ചെറുതും വലുതുമായ ഈ കൃതികളിൽ സമൂഹപരിഷ്കരണം ഉന്നമാക്കി ഉന്നയിച്ചിട്ടുള്ള എല്ലാ ആശയങ്ങളുടെയും അടിസ്ഥാനഭാവം കവിയുടെ സ്വാതന്ത്ര്യവാഞ്ഛയാണ്. പക്ഷേ, ഒന്നു പ്രത്യേകം ശ്രദ്ധിക്കണം. സ്നേഹചോദിതമായിരുന്നു ആ സ്വാതന്ത്ര്യവാഞ്ഛ. ജീവിതത്തിൽ 'സ്നേഹമാം കുളുർപൂനിലാവു' പരത്തുകയാണ് ആശാൻ നേടാൻകൊതിച്ച സ്വാതന്ത്ര്യത്തിന്റെ പരമലക്ഷ്യം. ജനസമുദായത്തിന്റെ മുകൾപ്പരപ്പിൽ കുറെ ഓളങ്ങളിളക്കിവിടുന്നതിനു പകരം എത്ര പണിപ്പെട്ടും അടിയൊഴുക്കിന്റെ ഗതിയെത്തന്നെ ആവുന്നത്ര മാററണമെന്നാഗ്രഹിച്ച അദ്ദേഹത്തിനു വഴികാട്ടിയ ധ്രുവനക്ഷത്രം 'വ്യതിയാനത്താൽ വരും വിപ്ലവം നീക്കി ലോകസ്ഥിതിപാലിക്കുന്ന' സ്നേഹമായിരുന്നു. ''അന്യർക്കു ഗുണം ചെയ്‌വതിനായുസ്സു വപുസ്സും തന്നാത്മതപസ്സും'' ബലിയർപ്പിച്ച പരമസാത്ത്വികനായ ഗുരുവാണ് സ്വാതന്ത്ര്യതീർത്ഥം തേടിക്കൊണ്ടുള്ള അദ്ദേഹത്തിന്റെ യാത്രയിൽ അമരക്കാരനായിരുന്നത്. അത്ഭുതപ്പെടാനുണ്ടോ ആശാന്റെ സ്വാതന്ത്ര്യഗാഥകളെല്ലാം സ്നേഹഗീതങ്ങളായതിൽ!

## കാവ്യകല കവിയുടെ ദൃഷ്ടിയിൽ

ആശാന്റെ ആത്മവത്തയെ രൂപവൽക്കരിച്ച ജന്മവാസനകളും സ്വാർജ്ജിതസംസ്കാരങ്ങളും തമ്മിലുള്ള ബന്ധം അദ്ദേഹത്തിന്റെ കാവ്യങ്ങളിൽ എത്രമാത്രം പ്രതിഫലിക്കുന്നു എന്നന്വേഷിക്കുകയായിരുന്നു നാം ഇതുവരെ. ആ വഴിക്കുള്ള വിചിന്തനം പ്രധാനമാണെങ്കിലും ആശാന്റെ കവിത്വം പൂർണ്ണമായി നിർവ്വചിക്കണമെങ്കിൽ മററു പല വസ്തുതകളും നാം അവശ്യം അറിഞ്ഞിരിക്കേണ്ടതുണ്ട്. കാവ്യത്തിന്റെ ലക്ഷ്യം, പ്രയോജനം, ധർമ്മം എന്നിവയെക്കുറിച്ച് ആശാനുണ്ടായിരുന്ന സങ്കല്പങ്ങൾ, കാവ്യസൗന്ദര്യസാധകങ്ങളായ കരുക്കൾ കണ്ടുപിടിച്ചു പ്രയോഗിക്കുന്ന കാര്യത്തിൽ അദ്ദേഹം കൈക്കൊണ്ട മനോഭാവം, ആശാൻകൃതികളിലെ രൂപരചനാസമ്പ്രദായം എന്നിങ്ങനെ ഏതാനും വിഷയങ്ങളിൽക്കൂടി ഒന്നു കടന്നുപോകാതെ തരമില്ല. കാവ്യകലയെ അധികരിച്ച് ആശാൻ എഴുതിയിട്ടുള്ള ഒരു കവിതയിലേക്കാണ് ആദ്യമായി പ്രവേശിക്കേണ്ടതു്. 'ലോകാനുഗ്രഹപര'യായ കാവ്യകലയുടെ അത്ഭുതാവഹമായ വ്യാപ്തിയും മഹത്വവും ആ ചെറുകൃതിയിൽ അതിനിപുണമായി വ്യഞ്ജിപ്പിച്ചിരിക്കുന്നു. കൊടുംവിഷത്തെ അമൃതായും 'പാഴാകാശങ്ങളെ അലർവാടികളാ'യും മാററാൻ കഴിവുള്ള കാവ്യകലയ്ക്കു വിഷയമാക്കാൻ കഴിയാത്ത ഒന്നുംതന്നെ പ്രപഞ്ചത്തിൽ കവി കാണുന്നില്ല. 'തുംഗശ്രീഗിരിശിഖരങ്ങൾ', 'ശുഭ്രവീചീഭംഗവ്യാകുലജലമാർന്ന സാഗരങ്ങൾ', 'പുഷ്പിതവനഭൂക്കൾ', താരാമണ്ഡലം, സൗരയൂഥം എന്നല്ല, ഓരോ മൺതരിയും കാവ്യകലാസ്പർശംകൊണ്ടു

Digitized By Kerala Sahitya Akademi

ധന്യങ്ങളായിത്തീരുന്നു. 'ഓമൽപ്പൂവിശദനിലാവി'ലും തമാല ശ്രീ മങ്ങും കൊടിയൊരു കൂരിരുട്ടിലും' കാവ്യലക്ഷ്മിയുടെ 'ശുമന്ദസ്മിതരുചി' ഒരുപോലെ പതിയുന്നു മാതൃപരമംമൂലം ഒടുങ്ങാത്ത ഹൃദയവേദന അനുഭവിക്കുന്ന കണ്ണുങ്ങളുടെ 'കണ്ണുനീർതുള്ളി'ത്തിലും 'പോരാളിപ്പരിഷ ചൊരിഞ്ഞ ചോരയാററിലും' ആ ദേവി നീരാടുന്നു. 'മാനഞ്ചും മിഴിയുടെ ചാഞ്ഞ ചില്ലി'യിലും 'ധ്യാനസ്ഥൻ മുനിയുടെ ഹസ്തമുദ്ര'യിലുംനിന്നു കലാരാധകന്മാർക്ക് കേരംക്കാം ദേവിയുടെ മധുരഭാഷിതങ്ങളം. നിത്യകന്യകയായ കവിതാദേവിയുടെ സൗന്ദര്യം ദർശിക്കണമെങ്കിൽ, ആ കലാഭഗവതി കുടികൊള്ളുന്ന രസമയരാജ്യത്തിൽ കടക്കണമെങ്കിൽ, ഒരു പുതിയ ഇന്ദ്രിയം കൂടിയേ തീരൂ മനുഷ്യനു്. മിക്കവാറും കവിവാക്യങ്ങളംതന്നെ പകത്തിയിരിക്കുന്ന ഈ ഭാഗങ്ങളിൽനിന്നു്, അസുന്ദരങ്ങളും നിസ്സാരങ്ങളുമായ ഏതിനെയും സുന്ദരവും സാരവത്തുമാക്കാൻ കവിതയ്ക്കുള്ള കഴിവു്, ജീവിതത്തിലെ ഇരുട്ടിനും വെളിച്ചത്തിനും ദുഃഖത്തിനും സുഖത്തിനും സക്തിക്കും വിരക്തിക്കുമെല്ലാം കവിദൃഷ്ട്യാ ലഭിക്കുന്ന സമപ്രാധാന്യം, മനുഷ്യന്റെ രതി, ശോകം, ഉത്സാഹം, നിർവേദം തുടങ്ങിയ വിഭിന്നഭാവങ്ങളെ ചമൽക്കാരപൂർവ്വം ആവിഷ്കരിച്ചു രസനീയങ്ങളാക്കിത്തീർക്കുന്ന കവികർമ്മവൈഭവം, സാധാരണേന്ദ്രിയങ്ങളംക്കതീതമായ കവിതാരസത്തിന്റെ മഹാത്മ്യം എന്നിവ വ്യക്തമാകുന്നു ഇതരകൃതികളിലും അവിടവിടെയായിക്കാണാം കാവ്യകലയെക്കുറിച്ചുള്ള ചില പരാമർശങ്ങളം. പ്രതിജനഭിന്നവിചിത്രമാർഗ്ഗവും പ്രതിനവരസവുമായ മർത്ത്യജീവിതം മനുഷ്യകഥാനുഗായികളെ സുകൃതികളാക്കുന്നുവെന്നു് 'ലീല'യിലും വാഗ്വേദികളായ കവികരം കാവ്യരസം പകന്നു സംസാരദുഃഖത്തെ സഹ്യമാക്കിത്തീർക്കുന്നു എന്നു് 'പ്രരോദന'ത്തിലും ആശാൻ പ്രസ്താവിക്കുന്നു. ഭൂമിയുടെ രസകാമധേനുത്വം മുമ്പുതന്നെ പ്രസ്തുതമായിട്ടുണ്ടല്ലോ. അന്യാപദേശരൂപേണ സ്വാനുഭവങ്ങളം വിവരിച്ചിട്ടുള്ള 'ഗ്രാമവൃക്ഷത്തിലെ കയിൽ' എന്ന കൃതിയിൽ 'സ്വാരാജ്യസീമകളെ നിഷ്ചലരാഗവീചീധാരാർദ്ര'മാക്കുന്ന കവിയുടെ ഗാനങ്ങളെ പരയോഗികൾ സമാധിസൗഖ്യവും വേദാന്തിക്കു് 'അദ്വയചിദേകരസാവഗാഹ'വുമരുളന്നവയായി അദ്ദേഹം പ്രശംസിക്കുന്നു മഹാകവി ടാഗോറിന്റെ കവനതല്ലജങ്ങളെ സ്മരിക്കുമ്പോരം,

ജലകണ്ഠത്തിൽപ്പോലുമസ്സുധാലഹരികരം
കുളർമയാൻ പുല്ലിനിസ്സിരകരം ചലിപ്പിച്ചു
പുളകമുണ്ടാക്കുന്നു ദ്രവിപ്പിക്കുന്നു ചിത്തം
ദളിതനിദ്രമാത്മതർപ്പണം ചെയ്തീടുന്നു.

അതീശാന്തമെന്നാലും ശക്തമാമതിൻധ്വനി
സതതം ചൂഴ്ന്ന കാററിൽ തിരകരം തല്ലിത്തല്ലി

Digitized By Kerala Sahitya Akademi

ക്ഷിതിഗോളത്തെജ്ജഗദീശരാജ്യത്തിലേക്കു
കതികൊള്ളിക്കും നവ്യചലനമുണ്ടാക്കുന്നു.

എന്ന് സത്ത്വഗാംഭീര്യസ്സാരമായ ഭാഷയിൽ സമാഹൃതചൈതന്യത്തോടുകൂടി അഭിനന്ദിക്കുന്ന ആശാൻ തനിക്കഭിമതമായ കാവ്യാദർശത്തെ കടാക്ഷിക്കുകകൂടി ചെയ്യുന്നുണ്ടെന്നു കരുതാം. വെടിപറച്ചിലും ചതുരംഗക്കളിയുംപോലെ കേവലം വിനോദനോപായമായിട്ടല്ല ആശാൻ കവിതയെ പരിഗണിച്ചത്. മിക്കവാറും യശോഭിലാഷത്തിന്റെയും കുറെയൊക്കെ പാണ്ഡിത്യപ്രകടനാസക്തിയുടേയും പ്രേരണമൂലം സംസ്കൃതസാഹിത്യത്തിൽനിന്ന് ആശയാദികൾ പരാവർത്തനംചെയ്ത് കവിപദവി നേടുന്ന രീതി പിൻതുടരാൻ അദ്ദേഹം ഇഷ്ടപ്പെട്ടില്ല. മലയാളകവിതാരംഗത്ത് നിലവിലിരുന്ന ഈ രണ്ടുതരം പ്രവണതകൾക്കുമധീനനാവാതെ, ''വികൃതിമോകൃഷ്ടമാം സാഹിതീലോകത്തിന്റെ ദൂഷിച്ചുപോയ രുചിയെ പ്രത്യാനയിപ്പാൻ'' ആശാൻ പരിശ്രമിച്ചു. കവിയുടെ അന്തരാത്മാവിലെ ഉദാത്താനുഭൂതികളിൽനിന്നുമുയിർക്കൊണ്ട് അനുവാചകഹൃദയത്തിന്റെ അഗാധതലത്തിൽ ഉദാത്താനുഭൂതികൾ സംക്രമിപ്പിക്കുന്ന മഹത്തമകലയാണു കവിതയെന്ന് ആശാൻ വിശ്വസിച്ചു. ഓരോ കാവ്യവിഷയത്തിന്റെയും സവിശേഷതകൾക്ക് അനുരോധമായി രസാനുഭൂതിയുളവാക്കാനുപകരിക്കുന്ന രൂപശില്പത്തെക്കുറിച്ച് അവധാനപൂർവ്വം ചിന്തിച്ച് അതിന്റെ വിവിധാവയവങ്ങൾ ഔചിത്യപുരസ്സരമായി സംഘടിപ്പിക്കുന്നതിൽ ത്യാജ്യഗ്രാഹ്യവിവേചനബുദ്ധ്യാ നിഷ്കർഷിക്കുകയും ചെയ്തു. 'അംഗാരത്തിലെരിഞ്ഞു ശുദ്ധി തടവും പൊന്നൊത്തു സത്ത്വാഗ്നിയിൽ ശൃംഗാരക്കറപോയ്ത്തെളിഞ്ഞൊരു മഹാസൗന്ദര്യസാരാകൃതി' എന്ന് ആശാൻ വർണ്ണിക്കുന്ന കാളിദാസന്റെ കൃതികളിലെ ഭാവവിശുദ്ധിയും അനവദ്യമായ പ്രേമസങ്കല്പവും സർവ്വോപരി ധ്വനിപ്രാധാന്യവും 'നളിനീ'കർത്താവിനു പ്രചോദകമായിട്ടുണ്ടെന്നു തീർത്തുപറയാം. എന്നാൽ ഭാവസമുദ്ഭാവനത്തിലും ഇതിവൃത്തഘടനയിലും രൂപശില്പരചനയിലും ആശാൻകൃതികളുടെ ആകൃതിപ്രകൃതികൾ ഏററവും കടപ്പെട്ടിട്ടുള്ളതു പാശ്ചാത്യസാഹിത്യത്തിലെ കാല്പനികകവിതാപ്രസ്ഥാനത്തോടാണ്. മുമ്പുള്ള ഭാരതീയകാവ്യസങ്കേതങ്ങളും പൂർവ്വകവികളുടെ ആശയങ്ങളും കല്പനകളും പാടേ ഉപേക്ഷിച്ച് സർവ്വതന്ത്രസ്വതന്ത്രനായി ആശാൻ കാവ്യനിർമ്മിതി നിർവ്വഹിച്ചു എന്ന് ഇപ്പറഞ്ഞതിനർത്ഥമില്ല. ലോകസാഹിത്യങ്ങളിലെങ്ങുംതന്നെ, കാല്പനികകവിതയുടെ ഉദയവേളയിൽ ഒരു കവിയും അങ്ങനെയൊരു സ്വാതന്ത്ര്യം പ്രയോഗിച്ചിട്ടില്ല. ഭൂതകാലകവിതയിൽ പററിപ്പിടിച്ചിട്ടുള്ള പൊടിയും അഴുക്കും തുടച്ചുമാററി, അനുചിതവും അസമർത്ഥവും യാന്ത്രികവുമായ പ്രയോഗാവർത്തനംമൂലം മാററു കുറഞ്ഞ് നിർജ്ജീവങ്ങളായ കാവ്യസങ്കേതങ്ങളെയും കല്പനകളെയും ഉചിതസ്ഥാനങ്ങളിൽ സന്നിവേശംചെയ്തു മനോഹരമാക്കിത്തീർക്കാൻ ആ കവികൾ ഉത്സു

Digitized By Kerala Sahitya Akademi

കാരണം. അങ്ങനെ പാരമ്പരാഗതങ്ങളായ രചനാസാമഗ്രികളെ സുസംസ്കൃതങ്ങളും സുപ്രയുക്തങ്ങളുമാക്കുന്നതോടൊപ്പം, കവിയോട് വനോദ്ഭിന്നങ്ങളായ നൂതനകല്പനകളെ അവർ നിശ്ശങ്കമായും അവിരളമായും പ്രയോഗിക്കുന്നു.

''സ്വാമിയാം രവിയെ നോക്കിനില്ക്കുമെൻ
താമരേ, തരളവായുവേററു നീ
ആമയം തടവിടായ്ക തൽകര-
സ്തോമമുണ്ടു തിരിയുന്ന ദിക്കിലും.
സന്തതം മിഹിരനാത്തശോഭയും
സ്വാന്തമാം മധു കൊതിച്ച വണ്ടിനും
ചന്തമാന്നരുളി നിൽക്കുമോമലേ,
ഹന്ത ധന്യമിഹ നിന്റെ ജീവിതം.''

എന്നു നളിനി സ്വയം വിമർശിക്കുന്ന ഭാഗത്ത് നൂററുക്കണക്കിനു കവികൾ കൈകാര്യംചെയ്തു നീരും ചോരയും വററിച്ചുകളഞ്ഞ ഒരു കവിസങ്കേതം ഭാവോത്തരംഗിതമായി, ഒരു ജീവിതത്തിന്റെ രത്നച്ചുരുക്കം വ്യഞ്ജിപ്പിച്ചു പ്രകാശിക്കുന്നതു നോക്കുക. 'പങ്കഹീനഘനനാദഹൃഷ്ടമാം പൊൻകടമ്പിനുടെ കൊമ്പി'ന്റെ അവസ്ഥ നളിനി കണ്ടാകുന്നതും അവൾ 'ഹൈമനസരോജ'ത്തിനു തുല്യം കണ്ണുനീർ തൂവി നില്ക്കുന്നതും 'ഗർജ്ജിതം കേട്ട പന്നഗകുമാരിയെ'പ്പോലെ ഞെട്ടുന്നതുമെല്ലാം പഴയ കവിസങ്കേതങ്ങൾക്ക് അഴകും മിഴിവും വരുത്തി പ്രയോഗിച്ചിട്ടുള്ളതിനു് ഉദാഹരണങ്ങളാണു്. ജരൽപ്രസൂനയായ ശിരീഷലത, ശരദഭ്രശാതയായ തടില്ലത, സുമർത്തുവിൽ പാടുന്ന കുയിൽ, താമരപ്പൂവിനെ ആഞ്ഞു തടയുന്ന ഹംസി തുടങ്ങിയ ഉപമാനങ്ങളിലും കാണാം ഇത്തരം ദൃഷ്ടാന്തങ്ങൾ. പുതിയ കുപ്പിയിലടച്ച പഴയ വീഞ്ഞുകളെന്നു പറയാവുന്ന ഈ കവിസങ്കേതങ്ങൾക്കു സമുചിതസ്ഥാനാരോഹണംമൂലം ജന്മസാഫല്യം ലഭിക്കുന്നതായിട്ടാണു നമുക്കു തോന്നുക. ഇത്തരം പ്രാചീനകല്പനകളോടൊത്തുതന്നെ, 'വെന്നരിയെ ഉഴറികാക്കുവാൻ കേറ്റിപ്പിടും നൃപതിപോലെയും കളിക്കോപ്പെടുത്ത ചെറുപൈതൽപോലെയും' 'തെല്ലുതൽപരത്വമാന്ന' ജിതേന്ദ്രിയൻ, ഉഷസ്സന്ധ്യപോലെയുള്ള പാവനാംഗി, മുദ്രഹേമയഷ്ടിപോലെ വീഴുന്ന നളിനി, കർഷകൻ കിണറിനാൽ നനച്ചിലും വർഷമററ വരിനെല്ലുപോലെ ഖിന്നയായ വിരഹിണി, ശാന്തവീചിയതിൽ വീചിപോലെ, കാന്തനാദമൊടു നാദംപോലെ, കാന്തിയോടപരകാന്തിപോലെ, അന്യോന്യം ഉടൽ ചേർന്നുനില്ക്കുന്ന നളിനീദിവാകരന്മാർ, ശിശിരം പോകാതെയും പൂർണ്ണവസന്തമാകാതെയും കന്യാപാകത്തിൽ നില്ക്കുന്ന പരിശുദ്ധവനാന്തഭംഗി, ഉടഞ്ഞ ശംഖുപോലെയുമുരിച്ചുമുറിച്ച വാഴത്തടപോലെയും തിളങ്ങുമസ്ഥിഖണ്ഡങ്ങൾ, കൃതകോപനായ ശിശു കളിയിൽ ഭഞ്ജിച്ചെറിഞ്ഞ പതംഗികാംഗങ്ങൾപോലെ ദയനീയങ്ങ

Digitized By Kerala Sahitya Akademi

ളായ വാസവദത്തയുടെ അംഗങ്ങൾ തുടങ്ങി നവനവോന്മേഷശാലിനിയായ കവിപ്രജ്ഞയിൽനിന്നും കിളർത്ത കല്പനകളുണ്ട്, എത്ര വേണമെങ്കിലും. ആംഗലകവിതകളിൽനിന്ന് ആശാൻ ഔചിത്യപൂർവ്വം ആദാനംചെയ്ത ഉക്തിവൈചിത്ര്യങ്ങളും കല്പനകളുംതന്നെ കുറച്ചൊന്നുമല്ല. ആശാൻകവിതയിലെ രചനാരഹസ്യങ്ങളെക്കുറിച്ചു നിഷ്കൃഷ്ടമായി പഠിക്കുന്ന ഏതൊരാൾക്കും ഈ ത്രിവേണീസംഗമത്തെ ശ്രദ്ധിക്കാതിരിക്കാൻ വയ്യ.

## കണ്ണും കരളും ഒരേ ലക്ഷ്യത്തിൽ

ആശാന്റെ ഭാവഗാംഭീര്യത്തിനു് അനുഗുണമായിരുന്ന രചനാസമ്പ്രദായവും. അടക്കാനാവാത്ത അന്തഃപ്രചോദനത്തെയും പ്രകൃഷ്ടാനുഭൂതികളെയും ആധാരമാക്കി കാവ്യസൃഷ്ടി നടത്തിയ ആ കലാകാരനു്, തന്റെ കാവ്യാത്മകദർശനങ്ങളെ ആവിഷ്കരിക്കാൻ കനം തൂങ്ങുന്ന ഭാഷതന്നെ വേണ്ടിവന്നു. 'വെറും ശബ്ദമാമക്കോലക്കുരുവിന്റെ എണ്ണയിലെഴുന്നാജ്ജ്വലകൗതുഹലം' അദ്ദേഹം വെറുത്തു; 'ശങ്കാപേതമുദിക്കുമർത്ഥരുചി'യെ ആദരിച്ചു. കാതുകളെ മാത്രം പ്രീണിപ്പിക്കുന്ന പദസംഘടനയല്ല, കരളിലും പ്രജ്ഞയിലും തറയ്ക്കുന്ന അർത്ഥപരമ്പരയാണു് ആ കവി ഇഷ്ടപ്പെട്ടതു്; ആഴമില്ലാത്ത ഒഴുക്കും മുക്കപണ്ടങ്ങളുടെ പകിട്ടും ബുദ്ധിപരമായ വ്യായാമത്തിൽക്കവിഞ്ഞ ഫലമില്ലാത്ത പ്രയോഗക്കസർത്തുകളും കഴമ്പില്ലാത്ത കവിതയുടെ ലക്ഷണങ്ങളായേ കരുതാൻ കഴിഞ്ഞുള്ളു ആശാനു്. ഒരു നിസ്സാരമായ ആശയത്തെ പടർത്തി പറയുന്നതിനുപകരം ഏറാവും ചുരുങ്ങിയ വാക്കുകൾമുഖേന വായനക്കാരന്റെ മനസ്സിൽ ഒരാശയലോകത്തെത്തന്നെ വ്യംജിപ്പിക്കാനായിരുന്നു അദ്ദേഹത്തിന്റെ ഉദ്യമം. തന്മൂലം ഭയവിനെക്കാൾ മുറുക്കമാണു് പ്രതിപാദനത്തിൽ നമുക്കു് അനുഭവപ്പെടുക; നിർമ്മാണധർമ്മങ്ങളിൽ ഏററവും ശ്രദ്ധേയമായിട്ടുള്ളതു് ആശാൻ പുലർത്തുന്ന ഏകാഗ്രഗാഢബോധമാണു്. പ്രതിപാദ്യവിഷയത്തെക്കുറിച്ചു ഗാഢവും സമഗ്രവുമായി ധ്യാനിച്ചു് അവയുടെ വിവിധഘടകങ്ങൾക്കുള്ള പരസ്പരബന്ധം, പ്രധാനവും അപ്രധാനവും ത്യാജ്യവും ഗ്രാഹ്യവുമായ അംശങ്ങൾ എന്നിവയെപ്പററി വിശദാവബോധവും വ്യക്തമായ തീരുമാനവും ഉണ്ടായിക്കഴിഞ്ഞതിനുശേഷമേ അദ്ദേഹം കടലാസിൽ പേന തൊടുക്കുകയുള്ളു.* ഇത്രയുമായിക്കഴിഞ്ഞാൽ, താൻ അഭിവ്യഞ്ജിപ്പിക്കാനുദ്ദേ

* ''ഒരു ഉൽകൃഷ്ടകലയുടെ നിലയിൽ കവിതയുടെ സാങ്കേതികമായ ഗുണദോഷങ്ങളുടെ എല്ലാ അംശങ്ങളെയുംപററി ഗാഢമായും നിർദ്ദയമായും ചിന്തിച്ചു്, ത്യാജ്യങ്ങളെ പാടുള്ളത്ര ത്യജിച്ചും ഗ്രാഹ്യങ്ങളെ കഴിയുന്നത്ര ഗ്രഹിച്ചുമല്ലാതെ ഞാൻ ഒരു മുക്തകം പോലും രചിക്കാറില്ലെന്നുള്ളതു് എനിക്കു നല്ല നിശ്ചയമുള്ള സംഗതിയാണു്.''—ആശാൻ.

Digitized By Kerala Sahitya Akademi

ശിക്കുന്ന മുഖ്യഭാവങ്ങൾക്കും കഥാപാത്രപ്രകൃതികൾക്കും തെളിച്ചവും മുഴപ്പും കൈവരുത്താൻ കഴിവുള്ള വർണ്ണനകളും കല്പനകളും സംഭവങ്ങളും അലങ്കാരങ്ങളും പദങ്ങളും മാത്രം ആശാൻ തെരഞ്ഞെടുത്തു പ്രയോഗിക്കുന്നു. കാര്യലാഭമില്ലാതെ കൈമുതൽ ധൂർത്തടിക്കുകയില്ലെന്ന നിശ്ചയത്തിൽ ഉറച്ചുനില്ക്കുന്ന അദ്ദേഹം പത്തു വിതച്ചു നൂറു കൊയ്യുന്ന കൃഷകനാണ്. 'നളിനി'യുടെ പ്രാരംഭത്തിൽ 'തത്പരത്വമവനാർന്നിരുന്നു തെല്ലപ്പോൾ' എന്ന് ദിവാകരന്റെ ചിത്താവസ്ഥയെക്കുറിച്ചു നല്കുന്ന സൂചനയുടെ ശക്തി ഗ്രന്ഥാവസാനംവരെ നീണ്ടുനില്ക്കുന്നു. ആ 'തെല്ലതത്പരത്വം' ദിവാകരനുണ്ടായിരുന്നില്ലെങ്കിൽ 'നളിനി'യിലെ സംഭവങ്ങൾക്കു പ്രസക്തിയേ കാണുമായിരുന്നില്ല; നളിനിയുടെ മഹത്തായ ജീവത്യാഗത്തിനുപോലും ആ യുവയോഗിയെ ഉലയ്ക്കാൻ സാധിക്കുമായിരുന്നില്ല. സത്ത്വാംഗിയിലെരിഞ്ഞു ശൃംഗാരക്കറ പൊയ്പ്പോയ പരിശുദ്ധസ്നേഹം വർണ്ണിച്ചിട്ടുള്ള 'നളിനി'യിൽ നായികാനായകന്മാരുടെ ബാഹ്യാകാരഭംഗികൾ ദീർഘമായി വിവരിക്കുന്നില്ല, ഔചിത്യവേദിയായ കവി. 'ഉഷസ്സന്ധ്യപോലെ പാവനാംഗി' എന്നും 'ശരദഭ്രശാന്തയായ തടില്ലത'യെന്നും 'ഭഗവദർച്ചനാർഹമായ മനോജ്ഞപുഷ്പ'മെന്നും 'വനഭൂവിൽ നില്ക്കുന്ന കുന്ദവല്ലി'യെന്നും മറ്റുമുള്ള നിപുണസൂചനകൾകൊണ്ടു മാത്രം നായികാവർണ്ണനം സാധിക്കുന്നു. 'ഉൽഫുല്ലബാലരവിപോലെ കാന്തിമാൻ', 'ദ്യോതമാനവും ഒട്ടു നഗ്നവുമായ ഉടൽ', 'നീണ്ട ജടയും നഖങ്ങളും ഭൂതിയും', 'പ്രസന്നവും ധീരവുമായ മുഖകാന്തി'—തീർന്നു നായകന്റെ വർണ്ണന. കഥ നടക്കുന്ന ഹിമവൽപാർശ്വത്തിലെ പ്രകൃതിസൗന്ദര്യമോ വിഭാതവേളയുടെ മനോഹാരിതയോ നീട്ടി വർണ്ണിക്കാനും കവി മിനക്കെടുന്നില്ല; നേരെമറിച്ചു ഭോഗതൃഷ്ണാപരവശമായ ജീവിതത്തിന്റെ അവശ്യംഭാവിയായ പരിണാമം ചിത്രീകരിക്കുന്ന 'കരുണ'യിൽ വാരനാരിയായ വാസവദത്തയുടെ മതിമോഹനരൂപവും വികലാംഗിയും വിരൂപിണിയുമായി അവൾ ഒടുവിൽ കിടക്കുന്ന കിടപ്പും പ്രകരണൗചിത്യവശാൽ വിസ്തരിച്ചു വർണ്ണിക്കുന്നുണ്ട്. 'ലീലാ'കാവ്യത്തിന്റെ തുടക്കത്തിലുള്ള മാധവിയുടെ 'പ്രണയപരവശേ', 'ഗുണവതി' എന്ന രണ്ടു സംബുദ്ധികളിലടങ്ങിയിരിക്കുന്നു, നായികയായ ലീലയുടെ സവിശേഷവ്യക്തിമുദ്രകൾ. പ്രണയപാരവശ്യവും ഗുണവതീത്വവുമനുസരിച്ചായിരുന്നു ലീലയുടെ ജീവിതഗതിയെന്നു കാവ്യാവസാനത്തിൽ നമുക്കു ബോദ്ധ്യപ്പെടുമ്പോഴാണ് ഈ സംബുദ്ധികളുടെ വ്യാപ്തിയും ഔചിത്യവും ശരിക്കും വിശദമാകുന്നത്. ഉദാഹരണങ്ങൾ ഇനിയും എത്രവേണമെങ്കിലും നിരത്തിവയ്ക്കാവുന്നതേയുള്ളൂ. എന്നാൽ ആശാന്റെ ധ്വനിപ്രായാംഗനിഷ്ഠയും ഏകാഗ്രതാബോധവും രൂപശില്പനിഷ്കർഷയും 'ദുരവസ്ഥ'യെ വേണ്ടുവോളം അനുഗ്രഹിച്ചിട്ടില്ല. പുഷ്ടഭാവങ്ങളായ നാടകീയസന്ദർഭങ്ങളോ ആകർഷകങ്ങളായ സംഭവപരമ്പരകളോ ചലനഭംഗിയോ ഇല്ലാതെ മിക്ക

Digitized By Kerala Sahitya Akademi

വംറും പരത്തിയടിച്ച ഒരു കഥാഖ്യാനമാണ് ആയിരത്തിയെഴുന്നൂററോളം വരികളുള്ള ആ കൃതിയിൽ നിർവ്വഹിച്ചിരിക്കുന്നത്. കലംകാരനായ ആശാന്റെ കടിഞ്ഞാണിനു വഴങ്ങാതെ, സമൂഹപരിഷ്കർത്താവായ ആശാൻ കടന്നുകയറിച്ചെയ്യുന്ന അഭിപ്രായപ്രകടനങ്ങളും ഒട്ടുവളരെയുണ്ട്. വീക്ഷേതഘനഗാത്രശ്രീകൊണ്ട് 'നളിനി'യും, 'ലീല'യും, 'കരുണ'യും, 'സീത'യും പ്രശോഭിക്കുന്നുവെങ്കിൽ, ദുർമ്മേദസ്സുമൂലമുണ്ടായ രൂപസൗഷ്ഠവഹാനി 'ദുരവസ്ഥ'യെ ദുഷിപ്പിക്കുന്നു. ചിലർ പറയുമ്പോലെ, വർത്തമാനകാലത്തിൽമാത്രം പ്രാധാന്യമുള്ള സാമൂഹികവിഷയത്തെ അധികരിച്ചു നിർമ്മിച്ച കാവ്യമായതുകൊണ്ടല്ല, 'ദുരവസ്ഥ'യുടെ ഉൽക്കർഷത്തിനു് ഉടവുതട്ടിപ്പോയതു്. രൂപശില്പപരമായ വൈകല്യങ്ങളായിരിക്കണം ആ കാവ്യത്തെ രണ്ടാംകിടയിലേക്കു പിടിച്ചിറക്കുന്നതു്. ചുരുക്കത്തിൽ, പ്രതിപാദ്യവസ്തുവിന്റെ സ്വഭാവവും പ്രതിപാദനോപായങ്ങളും തമ്മിലുള്ള പൊരുത്തമില്ലായ്മയാണ് പ്രസ്തുത കൃതിയിലെ മൗലികമായ വൈകല്യം.

## കടഞ്ഞെടുത്ത കഥാശില്പം; കഥയല്ലാത്ത കഥനം

കഥാകാവ്യങ്ങളിലെ ഇതിവൃത്തസംവിധാനത്തിലും രൂപസമുദ്ഭാവനത്തിലും ആശാൻ അവതരിപ്പിച്ച പുതുമകൾ മലയാളകവിതയിൽ ഒരു നവ്യസരണി വെട്ടിത്തെളിച്ചു. ഒരു കഥയുടെ തുടക്കം തൊട്ട് ഒടുക്കംവരെ മുറയ്ക്കു പ്രതിപാദിക്കുക എന്ന പ്രഹതസമ്പ്രദായം കൈവെടിഞ്ഞ് നായികാനായകന്മാരുടെ അന്ത്യസമാഗമഘട്ടം മാത്രം 'നളിനി'യിൽ വർണ്ണിക്കുന്നു. പരിപാവനസ്നേഹത്തിന്റെ പരകോടിയിലെത്തിയ നളിനി മോക്ഷപദം പ്രാപിക്കുന്നതിനു തൊട്ടുമുമ്പുള്ള ഭാവനിർഭരവും നാടകീയവുമായ മുഹൂർത്തത്തിലാണ് കവി യവനിക ഉയർത്തുന്നതു്. അനുവാചകന്റെ ശ്രദ്ധ മുഴുവനും ഏകാഗ്രമായി ആ മുഹൂർത്തത്തിൽ ഞെരുങ്ങിനില്ക്കുകയാണ്. അനുപദം ആക്കംവദ്ധിക്കുന്ന സുഘടിതമായ ഒരു ഏകാങ്കനാടകത്തിന്റെ പ്രതീതിയാണ് ഈ കൃതി ജനിപ്പിക്കുന്നതു്. നളിനീദിവാകരന്മാരുടെ പരസ്പരസംഭാഷണങ്ങളും 'സ്വഗത'ങ്ങളും പകർത്താനും സംഭാഷണമദ്ധ്യേ അവർക്കുണ്ടാകുന്ന ചിത്തവൃത്തികളും ആംഗികചേഷ്ടകളും വർണ്ണിക്കാനുമായി ആകെയുള്ള 176 ശ്ലോകങ്ങളിൽ 120 എണ്ണം കവി ഉപയോഗിക്കുന്നു. നാടകത്തിലെപ്പോലെ സംഭാഷണങ്ങൾ മുഖേനയാണ് ഭൂതകാലസംഭവങ്ങൾ ഏറിയകൂറും വെളിപ്പെടുത്തുന്നതു്; കഥാപാത്രങ്ങളുടെ സ്വഭാവം വ്യഞ്ജിപ്പിക്കുന്നതിനും സംഭാഷണംതന്നെ ഉപായമായി സ്വീകരിക്കുന്നു. സ്ഥലകാലസൂചനകൾക്കും പാത്രാവതരണത്തിനും കഥയുടെ ഉപസംഹരണത്തിനും മാത്രമേ കവി നേരിട്ടു മുതിരുന്നുള്ളു. മുഖ്യകഥാപാത്രങ്ങളുടെ നിലപാടുകൾക്കുള്ള അന്യോന്യവൈപരീത്യം, ഉറച്ച നിലപാടിനു് ഒട്ടുവി

Digitized By Kerala Sahitya Akademi

ലുണ്ടാകുന്ന യുക്തിസഹമായ പരിവർത്തനം എന്നീ നാടകീയധർമ്മങ്ങളും 'നളിനി'യിൽ പരിപാലിച്ചിട്ടുണ്ട്. അതീതകാലങ്ങളിലെ സവിശേഷസാഹചര്യങ്ങളുടെയും സുപ്രധാനസംഭവങ്ങളുടെയും അനിവാര്യഫലമായി, മിക്കവാറും ജീവിതത്തിന്റെ അന്തിമരംഗത്തിൽ സംജാതമാകുന്ന വിചിത്രപരിണാമഗർഭവും അതീവശ്രദ്ധേയവുമായ ഒരു സന്ദർഭത്തിന്റെ തലയ്ക്കൽവച്ച് തിരശ്ശീല ഉയർത്താറുള്ള ഇബ്സൻ തുടങ്ങിയ നാടകകർത്താക്കളുടെ രചനാപ്രക്രിയയോട് അടുപ്പമുണ്ട് 'നളിനി'ക്ക്. 'ലീല'യിലും പഴയ കഥാകഥനപ്രക്രമമല്ല നാം കാണുന്നത്. 'നളിനി'യിൽ നാടകരചനാസങ്കേതമാണു പ്രയോഗിച്ചിട്ടുള്ളതെങ്കിൽ, ലീലയിലാകട്ടെ കവി നേരിട്ടു ചെയ്യുന്ന കഥാഖ്യാനത്തിനാണു പ്രാധാന്യമുള്ളത്. കഥാവസ്തുവിന്റെ സ്വഭാവമായിരിക്കണം ഇതിനു കാരണമെന്നു തോന്നുന്നു. 'ലീല'യുടെ അസാധാരണങ്ങളും സങ്കീർണ്ണങ്ങളുമായ ജീവിതാനുഭവങ്ങളെ അർത്ഥശങ്കയ്ക്കിടവരാതെ വ്യാഖ്യാനിച്ച് അവളുടെ ഭാവശുദ്ധിയെ സമർത്ഥിക്കേണ്ടതുണ്ട് കവിക്ക്. പ്രേമദുഃഖം നിമിത്തം വികലബുദ്ധിയായിത്തീർന്ന നായകനെക്കൊണ്ടു സംസാരിപ്പിക്കാൻ സാദ്ധ്യവുമല്ല. നാടകീയരീതിയിൽ ഗ്രന്ഥാരംഭം നിർവ്വഹിക്കുകയും വിപരീതവീക്ഷണഗതികൾ അവലംബിക്കുന്ന ലീലയുടെയും മാധവിയുടെയും സംഭാഷണങ്ങളിലൂടെ നായികയുടെ പ്രണയസ്ഥൈര്യവും മനോഗുണങ്ങളും പ്രകടീകരിക്കുകയും ചെയ്യുന്നുണ്ടെങ്കിലും, കവിതന്നെ ദീർഘമായി പൂർവ്വകഥ വിവരിക്കുന്നതിന്റെ ഉദ്ദേശ്യം ഇതായിരിക്കാനാണിട. 'കരുണ'യിൽ ചിത്രരചനാസങ്കേതങ്ങളാണ് അധികവും സ്വീകരിച്ചിട്ടുള്ളത്. ലൗകികൈശ്വര്യങ്ങളിൽ മുങ്ങിക്കുളിച്ച്, 'കഞ്ജബാണൻതന്റെ പട്ടംകെട്ടിയ റാണി' പോലെ വിലസുന്ന കുലഗണികയായ വാസവദത്തയുടെ ചിത്രം ആദ്യം അവതരിപ്പിക്കുന്നു. ആ ചിത്രത്തിൽ വാസവദത്തയുടെ ഉൽക്കടമായ അഭിനിവേശത്തിനു പാത്രമായ ബൗദ്ധസന്യാസിയെ കാണുന്നില്ല. തുടർന്ന് നാം മറ്റൊരു ചിത്രത്തിന്റെ മുമ്പിലേക്ക് ആനയിക്കപ്പെടുന്നു. കാളിമകളും നഭസ്സെയുമ്മവയ്ക്കുന്ന മനോജ്ഞമാളികയുടെ മലർമുററത്തുനിന്ന് മനുഷ്യാവയവങ്ങൾ കൊത്തിവലിച്ച് ഇരതേടുന്ന കഴുകനും ക്രമനും കുറുനരിയും നിറഞ്ഞ ചുടുകാട്ടിലേക്ക്; മദാലസയും വിശിഷ്ടവേഷഭൂഷാലംകൃതയുമായ മതിമോഹിനിയുടെ സമീപത്തുനിന്ന് ഇലയും കുലയുമരിഞ്ഞിട്ടു വെട്ടിമുറിച്ചിട്ട മലവാഴത്തടപോലെ മലർന്നടിഞ്ഞുകിടക്കുന്ന രക്തദൂഷിതമായ മാംസപിണ്ഡത്തിലേക്ക്. ആ ചിത്രത്തിലുണ്ട് 'ഭാനുമാനിൽ നിന്നു കടപൊട്ടിപ്പുറന്നെത്തും കതിരുപോലെ' കാന്തിമാനായ ബുദ്ധശിഷ്യൻ. ചുരുക്കം ചില നേർത്ത രേഖകൾകൊണ്ട് മിഴിവുററ രൂപങ്ങൾ ആലേഖനംചെയ്യാൻ പ്രകൃത്യാ ഇഷ്ടപ്പെടുന്ന ആശാൻ പതിവിനു വിപരീതമായി കടുംനിറവും കട്ടിവരയും കലർത്തിയാണ് ഈ അവസ്ഥാന്തരങ്ങൾ വരച്ചിട്ടുള്ളത്. ആ രീതിഭേദത്തി

Digitized By Kerala Sahitya Akademi

ന്റെ ഗ്രന്ഥദോഷങ്ങൾ അതിൽ കാണുകയും ചെയ്യാം. ജീവിതത്തിന്റെ രണ്ടററങ്ങളും തമ്മിലുള്ള വമ്പിച്ച അകൽച്ച കണ്ടു വിസ്മയാധീനനാകുന്ന വായനക്കാരനെ ഒരു ചിത്രത്തിന്റെ മറുവശം മാത്രമാണു രണ്ടാമത്തേതെന്നു് ഉപഗുപ്തവാക്യങ്ങൾ ഉദ്ബോധിപ്പിക്കുന്നു. ധനമോഹവും സൗന്ദര്യമദവുംകൊണ്ടു തെററുകളാചരിച്ചുപോയെങ്കിലും, അകൃത്രിമപ്രണയത്തിന്റെ ഒരുറവു് ഉൾക്കാമ്പിലൂറിനിന്നിരുന്ന ആ അമലയുടെ ദയനീയദുരന്തത്തിൽ സന്ന്യാസിപിത്തംപോലുമലിഞ്ഞു്, ആ അലിവിന്റെ തുള്ളി കണ്ണിലൂറന്നു നിറഞ്ഞു് ചുടലച്ചാമ്പലിൽ അടർന്നുവീഴുന്നിടത്തുവച്ചു തിരശ്ശീല താഴ്ത്തേണ്ടതിനു പകരം ആ കണ്ണീരിനൊരു നീണ്ട ഭാഷ്യമെഴുതി മുഷിച്ചിലുണ്ടാക്കേണ്ടിയിരുന്നില്ല. 'ചണ്ഡാലഭിക്ഷുകി'യിലെ കഥാപ്രതിപാദനം ഏറെക്കുറെ യഥാസ്ഥിതികസമ്പ്രദായത്തിലാണു്. കഥയുടെ ഒരു തലതൊട്ടു തുടങ്ങി മറേറത്തലവരെയുള്ള സംഭവങ്ങളെ അനുക്രമമായി വിവരിച്ചിട്ടുള്ള ആ കാവ്യത്തിൽ ആഖ്യാനത്തിനു കൂടുതൽ ആയവും ലാഘവവും ഒഴുക്കമുണ്ടു്. കവി സാവകാശമായി ശ്രമംകൂടാതെ കഥ പറയുന്നു എന്ന തോന്നൽ നമുക്കുണ്ടാകുന്നു. ഒരു സ്വതന്ത്രവിവർത്തനമായ 'ശ്രീബുദ്ധചരിത'ത്തിലാണു് ആശാന്റെ ആഖ്യാനവല്ലഭത്വം ഉന്നിദ്രവും സംഫുല്ലവുമായി പ്രശോഭിക്കുന്നതു്. ഇതരകൃതികളുടെ സ്വഭാവങ്ങൾ അനുസരിച്ചു് അവശ്യം ദീക്ഷിക്കേണ്ടിയിരുന്ന നിയന്ത്രണങ്ങളെല്ലാം നാനാസംഭവസങ്കുലവും സുദീർഘവുമായ ഈ ഇതിഹാസകാവ്യത്തിൽ നീങ്ങിക്കിട്ടുന്നു. തടവററു പരന്നുകിടക്കുന്ന പ്രവാഹത്തിനു തുല്യമാണു് 'ബുദ്ധചരിത'ത്തിലെ കഥാഖ്യാനം. ആശയങ്ങളെ ആവുന്നത്ര ഞെക്കിപ്പിടിച്ചു ചിമിഴിലടച്ചും ഭാവവ്യഞ്ജനത്തിൽ വാചംയമിത്വം പരമാവധി പരിപാലിച്ചും നിർമ്മിച്ചിട്ടുള്ള മററു കാവ്യങ്ങളിൽ പിരിമുറുക്കം കുറച്ചധികമായിട്ടുണ്ടു്. അതോടൊപ്പം, താങ്ങാനാവാത്തവിധം കടുത്ത അർത്ഥഭാരം ചുമന്നുനില്ക്കുന്ന ശബ്ദങ്ങളും ഇറുകിവലിഞ്ഞ വാക്യബന്ധങ്ങളും ആശയഗ്രഹണത്തിനു ക്ലേശമുണ്ടാക്കുകയും ചെയ്യുന്നു. തിരഞ്ഞെടുത്തടുക്കി നിരത്തുന്ന ശബ്ദങ്ങളിൽ നിരന്തരം കണ്ണുനട്ടു നില്ക്കേണ്ടിവരുന്ന കവിക്കും അനുവാചകനും. ഈ അസ്വാതന്ത്ര്യങ്ങളിൽ നിന്നു വിമുക്തനായ ആശാൻ, ഭാഷാശൈലീസൗഭാഗ്യങ്ങളിലും അനായാസസുന്ദരങ്ങളായ വർണ്ണനാപരമ്പരകളിലും മതിവരുവോളം നീന്തിത്തുടിച്ചു കളിക്കുന്ന കാഴ്ചയാണു് 'ശ്രീബുദ്ധചരിത'ത്തിൽ കാണുന്നതു്.

## ഭാവകാവ്യകർത്താവെന്ന നിലയിൽ

ആദ്യമേ സൂചിപ്പിച്ചതുപോലെ, മലയാളകവിതയുടെ ചരിത്രത്തിലും ആശാന്റെ കവിജീവിതത്തിലും പ്രകടമായ ഒരു വഴിത്തിരിവു കുറിച്ച കൃതിയെന്ന നിലയിൽ 'വീണപൂവു്' അവിസ്മര

Digitized By Kerala Sahitya Akademi

ണീയമാണ്. മലയാളത്തിലെ ലക്ഷണമൊത്ത—ഒന്നാമത്തെ പ്രതിരൂപാത്മകഭാവകാവ്യമെന്നും കാലക്രമമനുസരിച്ച് രണ്ടാമത്തേതെങ്കിലും ഗുണപ്രകർഷംകൊണ്ട് ഭാഷയിലെ പ്രഥമവിലാപകാവ്യമെന്നുമുള്ള സ്ഥാനങ്ങൾ ആ അനശ്വരകൃതി കരസ്ഥമാക്കിയിരിക്കുന്നു. ആത്മാവിഷ്കാരപ്രധാനമായ ഖണ്ഡകാവ്യത്തിലെ ഭാവരൂപപ്പൊരുത്തം എത്രത്തോളമാകാമെന്ന് ഒരു മലയാളകവി ആദ്യമായി തെളിയിച്ചതും ഈ കൃതിയിലൂടെയാണ്. പൂവിനെ—വീണ പൂവിനെത്തന്നെ—വിഷയീകരിച്ചിട്ടുള്ള കവിതകൾ പലതുണ്ട്, ആംഗലസാഹിത്യത്തിൽ. പൂവിൽ യുവതീത്വം ആരോപിച്ചുകൊണ്ടുള്ള സങ്കല്പങ്ങളും ആ സാഹിത്യത്തിൽ, എന്തിന്, ഭാരതീയസാഹിത്യത്തിൽപ്പോലും, സുലഭങ്ങളത്രേ. അത്തരം കവിസങ്കല്പങ്ങളുമായി ആശാൻ പരിചയിച്ചിട്ടുണ്ടെങ്കിൽത്തന്നെ, 'വീണപൂവി'ന്റെ വിഭാവനത്തിലും വിരചനത്തിലും സ്വാതന്ത്ര്യവ്യക്തിത്വമാണ് അദ്ദേഹം പ്രദർശിപ്പിച്ചിട്ടുള്ളത്. സർവ്വമനോഹാരിണിയായ പുഷ്പരാജ്ഞിയുടെ അവസ്ഥാവൈപരീത്യം കണ്ടു തുളിച്ച ബാഷ്പബിന്ദു കൺപീലിയിൽ തങ്ങിനില്ക്കെത്തന്നെ, ഭുവനഭൃതികളുടെ ചഞ്ചലപ്രകൃതിയിൽ കവിയുടെ കണ്ണുകൾ ഊന്നിപ്പോകുന്ന ഒന്നാംശ്ലോകംതൊട്ടങ്ങോട്ട്, കരിഞ്ഞുമലിഞ്ഞും ഞൊടിയിടകൊണ്ടു മണ്ണായി മറവിയിൽ മായാറായ പൂവിനെ ചൂണ്ടിക്കാട്ടി പ്രകൃതിനിയമമായ സർവ്വപ്രണാശത്തിന്റെ അനിവാര്യതയിലും ജീവിതത്തിന്റെ സ്വപ്നസന്നിഭതയിലും ചെന്നവസാനിക്കുന്ന അവസാനശ്ലോകംവരെ വ്യഞ്ജിപ്പിച്ചിട്ടുള്ള പ്രധാന ഭാവം നിത്യാനിത്യവിവേകജന്യമായ നിർവ്വേദമാണെങ്കിലും 'വീണപൂവ്'' മറെറാരു 'വൈരാഗ്യശതക'മോ, 'മോഹമുദ്ഗര'മോ അല്ല. വളർച്ചയുടെ പല പരിണാമങ്ങൾ പിന്നിട്ട്, നേരെ വിടർന്നു വിലസി, മിഴിയുള്ളവരെയെല്ലാം ആകർഷിച്ച്, ഹൃദ്യമായ ഭൃംഗബന്ധം പുലർത്തി, കൊഴിഞ്ഞു പൂഴിമണ്ണിൽ വീഴുന്ന പൂവ്—ശൈശവത്തിൽ ലാളനയും ബാല്യത്തിൽ വിഹാരസുഖവും കൗമാരത്തിൽ വിദ്യാധനവും അനുഭവിച്ചു വളർന്ന്, ലോഭനീയമായ യൗവനത്തിൽ ആരൂഢയായി, അകത്തും പുറത്തും നിറസൗന്ദര്യവുമായി, തന്റെ രൂപമാധുരി കണ്ട് ഭ്രമിച്ചുവന്ന സുന്ദരമ്മന്യരായ കാമുകരുടെ പുറംമോടികളിൽ ഇളകാതെ, തന്നിൽ ഹൃദയാർപ്പണംചെയ്ത പുരുഷനു സ്വയം അർപ്പിച്ച്, പ്രേമഭംഗത്താൽ നഷ്ടചൈതന്യയായി ഭവിച്ച യുവതി—''ആരോമലാം ഗുണഗണങ്ങളിണങ്ങി ദോഷമൊരാതുപദ്രവവുമൊന്നിനു ചെയ്തിടാതെ പാരം പരാർത്ഥമിഹ വാണു''' അകാലത്തിൽ അന്തരിച്ചുപോകുന്ന ഉത്തമമനുഷ്യൻ—എന്നിങ്ങനെ വാച്യവും വ്യംഗ്യവുമായ അർത്ഥത്തിന്റെ മൂന്നടരുകൾ പരസ്പരലയസൗഭാഗ്യത്തോടുകൂടി ഒന്നിച്ചൊററയായി ഈ കൃതിയിൽ ആദ്യന്തം നിലനില്ക്കുന്നു. ആ സുന്ദരസൃഷ്ടിയെ സ്നേഹാകുലമായ ജഗത്തിന്റെ ആശ്ലേഷം മഹനീയമാക്കി മാററുകയും ചെയ്യുന്നു. ആരും ഹൃത്തടമഴിഞ്ഞു കരഞ്ഞുപോകാവുന്ന വിധത്തിൽ

Digitized By Kerala Sahitya Akademi

പ്രതിപാദ്യവസ്തുവിൻെറ സ്നേഹാർഹതയെ, ഈ അത്ഭുതകരമായ സമന്വയംകൊണ്ടു സാധിച്ചിരിക്കുന്നു. ഈ സ്നേഹത്തിൻെറ, സൗന്ദര്യത്തിൻെറ, മഹത്വത്തിൻെറ നിതാന്തപ്രതിയോഗിയായി നില്ക്കുകയാണു്, പ്രകൃതിയുടെ സർവ്വസംഹാരനിയമം. പ്രസ്തുത വൈരുധ്യത്തിൻെറ കലാസുഭഗമായ ആവിഷ്കാരത്തിലാണു് 'വീണപൂവി'ൻെറ ചൈതന്യവും വിജയവും കുടികൊള്ളുന്നതു്. ആ കൃതി പ്രബോധകമായ ഒരു ദർശനഗ്രന്ഥമാകാതെ, ഹൃദയമർമ്മങ്ങളെ ഗാഢമായി സ്പർശിക്കുന്ന കവിതയായിത്തീർന്നതു് ഈ വിരുദ്ധശക്തികളുടെ സംഘർഷംനിമിത്തമാകുന്നു. മേൽക്കാണിച്ച പ്രതിപാദ്യത്തിൻെറ എല്ലാം അടരുകളെയും അവിഭാജ്യമാംവിധം ഉദ്ഗ്രഥിച്ചിരിക്കുന്നതിനാൽ വിശേഷത്തിനും സാമാന്യത്തിനും, വാച്യത്തിനും വ്യംഗ്യത്തിനും ഇടയ്ക്കുള്ള ലോലമായ അതിർവരമ്പുകൾപോലും അഴിഞ്ഞു്, അവതമ്മിൽ കൂടിക്കുഴഞ്ഞു്, കവിതയ്ക്കു പ്രത്യേകമായ ഒരഴകും കരുത്തും കനവും പ്രദാനംചെയ്യുന്നു. അതുപോലെതന്നെ, വികാരങ്ങളുടെയും വിചാരങ്ങളുടെയും അന്യോന്യസംക്രമണം യത്നലേശംപോലുമില്ലാതെ സംഭവിക്കുന്നു എന്ന പ്രതീതി അനുവാചകനു് ഉണ്ടാകുന്നു. ഹൃദയംഗമത്വം, സ്വാച്ഛന്ദ്യം, ലാളിത്യം, വികാരതീവ്രത തുടങ്ങിയ ഭാവഗീതധർമ്മങ്ങളുടെ സുരുചിരസമ്മേളനം ഈ കാവ്യത്തെ വേണ്ടത്ര അനുഗ്രഹിച്ചിരിക്കുന്നു. വെറും ഒരു പൂവിനോടുള്ള ബന്ധത്തെ വിശ്വവിശാലവും ഉദാത്തവുമായ ഒരു സ്നേഹസത്തയായി വളർത്തിയെടുത്തു് അതിൻെറ ഒരംശമായി ആസ്വാദകനെ പരിണമിപ്പിക്കുന്നതോടൊപ്പം, സങ്കുചിതപരിധിയിൽ ഒതുങ്ങിനില്ക്കുന്ന വിഷാദത്തെ അഖിലലോകവ്യാപ്തമായ ഒരു മഹാസത്യമായി വികസിപ്പിക്കുകയും ചെയ്യുന്നു. ഭൗതികജഡത്യാഗത്തിനു ശേഷമുള്ള ജീവിയുടെ ഉൽക്രമണങ്ങളെയും ഹ്രസ്വകാലത്തിനുള്ളിൽ ജന്മകൃത്യം സാധിച്ചു മണ്മറയുന്ന സാധിഷ്ഠരുടെ ജീവിതകാമ്യതയെയും എത്തിപ്പിടിച്ചു്, നിർമ്മയൂഖമായ വിഷാദപ്പരപ്പിൽ ആശ്വാസത്തിൻെറ ചില വെള്ളിക്കതിരുകൾ വീശുന്നുണ്ടെങ്കിലും, നിർദ്ദയവും അവിചാല്യവുമായ ഒരു പ്രപഞ്ചതത്ത്വത്തെക്കുറിച്ചുള്ള അവബോധത്തിൻെറ ബലിഷ്ഠഗ്രാസത്തിലാണു് ഒടുവിൽ നമ്മുടെ മനവും ചേതനയും ചെന്നമരുന്നതു്.

'വീണപൂവി'നോളം വലിപ്പമുണ്ടെങ്കിലും അതിനുള്ള ഗാംഭീര്യമോ ഭാവനൈർമ്മല്യമോ സൗന്ദര്യമോ അവകാശപ്പെടാൻ വയ്യാത്ത ഒരു കൃതിയാണു് തൊട്ടടുത്ത കാലത്തു രചിച്ച 'സിംഹപ്രസവം'. ഏകലക്ഷ്യോന്മുഖമായ ഭാവപ്രസരംകൊണ്ടു സമ്പന്നമായിട്ടില്ലാത്ത ആ കാവ്യത്തിൽ കവിയുടെ വിചാരവികാരങ്ങൾ ഒരു ബിന്ദുവിൽനിന്നു മറ്റൊന്നിലേക്കു വേർപെട്ടു തെന്നിപ്പാറി സഞ്ചരിക്കുന്നു. അവയെ കൂട്ടിയിണക്കുന്ന ഒരു ശക്തികേന്ദ്രം ഇല്ലതാനും. പാരതന്ത്ര്യദുഃഖത്തിലും കാന്താപരനായി വർത്തിക്കുന്ന മൃഗരാജൻ, ആയസപോതശക്തിയെ കടലിൽ തങ്ങിയ കാന്തഭ്രമി നിലനിർത്തും

Digitized By Kerala Sahitya Akademi

പോലെ ഹരീശ്വരന്ന ധൈര്യമരുളുന്ന കുടുംബിനി, ഒരു ചിന്തയുമെ ന്നിയുല്ലസിക്കുന്ന ചെറുശാബങ്ങൾ എന്നിവയുടെ ചിത്രങ്ങളും പൂർവ്വ വിഹാരരംഗങ്ങളായ ഘനഗംഭീരമഹാടവീതടങ്ങളെക്കുറിച്ച് ആ മൃഗദമ്പതികൾക്കുണ്ടാകുന്ന അനുസ്മരണങ്ങളും അങ്ങിങ്ങു തെളിഞ്ഞു മിന്നുന്ന ലോകതത്ത്വോക്തികളുംകൊണ്ട് പല ഭാഗങ്ങളും അഭിരാമ മായിട്ടുണ്ടെങ്കിലും, ഭാവസാന്ദ്രതയും സങ്കല്പഗരിമയും കവിതയ്ക്കു നല്കുന്ന ഉല്ക്കർഷം 'സിംഹപ്രസവ'ത്തിനു സിദ്ധിച്ചിട്ടില്ല. 'വീണ പൂവ്' രൂപംകൊണ്ടു ലഘുവെങ്കിലും ഗുണഭാരംകൊണ്ടു ഗുരുതര മായ ഒരു കാവ്യമാണെങ്കിൽ, രൂപംകൊണ്ടെന്നപോലെ അന്തർഭാവം കൊണ്ടും ഒരു ലഘുകാവ്യത്തിന്റെ സ്ഥാനമേ 'സിംഹപ്രസവ' ത്തിനു കല്പിച്ചുകൂട്ടൂ.

'പ്രരോദന'ത്തിനുടൻ മുമ്പ് ആശാൻ എഴുതിയ 'ഗ്രാമവൃക്ഷ ത്തിലെ കുയിൽ' എന്ന പ്രതീകാത്മകകാവ്യം അദ്ദേഹത്തിന്റെ മറ്റേ തൊരു കൃതിയെക്കാളും സംശയാതീതമാംവിധം സ്വാനുഭവസിദ്ധവും ആത്മകഥാപ്രതിപാദകവുമാണ്. പ്രക്ഷുബ്ധമായ സ്വാന്തത്തെ സാ ന്ത്വനപ്പെടുത്തുകയും സമാനാവസ്ഥയിൽപ്പെട്ടുഴലുന്നവർക്ക് ആശ്വാ സം പകരുകയുമാണ് അതിന്റെ ലക്ഷ്യമെന്ന് കവി വ്യക്തമാ ക്കിയിട്ടുണ്ട്. മുമ്പു പറഞ്ഞതുപോലെ, തന്റെ നിസ്വാർത്ഥമായ പരഹിതവ്രതത്തെയും ജീവിതചര്യയെയും കവിത്വത്തെത്തന്നെ യും കരിതേച്ചു കാണിച്ച് തേജോവധത്തിന് ഒരുമ്പെട്ട 'കൗശിക വ്രജ'ത്തിനെതിരെ ആശാന്റെ മനസ്സാക്ഷി ഉയർത്തിയ ശബ്ദമാ ണത്. സ്വാഭാവികമായും, ആത്മാഭിമാനത്തിന്റെ, ചാരിത്രശു ദ്ധിയുടെ, സ്വപ്രത്യയസ്ഥൈര്യത്തിന്റെ, മഹത്തായ കൃതകൃത്യ താബോധത്തിന്റെ, സുധീരസ്വരമാണ് ഈ കാവ്യത്തിൽനിന്നു നിർഗ്ഗളിക്കുന്നത്. അപവാദാദിപരിപീഡനങ്ങൾകൊണ്ടു ചിന്താ വ്യഗ്രനായിത്തീർന്ന ആ ജനസേവകനോട് ദേവതുല്യമായ അന്ത രാത്മാവ് ആമന്ത്രിക്കുന്ന ആശ്വാസവചസ്സുകളുടെ രൂപത്തിൽ ഈ അനുഭവാവിഷ്കാരം കവി നടത്തിയിരിക്കുന്നു. ആശാന്റെ ജീവിത കഥയും ആഭ്യന്തരപ്രകൃതിയും സൂക്ഷ്മമായി അന്വേഷിക്കുന്നവർക്കും അന്നത്തെ സാമൂഹികസ്ഥിതിഗതികൾ വിശകലനംചെയ്തു പഠി ക്കുന്നവർക്കും ഏററവും വിലപ്പെട്ട ഒരു രക്താരേഖയാണ് 'ഗ്രാമ വൃക്ഷത്തിലെ കുയിൽ'. എന്നാൽ കാലപരവും ചരിത്രപരവു മായ പ്രാധാന്യം മാററിവെച്ച്, ഒരു കലാസൃഷ്ടിയെന്ന നില യിൽ മാത്രം വീക്ഷിക്കുമ്പോൾ ഈ കൃതിയിൽ ചില പോരാ യ്മകൾ അനുഭവപ്പെടാതിരിക്കുകയില്ല. അന്തർഹിതമായ വ്യംഗ്യ വിഷയം പ്രതീകങ്ങളുടെ ധ്വനനശക്തികൊണ്ടു മാത്രം അനുവാച കനു പ്രതീയമാനമാവുക എന്ന ഉന്നതരചനാരീതി ഉടനീളം കവിക്കു പുലർത്താൻ കഴിഞ്ഞിട്ടുണ്ടോ എന്നു സംശയിക്കണം. പ്രതീ കങ്ങൾക്കു വ്യംഗ്യാർത്ഥങ്ങളെ തനിക്കതാൻ പോരുംവിധം ആവി ഷ്കരിക്കാൻ വൈഭവം പോരാത്തതുകൊണ്ടാവാം, അവയെ വിഴ

Digitized By Kerala Sahitya Akademi

ങ്ങിക്കളയുമററ്, സൂചകങ്ങൾ അവിടവിടെ തിരനീക്കി മുകം പ്പരപ്പിൽ വന്ന് വാച്യാർത്ഥപ്രായങ്ങളായിപ്പോകുന്നു. സ്വച്ഛന്ദ ഗായകനായ കവി എന്ന ആശയത്തെ സമർത്ഥമായി ധ്വനിപ്പി ക്കാൻ കയിൽ എന്ന പ്രതീകത്തിനു കരുത്തുണ്ടാകാം. എന്നാൽ അതിനപ്പുറം കടന്ന് സമുദായസേവകൻ, നിഷ്കാമകർമ്മപടു എന്നെ ല്ലാമുള്ള ഭാവങ്ങളെ വ്യഞ്ജിപ്പിക്കാൻ ആ കല്പന അശക്തമാവുകയേ ഉള്ളൂ. ആ അശക്തി വകവയ്ക്കാതെ താങ്ങാനാവാത്ത ഭാരം അതി ന്റെ തലയിൽ കയററുമ്പോൾ വന്നുകൂടുന്ന പന്തികേടാണ് ഇവി ടെ മുഖ്യമായും സംഭവിച്ചിട്ടുള്ളത്. 'വീണപൂവു'മായി 'കയിലി' നെ നിഷ്കർഷിച്ച് താരതമ്യംചെയ്താൽ മതി, വ്യഞ്ജകമായ പ്രതിരൂ പവും വ്യംഗ്യാർത്ഥവും തമ്മിലുള്ള സർവാംഗീണലയത്തിന്റെ ഏററ ക്കുറച്ചിലുകൾ ശരിക്കു മനസ്സിലാക്കാൻ. 'കയിലി'ന്റെ രചനയ്ക്കു പുറകിലുള്ള പ്രേരണകളും കവിയുടെ വ്യക്തിപരമായ തികതാനുഭവ ങ്ങളുമായി ബന്ധിപ്പിക്കാതെ, ഒരു സഹൃദയൻ സ്വതന്ത്രമായ അടി സ്ഥാനത്തിൽ 'കയിൽ' വായിക്കുമ്പോൾ ഉണ്ടാകുന്ന കാവ്യാനു ഭൂതി ആശാന്റെ മികച്ച കാവ്യങ്ങളിൽനിന്നു ലഭിക്കുന്നതിനേക്കാൾ ആഴത്തിലും ശുക്കത്തിലും താണ്ണതായിരിക്കും.

'വീണപൂവാ'യിരുന്നു ആശാന്റെ ഒന്നാമത്തെ വിലാപ കാവ്യം; രണ്ടാമത്തേതു് മാതൃപരമവിഷയകമായി 1913-ൽ രചിച്ച 'ഒരു അനുതാപം' എന്ന ലഘുകൃതിയും. പാശ്ചാത്യവിലാപകാവ്യ സമ്പ്രദായത്തോടു കൂടുതൽ അടുപ്പമുള്ളതും സുപ്രസിദ്ധകവിയായ ജോൺ കീററ്സിന്റെ അകാലനിര്യാണത്തിൽ വിലപിച്ചുകൊണ്ടു ഷെല്ലി എഴുതിയ 'അഡോണെ' എന്ന കാവ്യത്തോടു രൂപസംവി ധാനക്രമത്തിലും സാങ്കല്പികാന്തരീക്ഷസൃഷ്ടിയിലും ചില വ്യക്ത മായ കടപ്പാടുകൾ ചൂണ്ടിക്കാണിക്കാവുന്നതുമായ 'പ്രരോദന'മാണ് ഈ സരണിയിൽ ആശാന്റെ അടുത്ത സംഭാവന. ഏററവും പ്രിയ പ്പെട്ട വ്യക്തിയുടെ നഷ്ടംനിമിത്തം ശോകാവിഷ്ടമായിത്തീരുന്ന കവിഹൃദയത്തിന്റെ പരിദേവനം, പരേതനെക്കുറിച്ചുള്ള സ്മരണ ണകൾ, ഓർമ്മകൾകൊണ്ട് ആളിക്കത്തുന്ന മനോവേദന, വികാര വായ്പിൽനിന്നു വിചാരധാരയിലേക്കും നിരുദ്ധചിന്താഗതിയായി വീണ്ടും വികാരമേഖലയിലേക്കും കവി നടത്തുന്ന പര്യടനം, ശോക ഭാവാനുഗുണമായ അന്തരീക്ഷസങ്കല്പം, ഭാവനാസൃഷ്ടങ്ങളായ ചില രംഗങ്ങളുടെ ചിത്രീകരണം, ജീവിതത്തെയും മരണത്തെയും ആസ്പദ മാക്കി സാമാന്യാവലോകനംചെയ്യുമ്പോൾ വ്യക്തിഗതശോകത്തി നുണ്ടാകുന്ന താൽക്കാലികശമനം, പലകുറി കലങ്ങിമറിഞ്ഞ മന സ്സിനു് ഒടുവിൽ കിട്ടുന്ന തെളിച്ചവും പ്രശാന്തിയും—എന്നീ പാശ്ചാ ത്യവിലാപകാവ്യഘടകങ്ങൾ 'പ്രരോദന'കാരനു് മാർഗ്ഗദർശനംചെ യ്തിട്ടുണ്ട്. എന്നാൽ അവയുടെ ആദാനവിന്യാസങ്ങളിൽ സ്വതന്ത്ര ബുദ്ധിയും ഉചിതജ്ഞതയും സ്വന്തം മനോധർമ്മവും ആദ്യന്തം ദീക്ഷി ച്ച്, തന്റെ പ്രകൃതിഗാംഭീര്യത്തിനു, വർണ്ണ്യപുരുഷന്റെ വ്യക്തിമഹ

Digitized By Kerala Sahitya Akademi

ത്വത്തിനും തികച്ചും നിദർശകമായ ഒരു കാവ്യമാണ് അദ്ദേഹം രചിച്ചിരിക്കുന്നത്. ഇവിടെ വിലാപവിഷയം കവിക്കോ മററു ചുരുക്കം ചിലർക്കോ മാത്രം പ്രിയംകരനും സ്നേഹഭാജനവുമായിരുന്ന ഒരു വ്യക്തിയല്ല; കീററ്സിനെപ്പോലെ കവിത്വശക്തികൊണ്ടു മാത്രം അനുഗൃഹീതനായിരുന്ന് യൗവനദശയിൽത്തന്നെ അന്തരിച്ചുപോയ ഒരു കലാകാരനുമല്ല; ഒരു ഭാഷയുടെ, ഒരു സംസ്കാരത്തിൻെറ മഹാനായ നായകനും ക്ഷേമപ്രതിഷ്ഠാപകനും ആശാനിക്ഷേപവുമായിരുന്ന മഹാത്മാവാണ്. അദ്ദേഹത്തിൻെറ മരണംമൂലമുള്ള മഹാനഷ്ടം സഹിക്കേണ്ടതു് ഒരു ജനതയാണ്. പക്ഷേ, അതിനെക്കുറിച്ചെല്ലാം സമഗ്രാവബോധവും ദുസ്സഹമായ മാനസികാസ്വാസ്ഥ്യവും ചിന്താശീലരായ മേധാശാലികൾക്കേ ഉണ്ടാവുകയുള്ളു. ആ അവസ്ഥയിൽനിന്നു തെല്ലൊരാശ്വാസം നേടാനായി ആ മനീഷിവർഗ്ഗത്തിൻെറ പ്രതിനിധിയായ കവി, നൂററാണ്ടുകൾ കൂടുമ്പോൾ മാത്രം കാണാകുന്ന അസാധാരണമായ ഒരു ഔന്നത്യത്തിൻെറ മഹാശൃംഗങ്ങൾ വരെ നോക്കിക്കണ്ടു്, കൈവന്ന ദൗർഭാഗ്യത്തിൻെറ ആഴത്തെക്കുറിച്ചു സുമനസ്സുകളെ പ്രബുദ്ധരും പരിതപ്തരുമാക്കി, ഋണബദ്ധമായ സ്വസമൂഹത്തിനുവേണ്ടി ഭക്ത്യാദരമിളിതമായ ശോകത്തിൻെറ അശ്രുമുക്താഫലങ്ങൾ ആ പാവനസ്മരണയ്ക്കു മുമ്പിൽ അർപ്പിക്കുകയാണു ചെയ്യുന്നതു്. അങ്ങനെ ഇതൊരു ദേശീയ വിലാപകാവ്യമായിരിക്കുന്നതോടൊപ്പം, കവിയുടെ പരിപാവനമായ കർത്തവ്യബോധത്തിൽനിന്നുറവെടുത്തു കൃതകൃത്യതാജന്യമായ ആത്മനിർവൃതിയിൽ പര്യവസിതമാകുന്ന നായകപ്രശസ്തികാവ്യവുമാണ്. കേരളഭൂമിയും കൈരളിയും പാണിനിമഹർഷിയും ഭാസകാളിദാസാദികളും സാക്ഷാൽ വാണീഭഗവതിതന്നെയും അന്തിമോപചാരത്തിനു് അണിനിരക്കുന്ന ഒരു വിലാപരംഗത്തിൻെറ വിഭാവനവും നിപുണശ്രോത്രങ്ങൾക്കുമാത്രം കേൾക്കാവുന്ന അവരുടെ അന്തർഗതങ്ങളുടെ പ്രകാശനവും വിലാപകാവ്യച്ചട്ടങ്ങളൊപ്പിക്കാൻവേണ്ടി മാത്രം തട്ടിപ്പടച്ചുണ്ടാക്കിയവയല്ലെന്നും വർണ്യവിഷയത്തിൻെറ സമഗ്രദീപ്തി ആവിഷ്കരിക്കാൻ തികഞ്ഞ ഔചിത്യത്തോടെ സംഘടിപ്പിച്ചിട്ടുള്ള സപ്രയോജനോപാധികളാണെന്നും മനസ്സിലാക്കണമെങ്കിൽ, കാവ്യവസ്തുവിൻെറയും കവിലക്ഷ്യത്തിൻെറയും മേൽപ്പറഞ്ഞ അസാധാരണത്വവും വിലാപത്തിൻെറ ദേശീയഭാവവും അവധാരണം ചെയ്തേ മതിയാവൂ. കാവ്യവസ്തുവിൻെറ സഹജഗൗരവത്തിനു യാതൊരു ലോപവും സംഭവിക്കാത്തവിധത്തിലായിരിക്കണം എല്ലാ പ്രകാശനോപായങ്ങളും സംഗ്രഹിച്ചു പെരുമാറേണ്ടതെന്നു കവിക്കു നിർബ്ബന്ധമുള്ളതായി തെളിയിക്കുന്നു ആ ശബ്ദാർത്ഥപ്രൗഢിയും ശൈലീഗാംഭീര്യവും അഭിജാതപ്രയോഗങ്ങളും ഉദാത്തകല്പനകളും വൃത്തസ്വീകാരവും മററും. വിശേഷത്തിൽനിന്നു സാമാന്യത്തിലേക്കു വികസിക്കുക എന്ന 'വീണപൂവി'ലെ രീതിയിൽനിന്നു ഭിന്നമായി,

Digitized By Kerala Sahitya Akademi

മണ്ണും വിണ്ണും മുട്ടിനില്ക്കുന്ന സാമാന്യശോകപ്പരപ്പിൽനിന്നു് അതിൽ ഭാഗഭാക്ത്വം വഹിക്കുന്ന കവിയുടെ വ്യക്തിപരമായ വിഷാദത്തിലൊഴുകിച്ചെന്നു വീഴുക എന്ന രീതി അവലംബിച്ചതിന്റെ സാമഞ്ജസ്യം ഈ അടിസ്ഥാനത്തിൽ വേണം ഗ്രഹിക്കേണ്ടതു്. വാസനാശ്രേണീനിർമ്മിതമായ ദിവാസ്വപ്നങ്ങളിൽ ലയിച്ച് അവിടെക്കണ്ട ദിവ്യസമാഗമങ്ങളും കേട്ട വിലാപവചനങ്ങളും സാന്ത്വനസൂക്തികളും സത്യമെന്നെണ്ണി വർത്തിച്ചതിനുശേഷം ആ മായാരംഗം പൊട്ടുന്നനവെ പൊലിഞ്ഞു്, പല്ലിളിച്ചുകാട്ടുന്ന ദുരന്തദുർഭൂതത്തിന്റെ മുഖത്തു നേരേനോക്കാനാവാതെ, നിലയ്ക്കാത്ത അശ്രുധാരയുമായി നില്ക്കുന്ന കവി സ്വർഗ്ഗപുരുഷന്റെ അപദാനപരമ്പരകളിലേക്കും സ്മരണചിത്രങ്ങളിലേക്കും പരിഭ്രാന്തമായ മനസ്സിനെ വ്യാപരിപ്പിക്കുന്നു. വിശേഷനിഷ്ഠമായ ആ ഭൂതകാലസംഭവചർവ്വണം ചെന്നവസാനിക്കുന്നതു് പ്രതിഭാപ്രകാശഭരമാർന്നു് അർക്കോജ്ജ്വലമായ മനുഷ്യമഹത്ത്വത്തിനുമപ്പാലും എക്കാലവും വെല്ലുവിളിയായി വർത്തിക്കുന്ന മർത്ത്യതയെക്കുറിച്ചുള്ള സാമാന്യവിചിന്തനത്തിലാണു്. പശ്യതോഹരനും അവിശ്വക്രൗര്യനുമായ വിധിയുടെ ഉഗ്രവീക്ഷണമുഖം നോക്കി മുമ്പു് ശോകദൈന്യാമർഷങ്ങൾ പൂണ്ട കവി ഈ മൃതിവിമർശഘട്ടത്തിൽ മരണത്തിന്റെ സുന്ദരഭാവങ്ങൾകൂടി ദർശിക്കുകയാണു്. ആപത്തിന്റെ പരകാഷ്ഠയായ പുലിയായിക്കണ്ടു മനുഷ്യൻ പേടിച്ചുവിറയ്ക്കുന്ന മരണം പച്ചത്തൃണരാശി തിന്നു് അരിയ പാലേകുന്ന പശുവാണെന്നും നെടുജീവിതപ്പെരുവഴി ക്ലേശംകഴിച്ചു ക്ഷീണിക്കുന്ന ഹൃദയത്തിനു സൗഖ്യമരുളുന്ന ഉറ്റബന്ധുവാണെന്നും ബഹുക്രിയാജടിലവും ദീർഘവുമായ ജീവിതയാത്രാകഥയ്ക്കു് അർത്ഥപ്രതീതി വരുത്താൻ ആവശ്യമായ വിരാമതിലകമാണെന്നുമുള്ള ബോധം ഈ ദർശനംനിമിത്തം ചിന്തകനായ കവിക്കു സിദ്ധിക്കുന്നു. തൽഫലമായി, ശ്രാന്തപാന്ഥനായ മഹാപുരുഷനു നിയതി നൽകിയ ദീർഘസുഖനിദ്രയ്ക്കു ഭംഗംവരുത്തുന്ന തന്റെ ധിഷണാവ്യാപാരങ്ങളുടെ അനൗചിത്യം മനസ്സിലാക്കി, അവ ഉപസംഹരിച്ചുകൊണ്ടു്, ഗതികെട്ടുള്ളോർ സമസ്തസ്വമായിരിപ്പെണ്ണുന്ന ചുടുകണ്ണീർ മാത്രം കവി അവശേഷിപ്പിക്കുന്നു. ആ കണ്ണുനീർ കവിയുൾപ്പെടെയുള്ള നഷ്ടഭാഗ്യരായ എല്ലാ കേരളീയരുടേതുമാണെന്ന വസ്തുത വിസ്മരിക്കാതിരിക്കുക. ചിതയ്ക്കുപ്പുറത്തു ജീവിതമുണ്ടായാലുമില്ലെങ്കിലും, പരേതന്റെ നാമപുണ്യാക്ഷരം നട്ടു് ആ വിശുദ്ധവും മൂല്യനിർഭരവുമായ കണ്ണുനീർ തൂവി വളർത്തുമെന്നും ആ പാദപത്തിൽ സ്ഫുടിക്കുന്ന പുഷ്പത്തിന്റെ പരിമളം സർവ്വത്ര പ്രസരിച്ചു് കാലാഗ്നിക്കു ദഹിപ്പിക്കാനാവാതെ അനശ്വരമായി പരിലസിക്കുമെന്നുമുള്ള ദൃഢനിശ്ചയസ്വരം ആ സഹൃദയപ്രതിനിധിയിൽനിന്നും ഉയർന്നുപൊങ്ങുന്നു. ആ സ്വരം ഉത്തരക്ഷണത്തിൽത്തന്നെ താൽക്കാലികമായി കുറഞ്ഞുതാണു പതറുന്നുണ്ടെങ്കിലും, ഊനംവിട്ടു ഭയങ്ങൾതന്റെ നിഴലും പോകുന്ന, സ്നേഹാരാധകനെത്താലോടിയമൃതം നല്കുന്ന, ഏകാന്താഭയശാന്തി

Digitized By Kerala Sahitya Akademi

ഭുവിനെ അഭയസന്താനനിലയനമായി കണ്ടെത്തി അതിന്റെ മു മ്പിൽ കവി പ്രണമിക്കുന്നു. കാടും കായലും കടൽത്തിരകളും സഹ്യാദ്രികൂടങ്ങളും മായ്ച്ചുകളയുമാറു വ്യാപിക്കുന്ന അകാലതിമിരത്തിലും ചുടേറുള്ളമെരിഞ്ഞുതീഴുന്ന പുകചൂഴ്ന്ന കേരളഭൂമി പൊഴിക്കുന്ന ബാഷ്പധാരാപാതത്തിലും ആദ്യം ചെന്നകപ്പെട്ട അനുവാചകൻ സഹസ്രരശ്മിയെ ഇരുട്ടാക്കുന്ന പ്രരോദനസാരത്തിന്റെ, ശോകാശങ്കയെഴാത്ത ശുദ്ധസുഖവും ദുഃഖീകരിക്കുന്ന പരമാനന്ദത്തിന്റെ ദിവ്യസന്നിധിയിൽ ആനയിക്കപ്പെട്ട് ഉദാത്തഗംഭീരമായ ഒരനുഭൂതിവിശേഷത്താൽ പുളകമണിയുന്നു.

'പ്രരോദന'ത്തിൽ മാറത്തടിച്ച നിലവിളിയും ഒപ്പാരും കണ്ണുനീരിന്റെ നിരർഗ്ഗളമായ നിർഗ്ഗളനവുമില്ല. വായിക്കുന്നവരുടെ കരളലിയിക്കുകയും കൺപീലികൾ കൂടക്കൂടെ നനയ്ക്കുകയും ചെയ്യുമാറ്, മധുരങ്ങളായ പൂർവ്വകാലാനുഭവങ്ങളുടെ തിക്താനുസ്മരണയോടുകൂടി പുത്രമിത്രകളത്രാദികളിലാരുടെയെങ്കിലും ചരമത്തെ ആധാരമാക്കി രചിക്കപ്പെട്ടിട്ടുള്ള വിലാപകാവ്യങ്ങളോട് 'പ്രരോദന'ത്തെ താരതമ്യം ചെയ്യുന്നതുകൊണ്ടുമാത്രം ആ കൃതിയുടെ അന്തശ്ചൈതന്യത്തെ വിലമതിക്കാൻ കഴിയുകയില്ല. പാശ്ചാത്യവിലാപകാവ്യലക്ഷണങ്ങൾ ഒന്നൊഴിയാതെ മുറയൊപ്പിച്ചു ഘടിപ്പിക്കാൻ നോക്കിയിട്ടു ഫലിക്കാതെവരികയും അക്കാരണത്താൽ 'പ്രരോദന'ത്തെ താഴ്ത്തിക്കെട്ടുകയും ചെയ്യുന്ന നിരൂപണരീതിയും ഭദ്രമാണെന്നു തോന്നുന്നില്ല. പലതുകൊണ്ടും ഒററപ്പെട്ടുനില്ക്കുന്ന ആ കൃതിയെ ചിന്താബന്ധുരവും വിമർശഹൃദ്യവുമായ ഒരു ഉൽക്കൃഷ്ടകാവ്യമെന്നനിലയിൽ നോക്കിക്കാണുകയാണ് സഹൃദയനു കൂടുതൽ പ്രയോജനപ്രദമായിട്ടുള്ളതു്. സാമാന്യത്തിലധികം സാഹിതീയസംസ്കാരവും ചിന്താശീലവും സിദ്ധിച്ചിട്ടുള്ളവർക്കു മാത്രമേ ആ പ്രയോജനം ലഭിക്കുകയുള്ളതാനും.

ആശാന്റെ എല്ലാ കൃതികളിലുംവെച്ച് ഖണ്ഡനവിമർശങ്ങൾക്ക് ഏററവുമധികം വിധേയമായിട്ടുള്ള കൃതികളിലൊന്നാണ് 'ചിന്താവിഷ്ടയായ സീത'.

'സുതർ രാമനിയോഗമായോദ്ധ്യയിൽ ഗതരായോരളവന്നൊരന്തിയിൽ' ഉടജാന്തവാടിയിൽ ഏകാകിനിയായി സ്ഥലകാലങ്ങൾ വിസ്മരിച്ചുകഴിയുന്ന സീതാദേവിയുടെ ഉള്ളിൽ നിലയില്ലാതെ തിരതല്ലുന്ന ചിന്താസമുദ്രത്തെയാണ് 'ചിന്താവിഷ്ടയായ സീത' യിൽ കവി കാണിച്ചുതരുന്നതു്. കയ്പും മാധുര്യവുമാന്ന ഭൂതകാലാനുഭവങ്ങളുടെ പ്രത്യവലോകനം, ഗാഢവും ചിരസ്ഥായിയുമായ ഹൃദയബന്ധങ്ങളുടെ സൂക്ഷ്മസ്ഥിതിനിർണ്ണയനം, രാമന്റെ രാജനീതിയെയും മനുഷ്യത്വത്തെയും അധികരിച്ചു നടത്തുന്ന നിരൂപണം, പുരജീവിതവും ആശ്രമജീവിതവും തമ്മിലുള്ള വമ്പിച്ച അന്തരത്തെപ്പററി വിചിന്തനം, ലോകഗതിയെയും സുഖദുഃഖങ്ങളെയും വിധിവൈഭവത്തെയും കുറിച്ച് അനുഭവനിഷ്പന്നമായ അഭിപ്രായപ്രകടനം,

Digitized By Kerala Sahitya Akademi

ആത്മോപാലംഭപൂർവ്വം വിരുഷ്ടനായകനോടു നടത്തുന്ന ക്ഷമാപണം, ജീവിതത്തെ സമൃദ്ധവും സമ്പന്നവുമാക്കുന്ന വിശാലപ്രകൃതിയോടു വിടവാങ്ങൽ, വസുധാമാതാവിന്റെ വക്ഷസ്സിൽ വിലയംഗമിച്ച് വിശുദ്ധസ്നേഹരസം നുകരുന്നതായുള്ള വിഭാവനം എന്നിങ്ങനെ വിവിധ വിഷയമേഖലകളിൽ പരന്നുപാഞ്ഞു് ഭൂതവർത്തമാനഭാവികാലങ്ങളെ ആശ്ലേഷിച്ച്, ചിലപ്പോൾ കലങ്ങിമറിഞ്ഞും മറ്റു ചിലപ്പോൾ തെളിഞ്ഞു തിളങ്ങിയും, ആ ചിന്താതരംഗിണി പ്രവഹിക്കുന്നു. നിമ്നോന്നതസ്ഥലങ്ങളിലൂടെ കടന്നുപോകുന്ന ആ വനകല്ലോലിനി, സീതയുടെ അടക്കാനാവാത്ത അന്തഃക്ഷോഭംനിമിത്തം ഇടയ്ക്കിടെ കലുഷമാകുന്നതും ചിലയിടങ്ങളിൽ തടയപ്പെടുന്നതും കാലുഷ്യവും തടസ്സവും നീങ്ങുന്ന ഓരോ ഘട്ടത്തിലും പുതുവഴിക്കു തിരിഞ്ഞൊഴുകുന്നതും ബോധമണ്ഡലത്തെ കീഴടക്കിക്കളയുന്ന ഈദൃശചിന്തകളുടെ ആവർത്തനങ്ങളിൽപ്പെട്ടു കറങ്ങിത്തളർന്ന് സീതയുടെ അന്തഃസംജ്ഞ സ്തബ്ധമായിപ്പോകുന്നതുമെല്ലാം തികഞ്ഞ മനഃശാസ്ത്രബോധത്തോടെ കവി വർണ്ണിച്ചിട്ടുണ്ടു്.

## ശക്തി മാത്രമല്ല; നിപുണതയും അഭ്യാസവുംകൂടി

നൈസർഗ്ഗികമായ പ്രതിഭാസമ്പത്തുകൊണ്ടു മാത്രം ചില കലാകാരന്മാർ തൊടുന്നതെന്തും പൊന്നാക്കി മാറ്റാറുണ്ടത്രെ. സമ്പൂർണ്ണവും സുവ്യക്തവുമായ കാവ്യാത്മകദർശനം സിദ്ധിക്കുന്നതിനാൽ കലാശില്പത്തിന്റെ വിശദാംശങ്ങളിലൊന്നും പ്രത്യേകം ശ്രദ്ധിക്കാതെതന്നെ, അവരുടെ കൃതികൾക്കു ഭാവരൂപൗചിത്യവും അവികലശില്പസൗന്ദര്യവും തനിയേ വന്നുകൂടുമെന്നാണു് ഈ 'മഹാദ്ഭുത'ത്തിന്റെ ആരാധകന്മാർ പറഞ്ഞുകേൾക്കാറുള്ളതു്. കലാശില്പത്തിൽ വൈകല്യവും വൈരൂപ്യവും കാണുന്നുണ്ടെങ്കിൽ അതിനു കാരണം താണതരം പ്രതിഭയോ കവിദർശനത്തിന്റെ അപാകതയോ ആണെന്നും ശില്പഭംഗി അന്യൂനമാണെന്നുള്ളപക്ഷം കവി ഉജ്ജ്വലപ്രതിഭനും അയാളുടെ ദർശനം തെളിവുറ്റതുമാണെന്നും തീരുമാനിക്കാമെന്നു് അവർ വാദിച്ചു ഫലിപ്പിച്ചെന്നുവരും. ആ വാദവും അതിനു് ആസ്പദമായ 'അദ്ഭുത'വും കള്ളനാണയമാണോ അല്ലയോ എന്ന കാര്യം നമുക്കിവിടെ ചിന്തിക്കേണ്ടതില്ല. എന്നാൽ ജന്മസിദ്ധമായ പ്രതിഭാശക്തിയും കാവ്യാത്മകദർശനത്തിനു കഴിവും ഉള്ളതുകൊണ്ടു തൃപ്തിപ്പെടാതെ തൊടുന്നതെല്ലാം പൊന്നാക്കിമാറ്റാൻ ഏകാഗ്രബുദ്ധികളായി അവധാനപൂർവ്വം പ്രയത്നിക്കുന്ന ചില കവികളുണ്ടെന്ന കാര്യം വിസ്മരിച്ചുകൂടാ. ജീവിതമെന്ന അസംസ്കൃതവും അവ്യക്തരൂപവുമായ സാമഗ്രിയിൽനിന്നു് ചതുരശ്രശോഭിയും നിയതാകാരവുമായ കലാശില്പത്തിനു ജന്മംനല്കുന്ന പ്രക്രിയ, അതിന്റെ വിശദാംശങ്ങളിൽപ്പോലും കവിയുടെ മനോമണ്ഡലത്തിൽ നടന്നുകഴിഞ്ഞതിനുശേഷമാണു് നമുക്കു കാണാവുന്ന വിധത്തിൽ

Digitized By Kerala Sahitya Akademi

ബാഹ്യരൂപം അവലംബിക്കുന്നതു്. കലാസൃഷ്ടി സമ്പൂർണ്ണമായും കവിഹൃദയത്തിലാണു സംഭവിക്കുന്നതെന്നു ക്രോചെ സമർത്ഥിച്ചിട്ടുള്ളതു് ഇവിടെ ഓർത്തുപോകുന്നു. പരസ്പരഘടിതങ്ങളായി ആദിമധ്യാന്തങ്ങളൊത്തുചേർന്ന പ്രതിപാദ്യാംശങ്ങൾ, അംഗോപാംഗങ്ങൾക്കുണ്ടായിരിക്കേണ്ട ആപേക്ഷികപ്രാധാന്യം, അനുക്രമം വികസ്വരമാകുന്ന ഭാവപ്രപഞ്ചം, അതിനാധാരമായി വർത്തിക്കുന്ന കഥാപാത്രങ്ങൾ എന്നിങ്ങനെ കാവ്യത്തിന്റെ സമസ്തസാധനങ്ങളെയും അവയുടെ അന്യോന്യബന്ധങ്ങളെയും ഓരോന്നായും ഒന്നിച്ചും വിഭാവനം ചെയ്തുറപ്പിച്ചതിൽപ്പിന്നീടുമാത്രം സമുചിതങ്ങളായ ആവിഷ്കരണോപാധികൾമുഖേന ആ മനസ്സൃഷ്ടിയെ അവതരിപ്പിക്കുന്ന രീതിയാണു് മേൽപ്പറഞ്ഞ കവികൾ കൈക്കൊള്ളുന്നതു്. മലയാളത്തിൽ ആ രീതി ആദ്യമായി നാം കാണുന്നതു് ഉണ്ണായിവാരിയരുടെ നളചരിതത്തിലാണു്. മററു പല പ്രാചീനമലയാളകാവ്യങ്ങളെയുംപോലെ നളചരിതവും സംസ്കൃതത്തിലെ ചില സുപ്രസിദ്ധകൃതികളോടു കടപ്പെട്ടിട്ടുണ്ടു്. പക്ഷേ, വാരിയരുടെ കൃതിയിൽ തള്ളിക്കളഞ്ഞാൽ ദോഷം വരാത്ത ഭാഗങ്ങൾ നന്നേ കുറയും. ഉള്ളതിലെന്തെങ്കിലും കൂട്ടിച്ചേർത്താൽ, ചേർക്കുന്ന ഭാഗം ദുർമ്മേദസ്സാവുകയും ചെയ്യും. ഘടനാപരമായ ഭദ്രൈക്യംകൊണ്ടുണ്ടാകുന്ന ഈ സൗഭാഗ്യം മുമ്പുള്ള മലയാളകൃതികളിൽ കാണുന്നില്ല. എല്ലാം മുൻകൂട്ടി ചിന്തിച്ചുറപ്പിച്ചൊരുക്കിവച്ചിട്ടു്, മെല്ലെമെല്ലെ ഓരോ ഇതളും മുറയ്ക്കു വിടർത്തിവിടർത്തിക്കാണിക്കുന്ന വാരിയരുടെ കൈയടക്കമെവിടെ? ആകെ മൊത്തത്തിലൊരുന്നംവച്ചു് എഴുതിപ്പോകുന്നതിനൊത്തു്, ഉള്ളിൽത്തോന്നുന്നതൊക്കെ കൂട്ടിക്കലർത്തി പരത്തിയടിച്ചു പറയുന്ന കുഞ്ചൻനമ്പ്യാരെവിടെ? രാമചരിതം, കൃഷ്ണഗാഥ, ചമ്പുപ്രബന്ധങ്ങൾ, കണ്ണശ്ശരാമായണാദികൃതികൾ, അസുലഭമായ ആത്മനിയന്ത്രണം പാലിക്കാൻ കഴിവുള്ള എഴുത്തച്ഛന്റെ പാട്ടുകൾ എന്നിവയിൽ കാണാത്ത ഈ സവിശേഷതയാണു് നളചരിതത്തിന്റെ അമൂല്യശോഭയ്ക്കടിസ്ഥാനം. അത്തരം ഒരു കലാനിർമ്മാണപ്രക്രിയ മലയാളസാഹിത്യത്തിൽ നാം വീണ്ടും കാണുന്നതു് ആശാന്റെ കൃതികളിലാണു്. താൻ ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്ന കലാവസ്തുവിനെ അടിമുടി നോക്കിക്കാണുകയും അതിന്റെ അതിസൂക്ഷ്മങ്ങളായ അംശങ്ങളെപ്പോലും മേൽക്കുമേൽ ധ്യാനിച്ചുരൂപപ്പെടുത്തി സമന്വയിക്കുകയും കാവ്യത്തിന്റെ ഗതിക്രമവും വികാസഘട്ടങ്ങളും മുൻകൂട്ടി നിശ്ചയിക്കുകയും ചെയ്തതിനുശേഷമേ മനോഭാവമായ ആ സൃഷ്ടിയെ സമുചിതശബ്ദജാലത്തിൽക്കൂടി പ്രതിബിംബിപ്പിക്കാൻ ആശാൻ തുനിഞ്ഞിട്ടുള്ളു. സന്ദർഭാനുഗുണങ്ങളായ കല്പനകൾപോലും നേരത്തേതന്നെ തെരഞ്ഞെടുത്തിരിക്കുമെന്നു തോന്നിപ്പോകും പലപ്പോഴും. ഉള്ളിൽ വടിവുതികഞ്ഞു കുടികൊള്ളുന്ന കലാശില്പത്തിനു ബഹിർപ്രകാശനം നൽകുമ്പോഴും പ്രകടനോപായങ്ങളായ ശബ്ദങ്ങളുടെ സ്വീകാരവിന്യാസങ്ങളിൽ പരമാവധി നിഷ്കർഷി

Digitized By Kerala Sahitya Akademi

ക്കുന്ന കവിയാണു താനെന്നു് ആശാൻതന്നെ സാഭിമാനം പ്രസ്താവിച്ചിട്ടുണ്ടല്ലോ. താനാശിക്കുന്നിടത്തോളം ഈട്ടം മേനിയും ബലവും കരുക്കവുമുള്ള ഇഴത്തരങ്ങൾ നെയ്യെടുക്കുന്നതുവരെ അദ്ദേഹം ചരിതാർത്ഥനാകുന്നില്ല. ആദ്യമാദ്യമെഴുതുന്നതു തിരുത്തുകയും മേൽക്കുമേൽ തേച്ചുമിനുക്കുകയും ചെയ്യുക ആശാന്റെ ശീലമായിരുന്നുവെന്നു് അദ്ദേഹം കവിത കുറിച്ചിട്ട നോട്ടുബുക്കുകൾ കണ്ടു് ബോധ്യംവന്നിട്ടുണ്ടെനിക്കു്. സുചിന്തിതവും നിഷ്കൃഷ്ടവുമായ ആസൂത്രണത്തിന്റെ ഫലമായി ജന്മമെടുക്കുന്ന കാവ്യങ്ങളുടെ എല്ലാം ഗുണങ്ങളും ആശാന്റെ മിക്ക കൃതികളിലും തെളിഞ്ഞുവിളങ്ങുന്നു. കൂട്ടത്തിൽ അമിതാസൂത്രണം വരുത്തിവയ്ക്കുന്ന ചില ദോഷങ്ങളും സംഭവിച്ചിട്ടില്ലെന്നില്ല. കഥാപാത്രങ്ങൾ എവിടെനിന്നു യാത്ര തുടങ്ങി, ഏതേതെല്ലാം രേഖകളിൽക്കൂടി സഞ്ചരിച്ചു്, എവിടെച്ചെന്നുചേരണമെന്നും അവർ ഓരോ ഘട്ടത്തിലും എന്തു ചിന്തിക്കണമെന്നും ഏതേതു ഭാവങ്ങൾക്കധീനരാകണമെന്നും എന്തെല്ലാം പ്രവർത്തിക്കണമെന്നും മുൻകൂട്ടി തങ്ങൾ സങ്കല്പിച്ചുറച്ചിട്ടുള്ളതിൽനിന്നും വരവണ്ണം വ്യത്യാസം വരാൻ പാടില്ലെന്നും നിർബന്ധമുള്ള കവികളുണ്ടു്. നേരേമറിച്ചു്, കഥാപാത്രങ്ങളുടെ ചില മൗലികഭാവങ്ങൾമാത്രം നിശ്ചയിക്കുകയും വിശാലമായ ക്രിയാമണ്ഡലത്തിന്റെ നാലതിരുകളിൽ മാത്രം കല്ലു നാട്ടുകയും ചെയ്തതിനുശേഷം അവരെ ഏറെക്കുറെ സ്വാതന്ത്ര്യമായി പ്രവർത്തിക്കാനും പ്രവർത്തിക്കുന്നതോടൊപ്പം സാവകാശമായി വികസിക്കാനും വിട്ടിട്ടു്, ദൂരെ മാറിനില്ക്കുന്ന ചില കലാകാരന്മാരുണ്ടു്. അപഥസഞ്ചാരം ചെയ്യുന്നു എന്നു തോന്നുമ്പോൾ മാത്രം, അയച്ചിട്ടിരിക്കുന്ന കടിഞ്ഞാൺ ഒന്നു പിടിച്ചു വെട്ടിച്ചേക്കും.

ഇവരിൽ ആദ്യം പറഞ്ഞ കൂട്ടരുടെ കൃതികൾ വായിക്കുമ്പോൾ നമ്മുടെ മനസ്സു് ആദ്യന്തം വലിഞ്ഞുമുറുകിനില്ക്കുന്നതുപോലെ തോന്നും. പാത്രങ്ങളുടെ സാന്നിധ്യത്തെക്കാൾ വിധാതാവായ കവിയുടെ സന്തതസാന്നിധ്യത്തെ ആയിരിക്കും നാം ശ്രദ്ധിച്ചുപോവുക. വിദഗ്ദ്ധനായ സൂത്രധാരന്റെ അഭീഷ്ടനിർദ്ദേശങ്ങൾക്കൊത്തു് കാവ്യത്തിലെ എല്ലാക്കരുക്കളും ചലിക്കുന്നതു കാണുമ്പോഴുണ്ടാകുന്ന ഒരു ആവേശക്കുറവു് നമുക്കു് അനുഭവപ്പെട്ടെന്നിരിക്കും. രണ്ടാമതു പറഞ്ഞ കവികളുടെ കൃതികളിൽ കവി മിക്കവാറും മറവിലായിരിക്കും കഴിയുക. അയാൾ സൃഷ്ടിച്ചുവിട്ടവരാണു കഥാപാത്രങ്ങളെന്ന ചിന്തപോലും കൂടാതെ, അവരുമായി നാം ആവേശപൂർവ്വം മേളിച്ചങ്ങനെ കഴിഞ്ഞുകൂടും. അത്തരം കൃതികളിലെ പല രചനാദോഷങ്ങളും പൂർവ്വാപരവൈരുധ്യങ്ങളും യുക്തിഭംഗങ്ങളും നാം കൂട്ടാക്കിയെന്നുവരില്ല.

Digitized By Kerala Sahitya Akademi

പരസഹായം നേടാതെ സ്വയം വളൎന്നുകൊണ്ടിരിക്കുന്ന ഒരു കൊച്ചു പ്രപഞ്ചത്തിൽ തങ്ങിനിന്ന് അവിടത്തെ പരിണാമങ്ങൾ നോക്കിനില്ക്കുന്ന ഒരു കാഴ്ചക്കാരനായി നാം ഓരോരുത്തരും മാറിപ്പോകുന്നു. ഇവിടെപ്പറഞ്ഞ രണ്ടുതരം കവികളിൽ ആദ്യത്തെ വിഭാഗത്തിൽപ്പെട്ടവരുടെ കൃതികൾക്ക് വന്നുകൂടാവുന്ന ചില ദോഷങ്ങൾ ആശാന്റെ കാവ്യങ്ങളിലും അങ്ങിങ്ങു കാണാവുന്നതാണ്. പക്ഷേ, ആ ദോഷാംശങ്ങളെയെല്ലാം പരാജിതമാക്കുന്ന അന്തർവീര്യവും വിശുദ്ധതേജസ്സുംകൊണ്ട് അനുഗൃഹീതമാണ് ആശാൻസാഹിത്യം.

എൻ. കൃഷ്ണപിള്ള

---

'തിരഞ്ഞെടുത്ത പ്രബന്ധങ്ങളി'ലെ 'ആശാൻ കവിതയ്ക്കൊരാമുഖം' എന്ന പ്രബന്ധത്തിന്റെ സംഗ്രഹം.

Digitized By Kerala Sahitya Akademi

# മുഖവുര

ഈ പുസ്തകത്തിൽ അടങ്ങിയ രണ്ടു ചെറിയ കൃതികളിൽ 'വീണപൂവ്' 1083 വൃശ്ചികത്തിൽ സംഗതിവശാൽ ഏതാനും ദിവസം ഞാൻ പാലക്കാട്ടു താമസിച്ചിരുന്നപ്പോൾ എഴുതിയതാണ്. അടുത്ത ധനുമാസത്തിൽത്തന്നെ മൂർക്കോത്തു കുമാരൻ അവർകൾ തന്റെ പത്രാധിപത്യത്തിൽ തലശ്ശേരിയിൽനിന്നു പ്രസിദ്ധപ്പെടുത്തിയിരുന്ന 'മിതവാദി'യിൽ എന്റെ സമ്മതപ്രകാരം അതിനെ പ്രസിദ്ധീകരിച്ചിരുന്നു. ഉദ്ദേശം ഒരു സംവത്സരം കഴിഞ്ഞ്, ശ്രീമാൻ സി. എസ്. സുബ്രഹ്മണ്യൻപോററി അവർകൾ എം. എ. അതിനെ പകർത്തി ഒരു സ്വന്തമുഖവുരയോടുകൂടി 'ഭാഷാപോഷിണി'യിൽ പ്രസിദ്ധപ്പെടുത്തി. അതിനുശേഷം കവിസാർവ്വഭൌമനായ കേരളവർമ്മ വലിയകോയിത്തമ്പുരാൻ തിരുമനസ്സുകൊണ്ട് അതിനെ അവിടുന്നു പ്രസിദ്ധപ്പെടുത്തിയ 'പദ്യപാഠാവലി'യിലേക്കു തെരഞ്ഞെടുത്തിരുന്നു. ആ പതിപ്പുകളിൽ ആദ്യമേ കടന്നുകൂടിയ അച്ചടിപ്പിഴകളെ തുടർന്നും മററുപ്രകാരത്തിലും ചില സ്ഖലിതങ്ങളും ന്യൂനതകളും ഉണ്ടായിരുന്നതെല്ലാം ഈ സ്വന്തപ്രസിദ്ധീകരണത്തിൽ ഞാൻ ദൃഷ്ടിവച്ചു തിരുത്തുകയും നന്നാക്കുകയും ചെയ്തിരിക്കുന്നു.

'സിംഹപ്രസവം' എന്ന രണ്ടാമത്തെ കൃതി 1084 കർക്കടകത്തിൽ തിരുവനന്തപുരം കാഴ്ചബംഗ്ലാവുതോട്ടത്തിലെ മൃഗശാലയിൽ പ്രസവിച്ച സിംഹത്തെപ്പററി കുറെ തിടുക്കത്തിൽ എഴുതി ഭാഷാപോഷിണീപ്രവർത്തകരുടെ അപേക്ഷപ്രകാരം അയച്ചുകൊടുക്കുകയും ആ മാസികയിൽ 1085 ചിങ്ങം, കന്നി ഈ മാസങ്ങളിലെ ഒന്നായുള്ള പ്രതിയിൽ പ്രസിദ്ധപ്പെടുത്തുകയും ചെയ്തിട്ടുള്ളതാണ്. ഇതിനെയും വലിയകോയിത്തമ്പുരാൻ തിരുമനസ്സുകൊണ്ട് 'പദ്യപാഠാവലി'യിൽ 'സിംഹിയും കുട്ടികളും' എന്ന തലവാചകം നല്കി ഉദ്ധരിച്ചിട്ടുണ്ട്. ഈ സ്വന്തപ്രസിദ്ധീകരണത്തിൽ ഞാൻ അതിനെ ആകപ്പാടെ പരിഷ്കരിക്കയും അത്യന്താപേക്ഷിതമല്ലെന്നു തോന്നിയ അവസാനത്തെ ഒന്നുരണ്ടു പദ്യങ്ങളെ എടുത്തുകളയുകയും ചെയ്തിരിക്കുന്നു.

ഭാഷാസാഹിത്യലോകത്തിൽ ഇപ്പോൾത്തന്നെ ഒരുവിധം പ്രവേശം സിദ്ധിച്ചിട്ടുള്ള ഈ ചെറിയ കൃതികളെ ഇപ്രകാരം

Digitized By Kerala Sahitya Akademi

പ്രസിദ്ധീകരിക്കുന്നതിൽ മുഖ്യമായി എന്നെ പ്രേരിപ്പിച്ചതു് ഇവയുടെ സമ്പൂർണ്ണവും നിർദ്ദോഷവുമായ ഒരു പ്രത്യേകപതിപ്പിന്റെ ആവശ്യകതയാണു്. താഴ്ന്നതരം വായനക്കാരുടെ ഉപയോഗത്തിനായി സംസ്കൃതപദങ്ങളുടേയും മറ്റും അർത്ഥം കാണിക്കുന്ന ഒരു ചെറിയ ടിപ്പണംകൂടി ഇതോടു ചേർത്തിട്ടുണ്ടു്.* ഭാഷാഭിമാനികളുടെ ദയാപൂർവ്വമായ സ്വീകരണത്തെ പ്രതീക്ഷിച്ചുകൊണ്ടു് ഇതിനെ പുറത്തയച്ചുകൊള്ളുന്നു.

തിരുവനന്തപുരം
1090 കർക്കിടകം 20
(1915 ഓഗസ്റ്റ് 5)

ഗ്രന്ഥകർത്താ

---

* ടിപ്പണം ഈ പതിപ്പിൽ ചേർത്തിട്ടില്ല.

Digitized By Kerala Sahitya Akademi

ഹാ! പുഷ്പമേ, അധികതുംഗപദത്തിലെത്ര
ശോഭിച്ചിരുന്നിതൊരു രാജ്ഞികണക്കയേ നീ
ശ്രീ ഭൂവിലസ്ഥിര—അസംശയം—ഇന്നു നിന്റെ—
യാഭൂതിയെങ്ങു, പുനരെങ്ങു കിടപ്പിതോർത്താൽ. 1

ലാളിച്ചു പെറ്റ ലതയൻപൊടു ശൈശവത്തിൽ
പാലിച്ചു പല്ലവപുടങ്ങളിൽവച്ചു നിന്നെ
ആലോലവായു ചെറുതൊട്ടിലുമാട്ടി, താരാ—
ട്ടാലാപമാർന്നു മലരേ, ദലമർമ്മരങ്ങൾ. 2

പാലൊത്തെഴും പുതുനിലാവിലലം കുളിച്ചും
ബാലാതപത്തിൽ വിളയാടിയുമാടലെന്യേ
നീ ലീലപൂണ്ടിളയമൊട്ടുകളോടു ചേർന്നു
ബാലത്വമങ്ങനെ കഴിച്ചിതു നാളിൽ നാളിൽ. 3

ശീലിച്ചു ഗാനമിടചേർന്നു ശിരസ്സുമാട്ടി—
ക്കാലത്തെഴും കിളികളോടഥ മൗനമായ് നീ
ഈ ലോകതത്ത്വമയേ, തെളിവാർന്ന താര—
ജാലത്തൊടുന്മുഖതയാർന്നു പഠിച്ചു രാവിൽ. 4

ഈവണ്ണമൻപൊടു വളർന്നഥ നിന്റെയംഗ—
മാവിഷ്കരിച്ചു ചില ഭംഗികൾ മോഹനങ്ങൾ,
ഭാവം പകർന്നു വദനം, കവിൾ കാന്തിയാർന്നു,
പൂവേ! അതിൽ പുതിയ പുഞ്ചിരി സഞ്ചരിച്ചു. 5

ആരോമലാമഴക്, ശുദ്ധി, മൃദുത്വ, മാഭ
സാരള്യമെന്ന സുകുമാരഗുണത്തിനെല്ലാം
പാരിങ്കലേതുപമ? ആ മൃദുമെയ്യിൽ നവ്യ—
താരുണ്യമേന്തിയൊരു നിൻനില കാണണം താൻ. 6

വൈരാഗ്യമേറിയൊരു വൈദികനാട്ടെ, യേറ്റ
വൈരിക്കുമുമ്പുഴറിയോടിയ ഭീരുവാട്ടെ,
നേരേ വിടർന്നു വിലസീടിന നിന്നെ നോക്കി—
യാരാകിലെന്തു?—മിഴിയുള്ളവർ നിന്നിരിക്കാം! 7

Digitized By Kerala Sahitya Akademi

മെല്ലെന്നു സൗരഭവുമൊട്ടു പരന്നു ലോക-
മെല്ലാം മയക്കി മധുവുന്നളവന്നു നിന്നെ
തെല്ലോ കൊതിച്ചു നഭവോത്ഥികൾ? ചിത്രമല്ല-
തില്ലാർക്കുമിഗ്ഗുണവുമേവമകത്തു തേനും. 8

ചേതോഹരങ്ങൾ സമജാതികളാം സുമങ്ങ-
ളേതും സമാനമഴകുള്ളവയെങ്കിലും നീ
ജാതാനുരാഗമൊരുവന്നു മിഴിക്കു വേദ്യ-
മേതോ വിശേഷസുഭഗത്വമാർന്നിരിക്കാം. 9

''കാലം കുറഞ്ഞ ദിനമെങ്കിലുമർത്ഥദീർഘം,
മാലേറെയെങ്കിലുമതീവമനോഭിരാമം
ചാലേ കഴിഞ്ഞരിയ യൗവന''മെന്നു നിന്റെ-
യീ ലോലമേനി പറയുന്നനുകമ്പനീയം. 10

അന്നൊപ്പമാണഴകു കണ്ടു വരിച്ചിടും നീ-
യെന്നോർത്തു ചിത്രശലഭങ്ങളണഞ്ഞിരിക്കാം
എന്നല്ല, ദൂരമതിൽനിന്നനുരാഗമോതി-
വന്നെന്നുമാം വിരുതനങ്ങൊരു ഭൃംഗരാജൻ. 11

കില്ലില്ലയേ ഭ്രമരവര്യനെ നീ വരിച്ചു
തെല്ലെങ്കിലും ശലഭമേനിയെ മാനിയാതെ
അല്ലെങ്കിൽ നിന്നരികിൽ വന്നിഹ വട്ടമിട്ടു
വല്ലാതിവൻ നിലവിളിക്കുകയില്ലിദാനീം. 12

''എന്നംഗമേകനിഹ തീറുകൊടുത്തുപോയ് ഞാ-
നെന്നന്യകാമുകരെയൊക്കെ മടക്കിയില്ലേ?
ഇന്നോമലേ! വിരവിലെന്നെ വെടിഞ്ഞിടല്ലേ''
എന്നൊക്കെയല്ലി ബത! വണ്ടു പുലമ്പിടുന്നു? 13

ഹാ! കഷ്ട,മാ വിബുധകാമിതമാം ഗുണത്താ-
ലാകൃഷ്ടനായ്, അനുഭവിച്ചൊരു ധന്യനീയാൾ
പോകട്ടെ നിന്നൊടൊരുമിച്ചു മരിച്ചു; നിത്യ-
ശോകാർത്തനായിനിയിരിപ്പതു നിഷ്ഫലംതാൻ! 14

ചത്തീടുമിപ്പൊഴിവനല്പവികല്പമില്ല
തത്താദൃശം വ്യസനകുണ്ഠിതമുണ്ടു കണ്ടാൽ

Digitized By Kerala Sahitya Akademi

അത്യഗ്രമാം തരുവിലും ബത! കല്ലിലും പോയ്
പ്രത്യക്ഷമാണ്ടു തലതല്ലുകയല്ലി ഖിന്നൻ? 15

ഒന്നോർക്കിലിങ്ങിവ വളർന്നു ദൃഢാനുരാഗ—
മന്യോന്യമാർന്നുപയമത്തിനു കാത്തിരുന്നു
വന്നീയപായമഥ കണ്ടളി ഭാഗ്യഹീനൻ
ക്രന്ദിക്കയാം; കഠിനതാൻ ഭവിതവ്യതേ! നീ. 16

ഇന്നല്ലയെങ്കിലയി, നീ ഹൃദയം തുറന്നു
നന്ദിപ്പു വണ്ടു കുസുമാന്തരലോലനായി
'എന്നെച്ചതിച്ചു ശഠൻ' എന്നതു കണ്ടു നീണ്ടു
വന്നേറുമാധിയതു നിന്നെ ഹനിച്ചു പൂവേ! 17

ഹാ! പാർക്കിലീ നിഗമനം പരമാർത്ഥമെങ്കിൽ
പാപം നിനക്കു ഫലമായഴൽപൂണ്ട വണ്ടേ!
ആപത്തെഴും തൊഴിലിലോർക്കുക മുമ്പു; പശ്ചാ—
ത്താപങ്ങളും സാഹസികനിങ്ങനെയെങ്ങുമുണ്ടാം. 18

പോകട്ടതൊക്കെ,യഥവാ യുവലോകമെല്ലു—
മേകാന്തമാം ചരിതമാരറിയുന്നു പാരിൽ?
ഏകുന്നു വാക്പടുവിനാർത്തി വൃഥാപവാദം,
മൂകങ്ങളും പിന്നിവ—പഴിക്കുകിൽ ദോഷമല്ലേ? 19

പോകുന്നിതാ വിരവിൽ വണ്ടിവിടം വെടിഞ്ഞു
സാകൂതമാംപടി പറന്നു നഭഃസ്ഥലത്തിൽ
ശോകാന്ധനായ് കുസുമചേതന പോയ മാർഗ്ഗ—
മേകാന്തഗന്ധമിതു പിന്തുടരുന്നതല്ലീ? 20

ഹാ! പാപമോമൽമലരേ, ബത! നിന്റെമേലും
ക്ഷേപിപ്പിതേ കരുണയറ്റ കരം കൃതാന്തൻ!
വ്യാപാരമേ ഹനനമാം വനവേടനുണ്ടോ
വ്യാപന്നമായ് കഴുകനെന്നു, കപോതമെന്നും? 21

തെറ്റെന്നു ദേഹസുഷമാപ്രസരം മറഞ്ഞു
ചെറ്റല്ലിരുണ്ടു മുഖകാന്തിയതും കുറഞ്ഞു
മറ്റെന്തുരപ്പൂ? ജവമീ നവദീപമെണ്ണ
വറ്റിപ്പുകഞ്ഞഹഹ; വാടിയണഞ്ഞുപോയി. 22

Digitized By Kerala Sahitya Akademi

ഞെട്ടററു നീ മുകളിൽനിന്നു നിശാന്തവായു
തട്ടിപ്പതിപ്പളവുണർന്നവർ താരമെന്നോ
തിട്ടം നിനച്ചു മലരേ ബത! ദിവ്യഭോഗം
വിട്ടാശു ഭുവിലടിയുന്നൊരു ജീവനെന്നോ. 23

അത്യന്തകോമളതയാർന്നൊരു നിന്റെ മേനി-
യെത്തുന്നകണ്ടവനിതന്നെയധീരയായി
സദ്യഃസ്ഫുടം പുളകിതാംഗമിയന്നു പൂണ്ടോ-
രുദ്വേഗമോത്തുമുപകണ്ഠതൃണാംകുരങ്ങൾ. 24

അന്യൂനമാം മഹിമതങ്ങിയൊരാത്മസത്വ-
മെന്യേ നിലത്തു ഗതമൗക്തികശുക്തിപോൽ നീ
സന്നാഭമിങ്ങനെ കിടക്കുകിലും ചുഴന്നു
മിന്നുന്നു നിൻപരിധിയിപ്പൊഴുമെന്നു തോന്നും. 25

ആഹാ! രചിച്ചു ചെറുലൂതകളാശു നിന്റെ
ദേഹത്തിനേകി ചരമാവരണം ദുകൂലം
സ്നേഹാർദ്രയായുടനുഷസ്സുമണിഞ്ഞു നിന്മേൽ
നീഹാരശീകരമനോഹരമന്ത്യഹാരം. 26

താരങ്ങൾ നിൻപതനമോർത്തു തപിച്ചഹോ! ക-
ണ്ണീരായിതാ ഹിമകണങ്ങൾ പൊഴിഞ്ഞിടുന്നു
നേരായി നീഡതരുവിട്ടു നിലത്തു നിന്റെ
ചാരത്തു വീണു ചടകങ്ങൾ പുലമ്പിടുന്നു. 27

ആരോമലാം ഗുണഗണങ്ങളിണങ്ങി, ദോഷ-
മോരാത്തുപദ്രവവുമൊന്നിനു ചെയ്തിടാതെ,
പാരം പരാർത്ഥമിഹ വാണൊരു നിൻ ചരിത്ര-
മാരോർത്തു ഹൃത്തടമഴിഞ്ഞു കരഞ്ഞുപോകാ? 28

കണ്ടീ വിപത്തഹഹ! കല്ലലിയുന്നിതാടൽ-
കൊണ്ടാശു ദിങ്മുഖവുമിങ്ങനെ മങ്ങിടുന്നു
തണ്ടാർസഖൻ ഗിരിതടത്തിൽ വിവർണ്ണനായ് നി-
ന്നിണ്ടൽപ്പെടുന്നു, പവനൻ നെടുവീർപ്പിടുന്നു. 29

എന്തിന്നലിഞ്ഞു ഗുണധോരണി വച്ചു നിന്മേ-
ലെന്തിന്നതാശു വിധിയേവമപാകരിച്ചു?

Digitized By Kerala Sahitya Akademi

ചിന്തിപ്പതാരരിയസൃഷ്ടിരഹസ്യ?മാവ–
തെന്തുള്ളു?—ഹാ! ഗുണികളൂഴിയിൽ നീണ്ടുവാഴാ 30

സാധിച്ച വേഗമഥവാ നിജ ജന്മകൃത്യം
സാധിഷ്ഠർ പോട്ടു്—ഇഹ സദാ നിശി പാന്ഥപാദം
ബാധിച്ച രൂക്ഷശില വാഴ്‌വതിൽനിന്നു മേഘ–
ജ്യോതിസ്സുതൻ ക്ഷണികജീവിതമല്ലി കാമ്യം? 31

എന്നാലുമുണ്ടഴലെനിക്കു വിയോഗമോർത്തും
ഇന്നത്ര നിൻ കരുണമായ കിടപ്പു കണ്ടും
ഒന്നല്ലി നാമയി സഹോദരരല്ലി? പൂവേ!
ഒന്നല്ലി കൈയിഹ രചിപ്പതു നമ്മെയെല്ലാം? 32

ഇന്നീവിധം ഗതി നിനക്കയി പോക! പിന്നെ–
യൊന്നായ്‌ത്തുടർന്നു വരുമാ വഴി ഞങ്ങളെല്ലാം
ഒന്നിന്നുമില്ല നില—ഉന്നതമായ കുന്നു–
മെന്നല്ലയാഴിയുമൊരിക്കൽ നശിക്കുമോർത്താൽ. 33

അംഭോജബന്ധുവിത! നിന്നവശിഷ്ടകാന്തി–
സമ്പത്തെടുപ്പതിനണഞ്ഞു കരങ്ങൾ നീട്ടി;
ജൃംഭിച്ച സൗരഭമിതാ കവരുന്നു വായു
സമ്പൂർണ്ണമായഹഹ! നിന്നുടെ ദായഭാഗം. 34

''ഉല്പന്നമായതു നശിക്കും; അണുക്കൾ നില്ക്കും;
ഉല്പന്നനാമുടൽവെടിഞ്ഞൊരു ദേഹി വീണ്ടും;
ഉല്പത്തി കർമ്മഗതിപോലെ വരും ജഗത്തിൽ''
കല്പിച്ചിടുന്നിവിടെയിങ്ങനെയാഗമങ്ങൾ. 35

ഖേദിക്കകൊണ്ടു ഫലമില്ല; നമുക്കതല്ല
മോദത്തിനും ഭുവി വിപത്തുവരാം ചിലപ്പോൾ;
ചൈതന്യവും ജഡവുമായ് കലരാം ജഗത്തി–
ലേതെങ്കിലും വടിവിലീശ്വരവൈഭവത്താൽ. 36

ഇപ്പശ്ചിമാബ്ധിയിലണഞ്ഞൊരു താരമാമാ–
ലുല്പന്നശോഭമുദയാദ്രിയിലെത്തിടുമ്പോൾ
സൽപുഷ്പമേ,യിവിടെ മാഞ്ഞു സുമേരുവിന്മേൽ
കല്പദ്രുമത്തിനുടെ കൊമ്പിൽ വിടർന്നിടാം നീ. 37

Digitized By Kerala Sahitya Akademi

സംഫുല്ലശോഭമെത്ര കണ്ടു കുതുഹലംപൂ—
ണ്ടമ്പോടടുക്കുമളിവേണികൾ ഭൃഷ്ടയായ് നീ
ഇമ്പത്തെയും സുരയുവാക്കളിലേകി രാഗ—
സമ്പത്തെയും സമധികം സുകൃതം ലഭിക്കാൻ. 38

അല്ലെങ്കിലാ ദ്യുതിയെഴുന്നമരർഷിമാർക്കു
ഫുല്ലപ്രകാശമിയലും ബലിപുഷ്പമായി
സ്വർല്ലോകവും സകലസംഗമവും കടന്നു
ചെല്ലാം നിനക്കു 'തമസഃപരമാം' പദത്തിൽ. 3

ഹാ! ശാന്തിയൗപനിഷദോക്തികൾതന്നെ നല്കും
ക്ലേശിപ്പതാത്മപരിപീഡനമജ്ഞയോഗ്യം;
ആശാഭരം ശ്രുതിയിൽ വയ്ക്കുക നമ്മൾ, പിന്നെ—
യീശാജ്ഞപോലെ വരുമൊക്കെയുമോർക്ക പൂവേ! 40

കണ്ണേ, മടങ്ങുക, കരിഞ്ഞുമലിഞ്ഞുമാശു
മണ്ണാകുമീ മലരു, വിസ്മൃതമാകുമിപ്പോൾ
എണ്ണീടുകാർക്കുമിതുതാൻ ഗതി, സാദ്ധ്യമെന്തു
കണ്ണീരിനാൽ? അവനി വാഴ്വു കിനാവു, കഷ്ടം! 41

★

Digitized By Kerala Sahitya Akademi

Digitized By Kerala Sahitya Akademi